# മലയാള ചെറുകഥാ സാഹിത്യം

CORE COURSE

For

# BA MALAYALAM

II SEMESTER

(2014 Admission)

CUCBCSS

**UNIVERSITY OF CALICUT**

**SCHOOL OF DISTANCE EDUCATION**

CALICUT UNIVERSITY PO, MALAPPURAM, KERALA, INDIA - 673 635

542

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

## BA MALAYALAM

II SEMESTER

CORE COURSE

# മലയാള ചെറുകഥാ സാഹിത്യം

**Prepared by:** - *Sri. Kamarudheen Parappil*
*Ass. Professor*
*Dept. of Malayalam*
*Farooq College, Kozhikode -673 632*

Layout: Computer Section, SDE

(c)
Reserved

| ഉള്ളടക്കം | പേജ് നമ്പർ |
|---|---|
| മൊഡ്യൂൾ – I | 7 |
| മൊഡ്യൂൾ – II | 20 |
| മൊഡ്യൂൾ – III | 33 |
| മൊഡ്യൂൾ – IV | 47 |

# സെമസ്റ്റർ - II
## കോഴ്സ് - 2
## മലയാള ചെറുകഥാ സാഹിത്യം

പഠനസമയം 108 മണിക്കൂർ
ക്രെഡിറ്റ്–5

**ഉദ്ദേശലക്ഷ്യങ്ങൾ:**

മലയാളത്തിലെ ഏറ്റവും ജനകീയ ഗദ്യാഖ്യാനരൂപമായ ചെറുകഥയെ കുറിച്ചുള്ള സവിശേഷ പഠനമാണ് ഉദ്ദേശ്യം. ചെറുകഥാചരിത്രത്തിലെ വ്യത്യസ്ത കാലഘട്ടങ്ങളെയും പ്രവണതകളെയും പഠനവിധേയമാക്കണം. ചെറുകഥയുടെ സാങ്കേതികതകളെക്കുറിച്ചുള്ള സാമാന്യധാരണ ഉണ്ടാവണം. ചെറുകഥയുടെ സാംസ്കാരിക വിശകലനത്തിലൂടെ വിദ്യാർത്ഥികളിൽ ആസ്വാദനശേഷിയും സർഗ്ഗാത്മക സിദ്ധിയും വളർത്തണം.

**മൊഡ്യൂൾ–1**

ചെറുകഥ–നിർവ്വചനങ്ങൾ–പ്രാഗ് രൂപങ്ങൾ–നാടോടി കഥപാരമ്പര്യം, ലോകകഥ – ഗദ്യവികാസം–അച്ചടിവിപ്ലവം – ആനുകൂലിക പ്രസിദ്ധീകരണങ്ങൾ –കൊളോണിയൽ സ്വാധീനം–ആദ്യകാല കഥാകൃത്തുക്കൾ –ജീവിത പരിവർത്തനത്തിന്റെ മുദ്രകൾ – നവോത്ഥാന കഥ –ദേശീയത – സ്വാതന്ത്ര്യസമരം – സാമൂഹിക മുന്നേറ്റങ്ങൾ –റിയലിസം –കേസരിയുടെ സംഭാവന –ശിൽപഭദ്രത – രൂപവും ഭാവവും.

**വിശദപഠനത്തിന്**

1. ദ്വാരക – വേങ്ങയിൽ കുഞ്ഞിരാമൻ നായർ
2. ടൈഗർ – ബഷീർ
3. ഉതുപ്പാന്റെ കിണിർ – കാരൂർ
4. ചോലമരങ്ങൾ – സരസ്വതിഅമ്മ

**മൊഡ്യൂൾ –2**

സ്വാതന്ത്ര്യപ്രാപ്തി – പട്ടാളകഥകൾ – പുതിയ ലോകബോധം–ഭൂപരിഷ്കരണം–വിമോചനസമരം–വ്യക്തിബോധം–മന:ശാസ്ത്ര വിശകലനങ്ങൾ –കാവ്യാത്മക റിയലിസം–ആത്മനിഷ്ഠ–ഗ്രാമ–നഗര സംഘർഷം–ആവിഷ്കരണ രീതിയിൽ വന്ന മാറ്റങ്ങൾ.

**വിശദപഠനത്തിന്**

1. ശിലാലിഖിതം – എം.ടി. വാസുദേവൻ നായർ
2. മകൻ – ടി. പത്മനാഭൻ
3. ആർക്കറിയാം – സക്കറിയ
4. വാസ്തുഹാര – ശ്രീരാമൻ

**മൊഡ്യൂൾ –3**

ആധുനികത–മാറുന്ന ജീവിത പരിസരങ്ങൾ – നഗരവൽക്കരണം– സ്വത്വപ്രതിസന്ധി–ആഖ്യാന പരിസരങ്ങൾ – അസ്തിത്വവാദം – മാറുന്ന സ്ഥലകാല ബോധങ്ങൾ – കറുത്ത ഹാസ്യം – രാഷ്ട്രീയ ആധുനികത – മിത്തിന്റെ രാഷ്ട്രീയ വായന– ശിഥിലബിംബങ്ങൾ– പുതിയ ഭാവുകത്വം

**വിശദപഠനത്തിന്**

1. മുണ്ഡനം ചെയ്യപ്പെട്ട ജീവിതം – എം. മുകുന്ദൻ
2. നാലാംയാമം – എം. സുകുമാരൻ
3. ചരിത്ര പുരുഷൻ – ടി.വി. കൊച്ചുബാവ. (വിടിപ്പോൾ നിശബ്ദമാണ്)
4. പന്തിഭോജനം – സന്തോഷ് എച്ചിക്കാനം

**മൊഡ്യൂൾ –4**

മാറിയ ലോകത്തിന്റെ പ്രതിനിധാനം – ആധുനികത– പുതിയ നൈതിക സമസ്യകൾ– ഉപഭോഗ സംസ്കാരം – അധിനിവേശം – ദലിത് തിരിച്ചറിവുകൾ – പ്രവാസലോകം – സമകാലികമുഖം – ആഗോളീകരണം – പാരസ്ഥിതികാവബോധം

**വിശദപഠനത്തിന്**

1. അമ്മ വന്നു – വി. പി. ശിവകുമാർ
2. ഭ്രാന്ത് – സി. അയ്യപ്പൻ
3. ദാ നോക്കൂ ഒരു പല്ലി – പ്രിയ. എ. എസ്.
4. തൽപം – സുഭാഷ് ചന്ദ്രൻ

**സഹായകഗ്രന്ഥങ്ങൾ:**

1. മലയാളചെറുകഥാ സാഹിത്യചരിത്രം – ഡോ. എം.എം. ബഷീർ
2. ചെറുകഥാസാഹിത്യം – എം. പി. പോൾ
3. ചെറുകഥ ഇന്നലെ, ഇന്ന് – എം. അച്യുതൻ
4. കഥാപഠനങ്ങൾ – പി. കെ. പരമേശ്വരൻ നായർ (ഗ്രന്ഥാവലി)
5. കഥ, ആഖ്യാനവും അനുഭവസത്തയും – കെ. പി. അപ്പൻ
6. ചെറുകഥയുടെ ഛംദസ്സ് – വി. രാജകൃഷ്ണൻ
7. കഥയുടെ കഥ – കെ. എസ്. രവികുമാർ
8. 100 വർഷം 100 കഥ – കെ. എസ്. രവികുമാർ
9. കഥയും ഭാവുകത്വ പരിണാമവും – കെ. എസ്. രവികുമാർ.

# മൊഡ്യൂൾ – 1

**I**

1. 'ബാഹ്യമോ ആന്തരമോ ആയ ഒരൊറ്റ സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാവനാസൃഷ്ടി എന്ന് ചെറുകഥയെ നിർവചിച്ചത് ?

ഉ. സോമർ സെറ്റ് മോം

21. ഒരു ചെറുകഥയിൽ ഒരേയൊരാശയമേ നിബന്ധിക്കാവൂ എന്ന് നിർദ്ദേശിച്ചത് ?

ഉ. ഹഡ്സൺ

3. 'ചെറുകഥയുടെ 'ദർശനം'എന്ന കൃതി രചിച്ചത് ?

ഉ. ബ്രാണ്ടർ മാത്യൂസ് (1885)

4. 'പത്തൊമ്പതാം ശതകത്തിന്റെ പുത്രിയാണ് ചെറുകഥ' എന്ന് അഭിപ്രായപ്പെട്ടത് ?.

ഉ. എലിസബത്ത് ബോവൻ.

5. "രണ്ടു പേർ തമ്മിലുള്ള നാതിദീർഘ സംഭാഷണം" എന്ന് ചെറുകഥയെ നിർവചിച്ചത് ?.

ഉ. വില്യം സരോയൺ.

6. പ്രാചീന കഥാരൂപങ്ങൾ തലമുറകളായ് പ്രചരിച്ചിരുന്നത്.........ലൂടെയായിരുന്നു.

ഉ. വായ്മൊഴി.

7. കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന വായ്മൊഴിക്കഥകളെ ചൊൽക്കഥകൾ, പാട്ടുകഥകൾ , പാട്ടുകഥകൾ എന്നു രണ്ടായി വിഭജിച്ചത് ?

ഉ. കെ. എസ്. രവികുമാർ.

8. 'ഐതിഹ്യകഥകൾ' ആരുടെ കൃതിയാണ് ?

ഉ. കൊട്ടാരത്തിൽ ശങ്കുണ്ണി

9. ഇന്ത്യയിൽ പ്രചരിപ്പിച്ചിരുന്ന ഏറ്റവും പ്രാചീനമായ കഥ ആയി കണക്കാക്കപ്പെടുന്നത് ?.

ഉ. ജാതകകഥകൾ

10. ജാതകകഥകളുടെയും ഉപനിഷദ് കഥകളുടെയും ലക്ഷ്യം എന്തായിരുന്നു. ?

ഉ. ധർമ്മോപദേശം.

11. പഞ്ചതന്ത്രകഥകളുടെ പ്രധാന ഉദ്ദേശ്യം എന്ത് ?

ഉ. ഭരണ തന്ത്രബോധനം.

12. ബോധി സത്യൻ ധർമ്മോപദേശം സമയങ്ങളിൽ പൂർവ്വകാല അവതാരകഥകൾ വിവരിക്കും വിധ മാണ്.............കഥകളുടെ രചന

ഉ. ജാതക

13. 'ബൃഹത് കഥാ പരമ്പര' യുടെ കർത്താവ് ?

ഉ. ഗൂണാഡ്യൻ

14. വിക്രമാദിത്യനോട് വേതാളം പറയുന്ന കഥകളുടെ സമാഹാരമാണ്.......

ഉ. വേതാള പഞ്ചവിംശതി.

15. 'ദശകുമാരചരിതം' ആദ്യകാല കഥാഗ്രന്ഥത്തിന്റെ കർത്താവ് ?

ഉ. ദണ്ഡി

16. ഫേബ്ളിയോ എന്ന കഥാരൂപത്തിന്റെ സവിശേഷത എന്ത് ?

ഉ. പദ്യരൂപത്തിൽ രചിക്കപ്പെട്ട തമാശക്കഥയാണിത്.

17. ഫേബ്ളിയോ ഏതു രാജ്യത്താണ് പ്രാധാന്യപൂർവ്വം പ്രചരിച്ചത് ?

ഉ. ഫ്രാൻസിൽ

18. ഡക്കാമറാൻ കഥകളുടെ പ്രയോക്താവ് ?

ഉ. ബോക്കാച്ചിയോ (ഇറ്റലി)

19. ഫേബ്ളിയോവിന്റെ ഗദ്യരൂപമെന്നു വിശേഷിപ്പിക്കപ്പെടുന്നത് ?

ഉ. ബൊക്കാച്ചിയോവിന്റെ 'ഡക്കാമറാൺ കഥകൾ'
20. ജർമ്മനിയിലും ഇറ്റലിയും 'ഡക്കാമറാൻ കഥകൾ ' ------എന്ന പേരിലാണ് അറിയപ്പെട്ടത് ?
ഉ. നോവല്ല
21. 'കാന്റർബറി കഥകൾ ' ആരാണ് തയ്യാറാക്കിയത് ?
ഉ. ചോസർ (ഇംഗ്ലണ്ട്)
22. അറബിക്കഥ ആദ്യമായി പരിഭാഷപ്പെടുത്തിയത് ?
ഉ. കരുണാകര മേനോൻ
23. കേരളത്തിൽ മുദ്രണം ചെയ്യപ്പെട്ട ആദ്യ മലയാള കഥാസമാഹാരം ?
ഉ. ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ളീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ (1824)
24. 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ളീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ' എന്ന കൃതിയുടെ ലക്ഷ്യം എന്തായിരുന്നു. ?
ഉ. മതപ്രബോധനമായിരുന്നു അതിലെ എട്ടു കഥകളുടെയും ലക്ഷ്യം.
25. ഒരു കുട്ടിയുടെ മരണം (1847) വിഷത്തിന് മരുന്ന് (1848) എന്നീ ആദ്യകാല മിഷനറി കഥകൾ അച്ചടിച്ചു വന്നത് ഏത് പ്രസിദ്ധീകരണത്തിൽ ?
ഉ. രാജ്യസമാചാരം.
26. 'ആനയേയും തുന്നനേയും കുറിച്ചുള്ള കഥ' പ്രസിദ്ധികരിച്ച മാസിക ?
ഉ. ജ്ഞാന നിക്ഷേപം (1849 ആഗസ്റ്റ്)
27. മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യമതേതരകഥ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന കഥ '
ഉ. ആനയേയും തുന്നനേയും കുറിച്ചുള്ള കഥ.
28. വിദ്യാലയ പാഠപുസ്തകങ്ങളിലൂടെ ചെറുകഥ വളർച്ചയ്ക്ക് അവസരമൊരുക്കിയത് ?.
ഉ. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ
29. മലയാളത്തിലെ ആദ്യത്തെ കഥയായി പരക്കെ അംഗികരിക്കപ്പെട്ട കൃതി. ?
ഉ. വാസനാവികൃതി
30. ' വാസനാ വികൃതി' എന്ന കഥയുടെ രചയിതാവ് ?
ഉ. വേങ്ങയിൽ കുഞ്ഞിരാമൻനായനാർ.
31. വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'വാസനാവികൃതി' പ്രസിദ്ധീകരിക്കപ്പെട്ട മാസിക ?
ഉ. വിദ്യാവിനോദിനിയിൽ (1066 കുംഭം)
32. 'കേസരി' എന്ന തൂലികാ നാമത്തിൽ സാഹിത്യ രചന നിർവ്വഹിച്ച ആദ്യകാല കഥാകാരൻ ?
ഉ. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ (1860–1914)
33. 'വാസനാവികൃതി' പ്രകാശിതമായ വർഷം ?
ഉ. 1891–ൽ
34. 'ദ്വാരക ' എന്ന കഥ രചിച്ചത് ?
ഉ. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
35. എം.ആർ.കെ.സി. എന്ന് അറിയപ്പെട്ടിരുന്ന കഥാകാരൻ.
ഉ. ചെങ്കുളത്ത് ചെറിയ കുഞ്ഞിരാമ മേനോൻ
36. 'വസ്തുസ്ഥിതി കഥ അഥവാ സാഹചര്യകഥ ' എന്ന് എം.പി. പോൾ വിശേഷിപ്പിച്ചത് ഏതു കഥയെ ?
ഉ. 'ദ്വാരകയെ'
37. 'ദ്വാരക ഒരു ചെറുകഥയല്ല, അതൊരു സ്വപ്നാഖ്യാനമാണ്. ജീവചരിത്രക്കുറിപ്പിലെ ഒരു ഏടു പോലെ വായിച്ചുപോകാവുന്നത് '– എന്ന് അഭിപ്രായപ്പെട്ടത് ?
ഉ. പ്രൊഫ. എം.അച്യുതൻ.
38. 'ദ്വാരക' എന്ന കഥ ഏതു സമാഹാരത്തിലാണ് ഉള്ളത് ?

ഉ. കേസരി

39. വ്യക്തിസ്വഭാവത്തിലും സാമുദായിക ജീവിതത്തിലും ഉണ്ടാകാറുള്ള വികലതകളെ നർമ്മം കലർത്തി അവതരിപ്പിക്കുന്ന ആദ്യകാല കഥാകാരനാണ്.....

ഉ. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

40. 'ദ്വാരക' യിൽ കഥാപാത്രമായിട്ടുള്ള കപ്പലിന്റെ പേര് ?

ഉ. ഹിമവാൻ.

41. " വിദൂര ഭൂതകാലത്തിന്റെയും എഴുതപ്പെട്ട കാലത്തിന്റെ ചരിത്രം, രാഷ്ട്രീയം, ഭൗതിക ജീവിതം എന്നിവയുടെയും അടയാളങ്ങളും ആധുനികാവബോധത്തിന്റെ ചരിത്ര മുദ്രകളും രാഷ്ട്രീയ ചിഹ്നങ്ങളും ' ദ്വാരക'യിൽ പതിഞ്ഞിട്ടുണ്ട് " എന്ന് അഭിപ്രായപ്പെട്ടത് ?

ഉ. ഇ.പി. രാജഗോപാലൻ.

42. " ആദ്യകാല മലയാള ചെറുകഥകളുടെ സാമാന്യരീതിയിൽ നിന്ന് ഭിന്നമായി ഒട്ടേറെ അടരുകളുള്ള രചനയാണ് ദ്വാരക " എന്ന് അഭിപ്രായപ്പെട്ടത് ?

ഉ. കെ. എസ്. രവികുമാർ.

43. " ഏതെങ്കിലും കാലദേശാദികളുടെ ആന്തരികമോ ബാഹ്യമോ ആയ അവസ്ഥയുടെ പ്രതീതി ജനിപ്പിക്കുക ലക്ഷ്യമായ അന്തരീക്ഷ കഥകളുടെ മാതൃകയായി 'ദ്വാരക' യെ ചൂണ്ടിക്കാണിക്കാമെന്ന് പ്രസ്താവിച്ചത് ?

ഉ. എം.പി.പോൾ.

44. 'കഥ ജീവിതത്തിന്റെ ചെറിയ ലോകചിത്രമാണ്. അല്ലെങ്കിൽ ചെറിയ അനുഭവലോകമാണ്. ഓരോ കാലത്തിന്റെയും പ്രത്യയശാസ്ത്രങ്ങൾ, സൗന്ദര്യബോധം സാംസ്കാരിക നിമിഷങ്ങൾ എന്നിവയെല്ലാം അനുഭവചിത്രങ്ങളായി ആദ്യം രൂപപ്പെടുന്നത് കഥയിലാണ്. " എന്ന് അഭിപ്രായപ്പെട്ടത് ആര് ?

ഉ. കെ. പി. അപ്പൻ.

45." ഭാഷയിൽ ചെറുകഥയെഴുതുന്ന സമ്പ്രദായം ഇദം പ്രഥമമായി തുടങ്ങിയത് മൂർക്കോത്തു കുമാരനാണെന്നു തോന്നുന്നു." എന്ന് പ്രസ്താവിച്ചത്?

ഉ. മൂളിയിൽ കേശവൻ.

46. ഈസോപ്പുകഥകൾ പ്രചരിപ്പിച്ചിരുന്നത് എവിടെ ?.

ഉ. ഗ്രീസിൽ (ബി.സി. ആറിൽ)

47. " പഴമയെ ഞെട്ടിപ്പിക്കുന്നതും യാഥാസ്ഥിതികരുടെ മുഖത്ത് ആഞ്ഞു പ്രഹരിക്കുന്നതും സാമൂഹ്യ ജീവിതത്തിലെ ദുരാചാരദുഷ്ടതകളെ നിർഭയം വിമർശിക്കുന്നതുമായ പിപ്ലവകരമായ റിയലിസ്റ്റിക് ജീവിതകഥകളിലേക്കുള്ള വളർച്ചയുടെ മുന്നോടി ആണ് വി.ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട്, എം.ആർ. ബി. തുടങ്ങിയവരുടെ റിയലിസം " എന്നു അഭിപ്രായപ്പെട്ടത് ?

ഉ. എം. അച്യുതൻ.( ചെറുകഥ ഇന്നലെ, ഇന്ന്)

48. 'ദ്വാരക' എന്ന കഥയിലെ വിദ്യുച്ഛക്തി ശാസ്ത്രപടു ആയ കഥാപാത്രമാണ്......

ഉ. മാർട്ടിൻ ജയിംസ്.

49. ചെറുകഥകളെ സംഭവപരം, സ്വഭാവവർണ്ണനാപരം, സ്ഥിതി വിവരണപരം എന്നു മൂന്നായി വിഭജിച്ചത് ആര് ?

ഉ. ഉള്ളൂർ എസ്. പരമേശ്വരയ്യർ.

50. 'കഥയും ഭാവുകത്വപരിണാമവും ' എന്ന പഠനം തയ്യാറാക്കിയത് ?

ഉ. കെ. എസ്. രവികുമാർ.

51. '100 വർഷം 100 കഥ' എന്ന കഥാസമാഹാരത്തിന്റെ എഡിറ്റർ ?

ഉ. കെ.എസ്. രവികുമാർ.

52. 1950–ലെ ലോകചെറുകഥാമത്സരത്തിൽ സമ്മാനം നേടിയ ടി.കെ.സി. വടുതലയുടെ കഥയാണ്.....

ഉ. രണ്ടു തലമുറ.

53. 'ചെറുകഥാ പ്രസ്ഥാനം' എന്ന ഗ്രന്ഥം രചിച്ചത് ?

ഉ. എം.പി.പോൾ.

54. 'ചെറുകഥ –ഇന്നലെ , ഇന്ന് ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ?
ഉ. എം. അച്യുതൻ.
55. 'ചെറുകഥയുടെ ഛന്ദസ്സ്' എന്ന പഠനം തയ്യാറാക്കിയത് ?.
ഉ. വി. രാജകൃഷ്ണൻ
56. 'കഥ'= ആഖ്യാനവും അനുഭവസത്തയും ' എന്ന പുസ്തകം ആരുടേത് ?
ഉ. കെ. പി. അപ്പൻ.
57. 'കഥ – വാക്കും വഴിയും' എന്ന കൃതി രചിച്ചത് ?
ഉ. കെ. എസ്. രവികുരമാർ.
58. 'ബേപ്പൂർ സുൽത്താൻ ' എന്ന് അറിയപ്പെടുന്ന എഴുത്തുകാരൻ
ഉ. വൈക്കം മുഹമ്മദ് ബഷീർ.
59. ബഷീറിന്റെ മരണാനന്തരം പ്രസിദ്ധീകരിക്കപ്പെട്ട കൃതി ?
ഉ. യാ ഇലാഹീ. !
60. കഥ, കവിത, ലേഖനം എന്നിവയുടെ സങ്കലനമായ ബഷീർ കൃതിയാണ്.....
ഉ. യാ ഇലാഹീ !
61. ചിരിക്കുന്ന മരപ്പാവ എന്ന കഥാസമാഹാരം എഴുതിയത് ?
ഉ. വൈക്കം മുഹമ്മദ് ബഷീർ.
62. 'ടൈഗർ ' എന്ന പ്രശസ്തനായ രാഷ്ട്രീയ കഥ ഏതു കൃതിയിലാണ് ഉള്ളത് ?
ഉ. ജന്മദിനം.
63. തടവുകാർ തങ്ങളുടെ ക്രോധം മുഴുവൻ തീർക്കുന്നത് ആരോട് ?
ഉ. ടൈഗറിനോട്.
64. തടവുകാർ ടൈഗറിനെ രഹസ്യമായി........എന്നു വിളിച്ചു. ?
ഉ. ഇൻസ്പെക്ടർ
65. പോലീസ് സ്റ്റേഷനകത്ത് ശൂരനായ ടൈഗർ ഭീരുവാകുന്നത് എപ്പോൾ. ?
ഉ. സ്റ്റേഷനുപുറത്തെ ചാവാലിപ്പട്ടിയെ കാണുമ്പോൾ.
66. ലോക്കപ്പുകളിലെ അതിദയനീയവും അതിക്രൂരവുമായ അവസ്ഥയാണ്.....എന്ന കഥയുടെ ഇതിവൃത്തം.
ഉ. ടൈഗർ.
67. 'പൂവമ്പഴം' എന്ന ശീർഷകത്തിൽ കഥ എഴുതിയ പ്രാധാനികൾ.
ഉ. വൈക്കം മുഹമ്മദ് ബഷീർ, കമലാ സുരയ്യ, കാരൂർ നീലകണ്ഠപിള്ള.
68. ടൈഗർ ജനിച്ചത് എവിടെ ?
ഉ. തെരുവിലെ ഏതോ തെണ്ടിപ്പട്ടിയുടെ മകനായി നഗരത്തിലെ ഓടയിൽ.
69. തടവുകാർക്ക് ആകെ ഉണ്ടായിരുന്ന ചിന്തയും ആർത്തിയും എന്തിനെക്കുറിച്ചാണ്. ?
ഉ. ആഹാരത്തെക്കുറിച്ച്.
70. ഇൻസ്പെക്ടർക്കും റൈറ്റർക്കും സൗജന്യമായി ഊണും കാപ്പിയും നൽകുന്നതിന്റെ നഷ്ടം ഹോട്ടലുടമ എങ്ങനെയാണ് നികത്തിയത് ?
ഉ. തടവുകാർക്കുള്ള ഗവൺമെന്റ് തുകയിൽ നിന്ന്.
71. കമ്പിയഴികൾക്കിടയിലൂടെ കൈ നീട്ടി ടൈഗറെ തടവിക്കൊണ്ട് തടവുകാർ പറഞ്ഞത് എന്ത് ?
ഉ. 'ഞങ്ങളുടെ ചോറാണ്: '
72. വൈക്കം മുഹമ്മദ് ബഷീർ രചിച്ച ആദ്യ കഥയാണ്.....
ഉ. തങ്കം.
73. നായയെ കേന്ദ്രമാക്കി 'വെള്ളപ്പൊക്കത്തിൽ ' എന്ന കഥ രചിച്ചത് ?
ഉ. തകഴി ശിവശങ്കരപ്പിള്ള
74. വളർത്തുനായയുടെ ആത്മഗതങ്ങളിലൂടെ മുന്നേറുന്ന 'ശേഖൂട്ടി' എന്ന കഥ എഴുതിയ

യത് ?

ഉ. ടി. പത്മനാഭൻ.

75. മലയാളത്തിൽ തുടർക്കഥകളുടെ അവതാരകനായി അറിയപ്പെടുന്നത്. ?

ഉ. വൈക്കം മുഹമ്മദ് ബഷീർ.

76. ' ഒരു ഹ്യൂമനിസ്റ്റും ഹ്യൂമറിസ്റ്റുമായ കഥാകാരൻ" എന്ന് നിരൂപകനായ എം. അച്യുതൻ വിശേഷിപ്പിച്ചത് ആരെ ?

ഉ. വൈക്കം മുഹമ്മദ് ബഷീറിനെ

77. 'ധർമ്മരാജ്യം' എന്ന പേരിൽ ഒരു ലേഖനമെഴുതി തിരുവിതാംകൂറിലെ ഭരണത്തെ നിശിതമായി വിമർശിച്ച എഴുത്തുകാരൻ ?

ഉ. വൈക്കം മുഹമ്മദ് ബഷീർ.

78. 'ഉതുപ്പാന്റെ കിണർ 'എന്ന കഥ രചിച്ചത് ?

ഉ. കാരൂർ.

79. കാരൂർ എന്ന പേരിൽ പ്രശസ്തനായ കഥാകൃത്തിന്റെ മുഴുവൻ പേര് ?.

ഉ. കാരൂർ നീലകണ്ഠപിള്ള.

80. അധ്യാപകരുടെ അവശതകൾ പരിഹരിക്കാൻ അധ്യാപകസമാജം രൂപീകരിച്ചതിന് ജോലിയിൽ നിന്നും പിരിച്ചുവിടപ്പെട്ട കഥാകൃത്ത്. ?

ഉ. കാരൂർ നീലകണ്ഠ പിള്ള.

81. കാരൂരിന്റെ ജീവിത കാലം ?

ഉ. 1893 – ഫെബ്രുവരി 22 – 1975 ഒക്ടോബർ 22

82. കാരൂർ നീലകണ്ഠ പിള്ള ജനിച്ചതെവിടെ ?.

ഉ. ഏറ്റുമാനൂരിൽ.

83. 1969 ൽ കേരള സാഹിത്യ അകാദമി അവാർഡ് നേടിയ കഥാകൃത്ത് ?

ഉ. കാരൂർ നീലകണ്ഠപിള്ള ( മോതിരം)

84. 'പൊതിച്ചോറ്' എന്ന കഥ എഴുതിയത് ?

ഉ. കാരൂർ.

85. കാരൂരിന്റെ ആദ്യകഥ ഏത് ?

ഉ. ഭൃത്യവാത്സല്യം.

86. 'ഭൃത്യവാത്സല്യം ' എന്ന കഥയ്ക്ക് പില്ക്കാലത്ത് നൽകിയ തലക്കെട്ട് എന്ത് ?.

ഉ. അന്നത്തെ കൂലി.

87. കാരൂർകഥകളെ 'മന്ദസ്മിത പ്രസ്ഥാനം' എന്ന് വിശേഷിപ്പിച്ചത് ആര് ?

ഉ. സി.ജെ. തോമസ്.

88. സ്കൂൾ അനുഭവങ്ങൾ വിഷയമാകുന്ന 'സ്കൂൾ ഡയറി' രചിച്ചത് ആര് ?

ഉ. അക്ബർ കക്കട്ടിൽ.

89. "പരാജയ പ്രസ്ഥാനക്കാരനായ (റിയലിസ്റ്റിക്) കാരൂരിന്റെ കഥകളിലെ വിഷാദം ആസന്നമായ സമുദായിക വിപ്ലവത്തിന്റെ മുന്നോടിയാണ് " എന്നു പ്രസ്താവിച്ചത് ?

ഉ. കേസരി എ. ബാലകൃഷ്ണപിള്ള.

90. ആധുനിക കഥ കറുത്ത ഫലിതത്തിന്റെ കഥയാണ് " എന്ന് നിരീക്ഷിച്ചത് ?

ഉ. കെ. പി. അപ്പൻ.

91. റിയലിസ്റ്റിക് പ്രസ്ഥാനത്തെ ' പരാജയ പ്രസ്ഥാനം ' എന്ന് വിശേഷിപ്പിച്ചത് ?

ഉ. കേസരി എ. ബാലകൃഷ്ണപിള്ള

92. 'കാരൂർ കഥാപഠനങ്ങൾ ' എന്ന ഗ്രന്ഥത്തിന്റെ എഡിറ്റർ ?

ഉ. എം.എം. ബഷീർ.

93. കാരൂരിന്റെ 'ഉതുപ്പാന്റെ കിണർ ' എഴുതപ്പെട്ട വർഷം.

ഉ. 1946

94. " ഇന്ന് ഈ കഥയ്ക്ക് അസാമാന്യമായ ഒരു പ്രസക്തിയുണ്ട്. ഏത് ഐഡിയലിസവും ഇന്ന് ഉതുപ്പാന്റെ കിണർ മാത്രമാണ്. ഈ കഥയുടെ ഭാവം മറ്റെന്നത്തേക്കാളുമുപരി ഇന്ന് സ്വീകാര്യമാണ് " – ആരുടെ അഭിപ്രായമാണിത് ?

ഉ. വി.പി. ശിവകുമാർ.

95. കാരൂർ കഥകളെ വിശപ്പിന്റെ കഥകൾ, ഗാർഹികകഥകൾ ആദർശകഥകൾ, മനസ്സിന്റെ കഥകൾ എന്ന നാലു വിഭാഗങ്ങളാക്കി തരം തിരിക്കാമെന്ന് അഭിപ്രായപ്പെട്ടത് ?

ഉ. ഡോ. ജെ. സെൽവരാജ് താപസ് (കാരൂരിന്റെ കല)

96. 'കേരളത്തിലെ സാമൂഹ്യനവോത്ഥാനവും സാഹിത്യവും' എന്ന കൃതി രചിച്ചത്. ?

ഉ. ഡോ. എൻ. സാം.

97. കാരൂരിന്റെ ഉതുപ്പാൻ എന്ന കഥാപാത്രത്തിന്റെ ആദർശഭ്രമത്തിന് മതിയായ പിൻബലമില്ല എന്നു വിമർശിച്ചത് ?

ഉ. കുട്ടികൃഷ്ണമാരാർ (കൈവിളക്ക് )

98. 'വ്യക്തി മനസ്സിനെ അവഗണിച്ചുകൊണ്ട് സമൂഹമനസ്സിൽ ഊന്നിയതാണ് ' ഉതുപ്പാന്റെ കിണർ ' എന്ന കഥയുടെ പരാജയം' എന്നു അഭിപ്രായപ്പെട്ടത് ആര് ?

ഉ. ഡോ. എം.എം. ബഷീർ (കാരൂർ കഥാപഠനം)

99. ഉതുപ്പാന്റെ ആത്മഹത്യയ്ക്ക് മതിയായ യുക്തി കഥയിൽ കൊണ്ടുവരാൻ കാരൂരിനു കഴിഞ്ഞിട്ടില്ലെന്ന് അഭിപ്രായപ്പെട്ടത് ?

ഉ. കുട്ടികൃഷ്ണമാരാർ (കൈവിളക്ക്)

100. നിശ്ചിതമായ രൂപത്തോടുകൂടിയതും കാര്യകാരണബന്ധത്താൽ സുഘടിതവും ഏകബീജാസ്പദവുമായ കഥയാണ് ചെറുകഥയുടെ ഇതിവൃത്തം' എന്നു നിർദ്ദേശിച്ച വിമർശകൻ ?

ഉ. എം.പി. പോൾ (ചെറുകഥാ പ്രസ്ഥാനം)

101. സ്ത്രീ വിമോചനപ്രസ്ഥാനങ്ങൾ ശക്തിപ്രാപിക്കാതിരുന്ന കാലത്ത് , പുരുഷ മേധാവിത്വത്തിനെതിരെ ഒറ്റക്കുനിന്നു പൊരുതിയ കഥാകാരി ?

ഉ. ( 1919 –1975)

102. മലയാളത്തിലെ ആദ്യസ്വതന്ത്ര കഥാകാരി ?

ഉ. എം. സരസ്വതീഭായി

103. എം. സരസ്വതീ ഭായിയുടെ ആദ്യകഥ ?

ഉ. തലച്ചോറില്ലാത്ത സ്ത്രീകൾ

104. മലയാളത്തിലെ ആദ്യ പ്രണയകഥയായി പരിഗണിക്കപ്പെടുന്നത് ?

ഉ. കല്ല്യാണിക്കുട്ടി (ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ)

105. 'ആയിരത്തൊന്നുരാവുകൾ' എന്ന അറബിക്കഥ ആദ്യമായി മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തത് ?

ഉ. കരുണാകരമേനോൻ.

106. 'ദ്വാരക'യിൽ ജലമജ്ജന കവചം ധരിച്ച് കടലിനടിയിൽ നിന്നും പൊട്ടിപ്പോയ കമ്പിഎടുക്കാമെന്ന ആശയം ആരുടേതായിരുന്നു.

ഉ. മാർട്ടിന്റേത്.

107. "നമ്മുടെ ചെറുകഥാ സാഹിത്യത്തിലെ ഏകാന്ത വിസ്മയം" എന്ന് ജി. എൻ. പണിക്കർ വിശേഷിപ്പിച്ചത് ആരെ ?

ഉ. കെ. സരസ്വതി അമ്മയെ

108. സാത്വികലാവണ്യവതികൾക്ക് പകരം ബൗദ്ധികമൂർച്ചയുള്ള സ്ത്രൈണ സ്വത്വങ്ങളെ കഥാപാത്രങ്ങളായി അവതരിപ്പിച്ച കഥാകാരിയാണ്....

ഉ. സരസ്വതിയമ്മ

109. കെ. സരസ്വതിയമ്മയുടെ 'ചോലമരങ്ങൾ' എന്ന കഥ എഴുതപ്പെട്ട വർഷം ?

ഉ. 1954.

110. "പശ്ചാത്തപിക്കേണ്ട പ്രവൃത്തിയിൽ നിന്ന് രക്ഷപ്പെട്ടു എന്നാണെന്റെ വിശ്വാസം. അവനോന്റെ സുഖത്തിനുവേണ്ടി അരുതാത്തത് ചെയ്ത് അന്യരെ ദു:ഖിപ്പിച്ചാലല്ലേ പശ്ചാത്തപിക്കേണ്ടത് " എന്ന് അഭിപ്രായപ്പെട്ടത് ?

ഉ. ലില്ലിക്കുട്ടി (ചോലമരങ്ങൾ)

111. " താൻ കാരണം മതാചാരങ്ങൾ അവളെ കൊന്നു കളഞ്ഞു അവളെയിനി ജീവിക്കാൻ ആരാലും സാധ്യമല്ല." എന്ന് കുറ്റബോധം തോന്നിയത് ആർക്ക് ?

ഉ. ലില്ലിക്കുട്ടിയുടെ പൂർവ്വകാല കാമുകൻ ആയ മധുവിന്.

112. " ആ കന്യാസ്ത്രീ മഠത്തിന്റെ ഗംഭീരമായ ഗേറ്റ് തുറന്ന് ആ കാവിവസ്ത്രക്കാരൻ ഉള്ളിലേക്ക് കടന്നു ". എന്ന് ആരംഭിക്കുന്ന കഥയാണ്.....

ഉ. ചോല മരങ്ങൾ.(കെ. സരസ്വതിയമ്മ)

113. " ദൈവ ഭക്തിയല്ല എനിക്കുള്ളത്. പച്ചയായ മനുഷ്യസ്നേഹം ഭൗതികദു:ഖത്തെ നിസ്സാര മായിക്കാണുന്ന വേദാന്ത മന:സ്ഥിതി ഇന്നും എനിക്ക് കിട്ടിയിട്ടില്ല. " ആരുടെ വാക്കുകൾ. ?

ഉ. കന്യാമഠത്തിൽ മദറിനോട് നന്ദി പറയാനെത്തിയ സന്യാസിയുടെ വാക്കുകൾ.

114. ഉതുപ്പാനെ സംബന്ധിച്ചിടത്തോളം അവന്റെ ഉറക്കുപാട്ട് എന്താണ് ?

ഉ. ഉദരത്തിന്റെ പരാതി.

115. കേൾവിക്കാർക്ക് രസം തോന്നിയില്ലെങ്കിലും അവൻ അന്നു കണ്ടവരോടൊക്കെ കിണറ്റിൽ വെള്ളം കണ്ട കഥ പറഞ്ഞു, ആര് ?

ഉ. ഉതുപ്പാൻ

116. കിണറ് കുത്തി നാട്ടുകാർക്ക് സമർപ്പിച്ച ഉതുപ്പാന്റെ പ്രവൃത്തിയെ ആളുകൾ കണ്ടത്.......... ആയാണ്.

ഉ. ഭ്രാന്ത്

117. 'ടൈഗർ' എന്ന കഥ ബഷീർ എഴുതിയത് ........?

ഉ. അദ്ദേഹം കൊല്ലം ലോക്കപ്പിൽ കഴിയുമ്പോഴാണ്.

118. കൊല്ലം ലോക്കപ്പിൽ കഴിയുമ്പോൾ ബഷീർ എഴുതിയ കഥകളാണ്.....

ഉ. ടൈഗർ, ഇടിയൻ പണിക്കർ, പോലീസുകാരന്റെ മകൻ

119. സർക്കാരിനോടും പോലീസിനോടും ജയിൽ പുള്ളികൾക്കുള്ള മനോഭാവത്തെ ഏറ്റവും കലാ പരമായി ആവിഷ്കരിക്കുന്ന ശക്തിമത്തായ കഥയാണ്.....

ഉ. ടൈഗർ.

1. നോവൽ സാഹിത്യത്തിൽ നിന്ന് ചെറുകഥാസാഹിത്യത്തെ വ്യത്യസ്തമാക്കുന്ന ഘടകമെന്തെല്ലാം ?

ഉ. അധികം വർണ്ണനകളോ കഥാപാത്രങ്ങളോ ക്രിയാസന്ദർഭങ്ങളോ ചെറുകഥയലുണ്ടാവില്ല. കരു ത്തുറ്റതും ഔചിത്യം നിറഞ്ഞതുമായ അനുഭവമോ മനോഭാവമോ മറ്റോ വളരെ സാന്ദ്രമായും ഏകഗ്രമായും ചെറുകഥയിലൂടെ കഥാകൃത്ത് അവതരിപ്പിക്കാൻ ശ്രമിക്കുന്നു. പ്രസന്നമായ ഭാഷയും ചൈതന്യപൂർണ്ണമായ ആവിഷ്കാരവും ചെറുകഥയെ മാറ്റുള്ളതാക്കുന്നു.

2. ചെറുകഥയുടെ സവിശേഷതകൾ വിവരിക്കുക.

രൂപപരമായ ഹ്രസ്വതയും ശിൽപദാർഢ്യവും, അനുഭൂതിുടെ സൂക്ഷമമായ ആവിഷ്കരണം, ഏകാ ഗ്രതയും ധ്വന്യാത്മതയും, വികാരതീവ്രമായ അവതരണം.

3. ചെറുകഥാ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് സംഭാവന നൽകിയ ലോകസാഹിത്യകാരന്മാർ ?

ഉ. അമേരിക്കക്കാരായ എഡ്ഗാർ അലൻ പോ, വാഷിങ്ടൺ ഇർവിൻ, നഥാനിയൽ ഹാത്തോൺ, ബ്രെറ്റ് ഹാർത്തെ, ഹെൻറി ജയിംസ്, റഷ്യക്കാരായ ആന്റൺ ചെഖോവ്, നിക്കോളായ് ഗോഗോൾ, ഫ്രാൻസുകാരായ ഗീദെ മൊപ്പസാങ്, സോമർ സെറ്റ് മോം, ബോദ്‌ലയർ, ബൽസാക്ക്, ഫ്ളോബർ.

4. ലോകപ്രശക്തരായ ഏതാനും ചെറുകഥാകൃത്തുക്കളുടെ പേരെഴുതുക.

ഉ. കാതറീൻ മാൻസ് ഫീൽഡ്, റുഡ്യാർഡ് കിപ്ലിംഗ്, ജെയിംസ് ജോയ്സ്, ഷെർവുഡ് ആൻഡേഴ്സൺ, വില്യം ഫോക്നർ, വില്യം സരോയൻ, ഏണസ്റ്റ് ഹെമിംഗവേ, മാക്സിം ഗോർക്കി, ടർജനീവ, ഒ. ഹെന്റി, സി.എച്ച്. ലോറൻസ്, ലിയോ ടോൾസ്റ്റോയ്, വില്യം ഫോക്നർ.

5. ഇന്ത്യയിൽ പ്രചാരത്തിലുണ്ടായിരുന്ന പ്രാചീനകലാരൂപങ്ങൾ ഏതെല്ലാം ?

ഉ. പഞ്ചതന്ത്രകഥകൾ, ജാതകകഥകൾ, വിക്രമാദിത്യൻ കഥകൾ, കഥാസരിത് സാഗരം, ദശകുമാര ചരിതം.

6. ഇന്ത്യയിൽ പ്രചരിച്ച വിശ്വപ്രസിദ്ധവും പ്രാചീനവുമായ കഥകൾ ഏതെല്ലാ ?

ഉ. ആയിരത്തൊന്നുരാവുകൾ, കുലീന വദിംന, പേർഷ്യൻ കഥകൾ, ഈസോപ്പുകഥകൾ, ഡക്കാമറാൺ കഥകൾ, കാന്റർബറി കഥകൾ.

7. പരമ്പരാഗത കഥാരൂപങ്ങളിൽ നിന്ന് ഇക്കാലത്തെ ചെറുകഥകളെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

ഉ. യുക്തിഭദ്രമായി അവതരിപ്പിക്കുന്ന ഇതിവൃത്തം, യഥാർത്ഥ മനുഷ്യരുടെ ഛായയും പ്രകൃതിയും ഉള്ള കഥാപാത്രങ്ങൾ, വിശ്വസനീയവും ആസ്വാദ്യവുമായ ജീവിത ചിത്രീകരണം, കഥാപാത്രങ്ങളുടെ മനോഭാവം പ്രകടമാക്കുന്ന ആവിഷ്കാരം, ഗുണപാഠത്തേക്കാൾ മനുഷ്യജീവിത സന്ദർഭങ്ങൾക്കും അവസ്ഥകൾക്കും പ്രാധാന്യം നൽകിയുള്ള ആഖ്യാനം, കഥയിൽ തുടിച്ചു നിൽക്കുന്ന കഥാകാരന്റെ വ്യക്തിത്വവും നിലപാടുകളും.

8. കേരളത്തിൽ മാത്രം പ്രചാരത്തിൽ ഉണ്ടായിരുന്ന ആദ്യകാല കഥാരൂപങ്ങൾ ഏതെല്ലാം ?

ഉ. കൂത്തിലും കൂടിയാട്ടത്തിലും വിഭൂഷകർ അവതരിപ്പിക്കുന്ന ഉപകഥകൾ. പടയാണിയിലെ ഉപകഥകൾ, വടക്കൻ പാട്ടുകളിലെയും തെക്കൻ പാട്ടുകളിലെയും കഥകൾ, പാട്ടുകഥകൾ, മാപ്പിളപ്പാട്ടിലെ കഥകൾ, മിഷണറികഥകൾ, കേരളവുമായി ബന്ധപ്പെട്ട ഐതൃഹ്യകഥകൾ.

9. മലയാളത്തിലെ ആദ്യകാല കഥാകൃത്തുക്കളിൽ പ്രധാനികൾ ?

ഉ. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ (1980–1914) മൂർക്കോത്തു കുമാരൻ(1874–1941) സി.എസ്. ഗോപാലപ്പണിക്കർ (18721930) അമ്പാടി നാരായണപൊതുവാൾ (1871–1936) ചെങ്കുളത്ത് ചെറിയ കുഞ്ഞിരാമ മേനോൻ(1881–1939) ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ (1869–1916) കെ. സുകുമാരൻ (1876–1956) കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ (1882–1959) അപ്പൻ തമ്പുരാൻ(1876–1941).

10. മലയാള ചെറുകഥാസാഹിത്യത്തിലെ ആദ്യകാല കഥകളുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം ?.

ഉ. സംഭവങ്ങളുടെ വിവരണങ്ങളായിരുന്നു പല കഥകളും. ചെറുകഥയുടെ ഘടനയോ ഏകാഗ്രതയോ പാലിക്കപ്പെട്ടിരുന്നില്ല. അത്ഭുതം, വിനോദം, സങ്കല്പം, സാഹസികത, നർമ്മം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകപ്പെട്ടിരുന്നു. സാമൂഹ്യപ്രശ്നങ്ങൾ തീരെ വിഷയമായി സ്വീകരിക്കപ്പെട്ടിരുന്നില്ല. പലപ്പോഴും ചെറുനോവലുകളായി അവയിൽ പലതും.

11. വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ പ്രധാന കഥകൾ ?

ഉ. ദ്വാരക, മദിരാശി, പിത്തലാട്ടം, വാസനാവികൃതി.

12. വേങ്ങയിൽ കുഞ്ഞിരാമൻ നായർ സ്വീകരിച്ച തൂലികാ നാമങ്ങൾ ഏതൊക്കെ ?

ഉ. കേസരി, വജ്രബാഹു, വജ്രസൂചി, ദേശാഭിമാനി, സ്വദേശമിത്രൻ, വിഭൂഷകൻ.

13. വേങ്ങയിൽ കുഞ്ഞിരാമൻ നായരുടെ കഥകളുടെ പ്രത്യേകതക എന്ത് ?

ഉ. നാടൻ ശൈലിയും പ്രാദേശിക ഭാഷണവും ചേർന്ന രസകരമായ ആഖ്യാനരീതി. ജീവതത്തിലെ വികലതകളെ നർമ്മഭാവത്തിൽ അവതരിപ്പിക്കാനുള്ള ശേഷി. അനായാസമായി ജീവതി യാഥാർത്ഥ്യത്തെ ആവിഷ്കരിക്കാനുള്ള പ്രതിഭാവിലാസം.

14. മലയാള കഥാപ്രസ്ഥാത്തിന്റെ ആദ്യകാല വളർച്ചക്ക് പ്രോത്സാഹനമേകിയ പ്രധാന പ്രസിദ്ധീകരണങ്ങൾ ?

ഉ. വിദ്യാവിനോദിനി, വിദ്യാവിലാസിനി, രസികരഞ്ജിനി, ജനരഞ്ജിനി, ആത്മപോഷിണി, ഭാഷാ

പോഷിണി, കവനോദയം, കഥാകൗമുദി.

15. മലയാള കഥകളെയും കഥയെഴുത്തുകാരെയും ആറ് തലമുറകളായി വിഭജിക്കുന്നതിന് കുഞ്ഞിക്കണ്ണൻ വാണിമേൽ (കഥയുടെ ആറാം കാലം ) സ്വീകരിക്കുന്ന വ്യത്യസ്തമാപനങ്ങൾ ഏതെല്ലാം ?

ഉ. കഥയുടെ കാലഘട്ടം, ആഖ്യാനരീതി, സൗന്ദര്യാവബോധം, ജീവിത നിരീക്ഷണം, സാമൂഹിക ശാസ്ത്രാഭിമുഖ്യം, ഭാഷ.

16. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ പ്രതികരിച്ച കഥാകാരന്മാർ ?

ഉ. വി.ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരി, എം.ആർ. ബി.

17. ആദ്യ കാല കഥാകാരന്മാരിൽ പരിഗണിക്കപ്പെടാവുന്നവർ ?

ഉ. സി. പി. അച്യുതമേനോൻ, സി. വി. കുഞ്ഞിരാമൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഇ.വി. കൃഷ്ണപിള്ള.

18. മനുഷ്യനെ സാമൂഹികവും പ്രാദേശികവുമായ സ്ഥലത്ത് വച്ച് കാണുകയും മാനസികതയെ ഉയർത്തിപ്പിടിക്കുകകയും ചെയ്ത നവോത്ഥാന കാല കഥാകൃത്തുക്കളിൽ പ്രാധാനികൾ.

ഉ. വൈക്കം മുഹമ്മദ് ബഷീർ, എസ്. കെ. പൊറ്റക്കാട്, പി. കേശവദേവ്, ശിവശങ്കരപ്പിള്ള തകഴി, പൊൻകുന്നം വർക്കി.

19. മലയാള ചെറുകഥയുടെ നവോത്ഥാന ഘട്ടത്തിനു സാഹചര്യമൊരുക്കിയ ഘടകങ്ങൾ എന്തെല്ലാം ?

ഉ. ലോകമഹായുദ്ധങ്ങളുണ്ടാക്കിയ നാശനഷ്ടങ്ങൾ , റഷ്യ പോലുള്ള രാജ്യങ്ങളിലുണ്ടായ വിപ്ലവ പ്രവർത്തനങ്ങൾ, പുരോഗമ സാഹിത്യ പ്രസ്ഥാനങ്ങൾ അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, വക്കം അബ്ദുൾ ഖാദർ മൗലവി തുടങ്ങിയ മഹാന്മാരുടെ നേതൃത്വ ത്തിൽ നടന്ന സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ പാശ്ചാത്യലോകവുമായുള്ള സമ്പർക്കം, പത്രമാസികകളുടെ പ്രചാരവും പ്രോത്സാഹനവും, കേസരി ബാലകൃഷ്ണപിള ളയെപോലുള്ള വിമർശകരുടെ ഇടപെടൽ.

20. വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രധാന കഥാസമാഹാരങ്ങൾ ?

ഉ. ഓർമ്മക്കുറിപ്പ്, പാവപ്പെട്ടവരുടെ വേശ്യ, വിശപ്പ് , വിഡ്ഢികളുടെ സ്വർഗം, വിശ്വവിഖ്യാതമായ മൂക്ക്, അനർഘ നിമിഷം, ചിരിക്കുന്ന മരപ്പാവ, പ്രേമലേഖനം, ജന്മദിനം, മൂച്ചീട്ടുകളിക്കാരന്റെ മകൾ.

21; ബഷീർ തടവറയുടെ ചിത്രം പകർത്തിവച്ചത് എങ്ങനെ ?

ഉ. വെളിച്ചവും കാറ്റും കടക്കാത്ത മുറികളിൽ മലമൂത്രാദികളുടെ ദുർഗന്ധവും മൂട്ടകളുടെ കടിയും അസഹനീയമാം വിധത്തിൽ ഉണ്ടെങ്കിലും കീറവസ്ത്രങ്ങൾ ചുറ്റി, താടി മീശ വളർന്ന വിളർത്ത മനുഷ്യക്കോലങ്ങൾക്ക് ഒരേയൊരു മഹാപ്രശ്നമാണ് ഉള്ളത്. വിശപ്പ്, വിശപ്പിനുമു ന്നിൽ മറ്റൊന്നും പ്രശ്നമല്ലാത്ത അവസ്ഥ.....". രാത്രി ഉറങ്ങാൻ കിടക്കുന്നത് രാവിലത്തെ കഞ്ഞി കുടിക്കാനാണ്. കഞ്ഞി കുടി കഴിഞ്ഞാൽ ഉച്ച ഭക്ഷണമാണ് മനസ്സിലാകെ.

22. ടൈഗറിനെ സംബന്ധിച്ചിടത്തോളം മനുഷ്യവർഗത്തിൽ രണ്ട് ഇനമേയുള്ളൂ– ആരൊക്കെ ?

ഉ. പോലീസുകാരും കുറ്റവാളികളും.

23. "തടവുകാരന്റെ സ്വർഗമാണ് ജയിൽ അവന്റെനരകം പോലീസ് ലോക്കപ്പ് ആണ് " വിവക്ഷ എന്ത് ?

ഉ. ലോക്കപ്പിൽ കഴിയുന്ന തടവുകാർക്ക് കൊടും പീഡനങ്ങളാണ് അനുഭവിക്കേണ്ടിവരുന്നത്. വിശപ്പും ദാഹവും അവരെ മറ്റെന്തിനേക്കാളും ബുദ്ധിമുട്ടിക്കുന്നു. ലോക്കപ്പിൽ നിന്ന് ഉടൻ ജയിലിത്താൻ അവർ ഓരോരുത്തരും അതിയായി ആഗ്രഹിക്കുന്നു. പോലീസ് മർദ്ദനം ഭയക്കേ ണ്ടതില്ല. സമയത്തിന് ഭക്ഷണം ലഭിക്കുകകയും ചെയ്യും.

24. തടവുകാർക്ക് ക്രമേണ പരാതികൾ ഇല്ലാതായി എങ്ങനെ ?

ഉ. തടവുകാർക്ക് കൃത്യമായി ഭക്ഷണം ലഭിക്കുന്നില്ല. പോലീസ് ഇൻസ്പെക്ടർ സമൃദ്ധമായി

ഭക്ഷണം കഴിക്കുകകയും ഒരാൾക്കു വേണ്ടത്ര ചോറ് ടൈഗർ എന്ന നായക്ക് നൽകുകയും ചെയ്യുന്നു. ഇതു കണ്ടു തടവറയിലുള്ളവർക്ക് വായിൽ വെള്ളമൂറും. ചെയ്തിട്ടില്ലാത്ത കുറ്റങ്ങൾക്ക് ശിക്ഷ വാങ്ങി തടവറയിൽ കഴിയുന്ന അവർക്കു കിട്ടേണ്ട ചോറാണ് ടൈഗർ സമൃദ്ധമായി കഴിക്കുന്നത്. " വിശപ്പ് അടങ്ങുന്നില്ല ഞങ്ങൾക്ക് ഗവൺമെന്റിൽ നിന്ന് കിട്ടാനുള്ളത് തരണം " എന്ന് ആവശ്യപ്പെട്ട തടവുകാർക്ക് പോലീസുകാരിൽ നിന്നും കൊടിയ മർദ്ദനം ഏറ്റുവാങ്ങേണ്ടിവന്നു. ഹോട്ടൽകാരനും പോലീസ് ഇൻസ്പെക്ടറും തമ്മിലുള്ള രഹസ്യധാരണ കാരണം തടവറക്കാരുടെ ചോറും ഇതര ആനുകൂല്യങ്ങളും നിന്നുപോയി. പരാതി ഉന്നയിച്ചവർക്ക് ബോധം നഷ്ടമാകും വരെ തല്ല് കിട്ടാൻ തുടങ്ങിയപ്പോൾ തടവുകാർ തങ്ങളുടെ ആവശ്യങ്ങളും കാര്യങ്ങളും ഉന്നയിക്കാതെ ആയി.

25. " ഞങ്ങൾക്ക് വിശപ്പടങ്ങുന്നില്ല. ഗവൺമെന്റിൽ എന്നു നിശ്ചയിച്ച തുകയ്ക്കുള്ളത് ഞങ്ങൾക്ക് കിട്ടണം " സന്ദർഭം ഏത് ?

ഉ. വേണ്ടുവോളം ഭക്ഷണം ലഭിക്കാതെ തടവറയിലുള്ളവർ പ്രയാസപ്പെടുന്നു. അവർക്കു ഭക്ഷണത്തിനായി ഗവൺമെന്റ് ഒരു നിശ്ചിത തുക ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, ഇൻസ്പെകടറും ഹോട്ടലുകാരനും തമ്മിലുള്ള ധാരണ പ്രകാരം തടവുകാർക്ക് പ്രസ്തുത തുകയ്ക്ക് ഉള്ള ആഹാരം ലഭിക്കുന്നില്ല. അതേ സമയം തെരുവിൽ നിന്നും വന്ന ചാവാലിപ്പട്ടിയായ 'ടൈഗറിന് വേണ്ടുവോളം ഭക്ഷണം ലഭിക്കുന്നുമുണ്ട്. സഹികെട്ട് ഒരിക്കൽ ചിലർ പറഞ്ഞു. ' ഞങ്ങൾക്ക് വിശപ്പടങ്ങുന്നില്ല. ഗവൺമെന്റിൽ നിന്നു നിശ്ചയിച്ച തുകയ്ക്കുള്ളത് ഞങ്ങൾക്ക് കിട്ടണം. " പക്ഷേ, കിട്ടിയത് പോലിസുകാരുടെ ഇടിയും ഇൻസ്പെക്ടറുടെ ബൂട്ട്സിന്റെ ചവിട്ടും ആയിരുന്നു. പോരാത്തതിനു ഇൻസ്പക്ടറുടെ അവഞ്ജ നിറഞ്ഞ ചോദ്യവും: "ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത് ! നിന്റെ എല്ലാം തന്തയല്ലേ ഗവൺമെന്റ്" അതിനുശേഷം ആരും പിന്നെ പരാതിപ്പെട്ടില്ല.

26. " കണ്ടോ, നമ്മുടെ ഇൻസ്പെക്ടറുടെ വരവ് ?"

ഉ. ടൈഗറിനെ തടവുപുള്ളികൾ 'ഇൻസ്പെക്ടർ എന്നാണ് രഹസ്യമായി വിളിപ്പിച്ചിരുന്നത്. പോലീസുകാരുടെയുടെ ടൈഗറിന്റെയും കണ്ണുകൾക്ക് ഒരേ രൂക്ഷതയാണ്. ടൈഗർ വെളിയിൽ പൊതുവേ പോകാറില്ല. മഹാഭീരുവാണെങ്കിലും മറ്റേതു പട്ടി സ്റ്റേഷനകത്തേക്ക് വന്നാലും ഒരു കടുവയുടെ ശൗര്യത്തോടെ ടൈഗർ ഭയങ്കരമായി കുരയ്ക്കും. എന്നാൽ പോലീസ് സ്റ്റേഷന്റെ വെളിയിൽ പോകുമ്പോൾ ഏതെങ്കിലും ഒരു ചാവാളിപ്പട്ടിയെ കണ്ടാൽ മതി. ടൈഗർ വാൽ തളർത്തി. പിൻകാലുകളുടെ ഇടയിലൂടെ ഒതുക്കി അകത്തേക്ക് ഓടിപ്പോരും. അത്തരം ഒരു കാഴ്ച കണ്ട് രാഷ്ട്രിയത്തടവുകാരിൽ ഒരാൾ ചിരിച്ചുകൊണ്ടു പറഞ്ഞ വാക്കുകളാണ് ഇത്.

27. " ആ ടൈഗർ നായയോളം ഭാഗ്യം തടവുകാർക്കുണ്ടായിരുന്നെങ്കിൽ " ? സന്ദർഭം ഏത് ?

ഉ. ലോക്കപ്പിൽ, രാഷ്ട്രീയ തടവുകാരെ കാണാൻ സുഹൃത്തുക്കൾ വന്ന സമയം. വിശേഷങ്ങൾ പങ്കുവയ്ക്കുന്നതിനിടെ നാട്ടിലെ ക്ഷാമത്തെ കുറിച്ചു തടവുകാർ അറിയുന്നു. ലോക്കപ്പിനകത്തും തങ്ങൾ ആ ക്ഷാമം അനുഭവിക്കുന്നു എന്നു തടവുകാർ പറഞ്ഞു. തടവകാർക്ക് സുഖകരമായ ആഹാരമുള്ളതിനാൽ വിഷമം ഒന്നും അറിയേണ്ടതില്ല. ഭാഗ്യവാന്മാർ എന്ന് ആഗതരിലൊരാൾ പറഞ്ഞപ്പോൾ ഒരു തടവുകാരൻ പറയുന്ന വാക്യമാണ് ഇത്.

28. 'ആ കാഴ്ച നാല്പത്തിഅഞ്ചു തടവുകാരും ഒമ്പതോളം പോലീസുകാരും കണ്ടതാണ്–എതു കാഴ്ച ?

ഉ. തടവുകാരുടെ ചില സുഹൃത്തുക്കൾ അവരെ സന്ദർശിക്കാനെത്തിയപ്പോൾ പലഹാരങ്ങളും ഭക്ഷണവും കൊണ്ടുവന്നു. ആവോളം കഴിച്ചു മിച്ചം വന്ന ഭക്ഷണം മറ്റു തടവുകാർക്ക് അവർ നൽകി. ബാക്കി ഉണ്ടായിരുന്ന ഇരുപത്തൊന്നു പേർക്ക് കഷ്ടിച്ച് ഓരോ പിടി ചോറേ ഉണ്ടാകുമായിന്നുള്ളൂ. ഇതിനിടെ നിലത്ത് വീണ ചോറു തിന്നാനെത്തിയ ടൈഗറെ ഒരുതടവുകാരൻ മോന്തക്ക് തൊഴിച്ചു. ഭയങ്കരമായ മോങ്ങിയ ടൈഗറിന്റെ സഹായത്തിന് ഇൻസ്പെക്ടറും കൂട്ടരും എത്തി. കുറ്റക്കാരനെന്നു സംശയിക്കപ്പെട്ട തടവുകാരനെ പോലീസ് ഇടിച്ചു. അയാളുടെ പല്ല് തെറിച്ചു വീഴുകയും ബോധരഹിതനാവുകയും ചെയ്തു. ഈ കാഴ്ചയാണ് പരാമർശിക്കപ്പെടുന്നത്.

29. ബഷീർ രചിച്ച രാഷ്ട്രീയാംശമുള്ള ചില കഥകൾ ?

ഉ. കൈവിലങ്ങുകൾ, പൊലീസുകാരന്റെ മകൾ, ജയിൽ പുള്ളിയുടെ ചിത്രം, ജന്മദിനം, ടൈഗർ

30. കാരൂരിന്റെ പ്രധാന കൃതികൾ ?

ഉ. അമ്പലപ്പറമ്പിൽ, മരപ്പാവകൾ, പൂവമ്പഴം, മോതിരം, മേൽവിലാസം, അസ്ട്രോളജർ, ഇരുട്ടിൽ, ഗൃഹനായിക, ഒരു പിടി മണ്ണ്, മീൻകാരി, കാരൂർ കഥകൾ.

31. കാരൂർ കഥകളുടെ സവിശേഷത എന്തെല്ലാം ?

ഉ. ലളിതമായ പ്രതിപാദനശൈലി, മിതത്വം, ആത്മാർത്ഥത, മനുഷ്യനന്മയിലുള്ള പ്രതീക്ഷ, കഥാപാത്ര ങ്ങളുടെ അന്തരംഗങ്ങളെ മനോഹരമായി അനാവരണം ചെയ്യാനും ഗ്രാമാന്തരീക്ഷത്തിന്റെ ശാലീന സൗന്ദര്യം ആവിഷ്കരിക്കാനുമുള്ള ശേഷി.

32. കെ. സരസ്വതി അമ്മയുടെ പ്രധാന കഥാസമാഹാരങ്ങൾ ?

ഉ. പെൺബുദ്ധി, എല്ലാം തികഞ്ഞ ഭാര്യ, കീഴ്ജീവനക്കാരി, വിവാഹസമ്മാനം, കനത്ത മതിൽ, പൊന്നുങ്കുടം, ചുവന്ന പൂക്കൾ, സരസ്വതിഅമ്മയുടെ സമ്പൂർണ്ണ കൃതികൾ.

33. മലയാള ചെറുകഥാ സാഹിത്യത്തിലെ ശ്രദ്ധേയരായ കഥാകാരികൾ. ?

ഉ. കെ. സരസ്വതിയമ്മ, ലളിതാംബികാ അന്തർജനം, രാജലക്ഷമി, പി. വത്സല, മാധവിക്കുട്ടി, സാറാതോമസ്, പി.ആർ. ശ്യാമള, മാനസി, പ്രിയ എ. എസ്, കെ. ആർ മിര, ബി.എം. സുഹറ, ഖദീജ മുംതാസ്, മൈന ഉമൈബാൻ.

34. " അദ്ദേഹം ഉറങ്ങി എഴുന്നേൽക്കുന്നതിനു മുമ്പെ നമുക്കാ പ്രവൃത്തി കഴിച്ചേക്കാം." – സന്ദർഭം ഏത് ?

ഉ. വേങ്ങയിൽ കുഞ്ഞിരാമൻ നായരുടെ 'ദ്വാരക' എന്ന കഥയിൽ ഉറങ്ങാൻ കിടന്ന നായനാരെ സഹ പ്രവർത്തകനായ മാർട്ടിൽ വിളിച്ചുണർത്തുന്നു. കടലിലാണ്ട ദ്വാരക കാണാൻ തയ്യാറാണെങ്കിൽ രാത്രി തന്നെ കടലിലിറങ്ങാം എന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. വയസ്സനായ മാലുമിക്കത്ര ധൈര്യം ഉണ്ടാവാനിടയില്ല. അതിനാൽ അയാൾ ഉറങ്ങി എഴുന്നേൽക്കും മുമ്പേ ജല മജ്ജനകവചം ധരിച്ച് കടലിലിറങ്ങാം എന്ന ധാരണയിൽ അവർ എത്തുന്നു.

35. "ഇതെന്തൊറക്കാണടോ നേരം ഉച്ചയാവാറായില്ലേ ? എന്താ ഹേ നിലവിളിക്കുന്നത് ?
സന്ദർഭം എഴുതുക. ?

ഉ. 'ദ്വാരക' എന്ന വേങ്ങയിൽ കുഞ്ഞിരാമൻനായർ ഏറെ ഹൃദ്യമായ രീതിയിൽ അവതരിപ്പിച്ച കഥയാണ്. ജലമജ്ജനകവചം ധരിച്ച് കടലിലേക്ക് ഇറങ്ങുന്നതും എന്നോ ജലത്തിലാണ്ട ദ്വാരകയും കടലിലെ മറ്റു വിസ്മയങ്ങളും ആസ്വാദ്യമായി അവതരിപ്പിക്കപ്പെടുന്നു. ഒരു അനുഭവവിതരണം പോലെ മുന്നേറുന്ന ആഖ്യാനത്തിൽ ഒരു 'ട്വിസ്റ്റ്' ഉണ്ടാക്കുകയാണ് മേലുദ്ധരിച്ച വാക്യത്തിലൂടെ കഥാകാരൻ ചെയ്യുന്നത്. ഇതുവരെ വിവരിച്ച യാത്രയെല്ലാം സ്വപ്നമായിരുന്നു എന്ന് വായനക്കാരെ കഥാകാരൻ ബോധ്യപ്പെടുത്തുന്നു.

36. മലയാള സാഹിത്യത്തിലെ ആദ്യകാല കഥാകാരികൾ ?

ഉ. എം. സരസ്വതീഭായി, ചമ്പത്തിൽ ചിന്നമ്മു അമ്മാൾ, ലക്ഷ്മിക്കുട്ടി വാരസ്യാർ, വി. മാധവിയമ്മ, അമ്പാടി കാർത്യായനിയമ്മ.

37. 'പരാർത്ഥത, പ്രയോജനം കൂടുന്തോറും ക്രമേണ ഇടുങ്ങിയിടുങ്ങി സ്വാർത്ഥതയിൽ ചെന്നവസാനിക്കുന്നു എന്നു തോന്നിപ്പോകും അതിലേ നടക്കുമ്പോൾ ? സന്ദർഭം എഴുതുക

ഉ. കെ. സരസ്വതിയമ്മയുടെ 'ചോലമരങ്ങൾ ' എന്ന കഥയിൽ കന്യാസ്ത്രീ മഠത്തിലേക്ക് പ്രവേശിക്കുന്ന കാവിവസ്ത്രക്കാരൻ മഠാങ്കണത്തിൽ വളർന്നു പന്തലിച്ച വൃക്ഷങ്ങളുടെ മനോഹാരിത കണ്ട് ആസ്വദിക്കുന്നു. ഗേറ്റിനടുത്തുനിന്നു കെട്ടിടംവരെ നട്ടുവളർത്തിയ മരങ്ങളിൽ പക്ഷേ, ഫലവൃക്ഷങ്ങൾ കായ്ക്കുന്നവ കെട്ടിടം സമീപിക്കുന്തോറുമാണ് കണ്ടുതുടങ്ങുന്നത്. മനുഷ്യന്റെ പരാർത്ഥതയുടെ പ്രയോജനം വർദ്ധിക്കുന്തോറും കുടുസ്സായി സ്വാർത്ഥതയിൽ ചെന്ന് എത്തുന്നു എന്ന് അതിലേ നടക്കുന്നവർക്ക് തോന്നും.

38. 'ലില്ലിപ്പൂവ് കാണുമ്പോൾ ചെമ്പരത്തിപ്പൂവിനെ ഓർക്കുന്നപോലൊരു വൈരുദ്ധ്യഭാവമുണ്ട് ആ ചലനത്തിനിടയിൽ" – വിവക്ഷ എന്ത് ?

ഉ. കന്യാമഠത്തിലെത്തിയ സന്യാസി അവിടെ പാടിക്കേട്ട ഏതോ ഗാനത്തിൽ തന്റെ പൂർവ്വകാല സ്മരണകളിലേതിന്റെയോ സാന്നിധ്യം അറിയുന്നു. എന്നാൽ കൃത്യമായി അതെന്താണെന്ന് തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയിലുമായി വിഷമിക്കുന്നു. ഈ അവസ്ഥയെ പരാമർശിക്കുകകയാണ് ഇവിടെ.

39. " ഹൃദയത്തെ അടക്കി നിർത്തി ബുദ്ധികൊണ്ട് ആലോചിച്ച് പറയണം " ലില്ലികുട്ടി ഇതു പറയാനുണ്ടായ സാഹചര്യം എന്ത് ?

ഉ. കന്യാസ്ത്രീ മഠത്തിൽ വളരെ യാദൃശ്ചികമായി കണ്ടുമുട്ടിയ സന്യാസിയും മദറും പൂർവ്വകാലത്ത് അയൽ വാസികളായി കഴിഞ്ഞിരുന്നവരും പരസ്പരം പ്രണിയച്ചിരുന്നവരും ആയിരുന്നു. വളരെ അടുപ്പത്തിൽ കഴിയുന്ന രണ്ടു വീട്ടുകാർ തങ്ങളുടെ പ്രണയത്താൽ അകലുമെന്ന് തീർച്ച ഉളളതിനാൽ വിവാഹം എന്ന കാര്യം ആലോചിക്കാനേ അവർക്കായില്ല. ഉടൻ മടങ്ങിവരുന്ന് ഉറപ്പുനൽകി കാമുകനായ മധു നാടുവിടുന്നു. തിരിച്ചെത്തിയപ്പോൾ ലില്ലിക്കുട്ടിയെ കാണാഞ്ഞ് കുറേ അന്വേഷിച്ചു. ഒടുവിൽ കണ്ടെത്തിയപ്പോൾ അവളിതാ മഠത്തിൽ മദറായി കഴിയുന്നു. മഠത്തിൽ കഴിയുന്നത് കടും കൈയാണെന്ന മധുവിന്റെ അഭിപ്രായത്തെ ലില്ലിക്കുട്ടി ഖണ്ഡിക്കുന്നു. എന്നാൽ രണ്ടു ജീവിതങ്ങളെ നശിപ്പിവൾ എന്ന് മധു പറഞ്ഞപ്പോൾ ലില്ലിക്കുട്ടി എന്ന മദർ പറയുന്ന വാക്കുകളാണിത്. രണ്ട് ജീവിതങ്ങൾ നശിക്കുകയല്ല , അവർ കാരണം എത്രയോ ജീവനുകൾ രക്ഷപ്പെട്ടിട്ടുണ്ട് എന്ന് ലില്ലിക്കുട്ടി സമർത്ഥിക്കുന്നു. വികാരം കൊളളലല്ല ബുദ്ധിപൂർവ്വം ചിന്തിക്കുകകയാണ് വേണ്ടതെന്ന് അവൾ പറയുന്നു. കെ. സരസ്വതി അമ്മയുടെ എഴുത്തിന്റെ ലക്ഷ്യവും സ്വഭാവവും വ്യക്തമാകുന്ന സന്ദർഭമാണിത്.

40. മധു എന്ന കഥാപാത്രം, തന്റെ തല മുണ്ഡനം ചെയ്തതിനു നിരത്തുന്ന 'ന്യായീകരണം എന്ത് ?

ഉ. തനിക്ക് ഏറ്റവും ഭംഗിയുളള വസ്തു തന്റെ ജീവിതത്തിൽ നിന്ന് പോയി. ഭംഗിയുളളതൊന്നും പിന്നീട് ബാക്കി വയ്ക്കേണ്ടെന്നു അയാൾ വിചാരിച്ചു. മാത്രമല്ല, തന്നെ വഞ്ചിച്ചു കടന്നുപോയി എന്ന് അയാൾ വിശ്വസിച്ച പൂർവ്വകാല കാമുകി ലില്ലിക്കുട്ടിയോട് പകരം വീട്ടിയതുപോലെയും അയാൾക്ക് തോന്നി.

41. തന്റെ അപ്രിതീയെപ്പറ്റി മഠത്തിലുളളവർക്ക് പേടിയുണ്ടാകുമെന്ന് മദർ പറയാൻ കാരണമെന്ത് ?

ഉ. കൂടുതൽ നേരം സന്ദർശകനോട് സംസാരിച്ചിരിക്കുന്നത് കണ്ടാൽ മഠത്തിലുളളവർക്ക് അതിശയം ഉണ്ടാകുമെങ്കിലും ആരും അതൊരു പരാതിയോ പ്രശ്നമോ ആയി പറയില്ല. കാരണം മഠത്തിന് വളരെ വേണ്ടപ്പെട്ടയാളാണ് മദർ. ധാരാളം പണവും പാത്രവും മഠത്തിനു സംഭാവന ചെയ്ത ആളാണ് മദർ. പോരാത്തതിന് വീട്ടിൽ നിന്ന് ആവശ്യമുളളപ്പോഴെല്ലാം മറ്റു സാമ്പത്തിക സഹായങ്ങളും വരുന്നു. അതിനാൽ ഇത്തരത്തിലുളള ഒരാളെ പിണക്കേണ്ടന്ന് അവർ തീരുമാനിച്ചിരിക്കും എന്ന് ലില്ലിക്കുട്ടി വ്യക്തമാക്കുന്നു.

42. " വല്ല നിധിയും കിട്ടുമെന്നുവച്ചാ പാവം പാടുപെടുന്നത് ? " – സന്ദർഭം എഴുതുക.

ഉ. ഉതുപ്പാന്റെ കിണർ (കാരൂർ നീലകണ്ഠപിളള) എന്ന കഥയിൽ ഉതുപ്പാൾ എന്ന കഥാപാത്രത്തിന്റെ മനസ്സും സത്പ്രവർത്തനങ്ങളും കഥാകൃത്ത് മികച്ച രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. ഉതുപ്പാൻ കിണർ കുത്തുന്നതറിഞ്ഞ് നാട്ടുകാരിൽ ചിലർ പരിഹസിക്കുന്നു. വല്ല നിധിയും കിട്ടുമെന്ന് കരുതിയാണ് ഉതുപ്പാൾ പ്രയത്നിക്കുന്നത് എന്ന് അവർ കളിയാക്കുന്നു. ചിലർ ഉതുപ്പാന് ഭ്രാന്താണ് എന്നുവരെ പറയുന്നു.

43. കിണറുകുഴിച്ച ഉതുപ്പാന്റെ ശ്രമത്തെ നാട്ടുകാർ സ്വീകരിച്ചത് എങ്ങനെ ?

ഉ. കിണറുകുഴിച്ച ഉതുപ്പാനെ പലരും കണക്കിന് പരിഹസിക്കുകയുണ്ടായി. അവിടെ ഒരു കുടിലുകെട്ടും പൂട്ടും പഴവും വിറ്റിരുന്നെങ്കിൽ അവന്റെ ചെലവിനുളളത് കിട്ടിയേനേ " എന്ന് ചിലർ ഉതുപ്പാന്റെ ബുദ്ധിശൂന്യതയെ ഉന്നയിച്ചു. " ഉതുപ്പാൻ വക" എന്നു ബോർഡ് വച്ചിരുന്നെങ്കിൽ കുറേ പ്രസിദ്ധി അവനു നേടാമായിരുന്നു എന്ന് മറ്റു ചിലർ. " തീരെ ഗതികെട്ടാൽ കുടിച്ചുചാകാൻ അവനു വല്ലവരുടെയും കിണറ് അന്വേഷിക്കേണ്ടന്ന് ഒരുരസികന്റെ വക നിന്ദ. കുട്ടികൾ അതിൽ ചപ്പും ചവറും കല്ലും ഇട്ടു രസിച്ചു. ഒരു ദുരാഗ്രഹി തൊട്ടിയും മറ്റൊരു പാപി കപ്പിയും മോഷ്ടിച്ചു. ഇങ്ങനെ പല മാതിരി ദ്രോഹങ്ങൾ പലരും ചെയ്തു. കുറച്ചുപേരെങ്കിലും ഉതുപ്പാന്റെ ശ്രമത്തെ മാനിക്കുക ഉണ്ടായി.

44. ഉതുപ്പാൻ താൻ കുഴിച്ച കിണറിൽ ചാടി ആത്മഹത്യ ചെയ്യാൻ കാരണം എന്ത് ?

ഉ. ജനോപകാരം ലക്ഷ്യമിട്ടാണ് ഉതുപ്പാൻ കിണർ കുത്തിയത്. എന്നാൽ പലർക്കും ആ സദ്ഭാവന ഇഷ്ടമായില്ല. ഉതുപ്പാന്റെ പ്രവർത്തനം ഭ്രാന്ത് അയാണ് അവർ കണ്ടത്. തനിക്ക് പ്രയോജനമില്ലാത്ത ഒരു കാര്യം ചെയ്യുന്നവൻ ഭ്രാന്തനല്ലാതെ മറ്റാര് എന്നാണ് പൊതു സമൂഹത്തിൽ പലരും ആലോചിച്ചത്. കൂടാതെ കാലം മാറിയപ്പോൾ ആളുകളുടെ പരിഷ്കാരത്തിന്റെ കോലവും മാറി. കുഴൽ കിണറുകളും കുഴൽ ജലവും ആളുകൾ ഉപയോഗിക്കാൻ തുടങ്ങി സർക്കാർ ചില ഉത്തവുകളിലൂടെ പൊതുകിണറുകൾ മണ്ണിട്ടു നികത്താൻ ശ്രമിച്ചു. അടുപ്പുമുള്ളവർപോലും ഉതുപ്പാന്റെ കിണർ മൂടിക്കളയുന്നതാണ് ബുദ്ധി എന്ന് ഉപദേശിച്ചു. ആശ നശിച്ച ഉതുപ്പാൻ ഒടുവിൽ ആത്മഹത്യക്കു തയ്യാറായി.

45. അവന്റെ ഇരിപ്പുകണ്ടാൽ, വീർത്ത കരിമ്പടക്കെട്ടാണെന്നേ തോന്നൂ " – ഇങ്ങനെ തോന്നാൻ കാരണമെന്ത് ?

ഉ. വൈക്കം മുഹമ്മദ ബഷീർ എഴുതിയ 'ടൈഗർ' എന്ന കഥ തടവുപുള്ളികളുടെ ദൈന്യ ജീവിതത്തെ പ്രമേയമാക്കി രചിക്കപ്പെട്ടതാണ് തെരുവിലെ ഏതോ ഓടയിൽ ജനിച്ച ഒരു ചാവലാപ്പട്ടി ലോക്കപ്പിനകത്തും പുറത്തും 'ടൈഗർ' ആയി വിലസുന്നു. തടവറക്കാരുടെ ഭക്ഷണം കഴിച്ച് ടൈഗർ തടിച്ചുകൊഴുത്തു. ജയിൽ ഇൻസ്പെക്ടറുടെ പരിഗണനയും ലാളനയുമേറ്റ് മറ്റൊരു 'ഇൻസ്പെകടറു' ടെ ഭാവത്തിൽ കഴിയുന്ന 'ടൈഗർ തടവുകാരുടെ കണ്ണിലെ കരടാണ്. കറുത്തു തടിച്ച ടൈഗറിന്റെ നാലുകാലും വാലും വെളുത്തിരിക്കുന്നതിനാൽ അവന്റെ ഇരിപ്പുകാണുന്ന പക്ഷം വീർത്തുനിൽക്കുന്ന കരിമ്പടത്തിന്റെ ഒരു കെട്ടാണെന്നേ ആർക്കും തോന്നൂ.

**III.** മുന്നൂറു വാക്കിൽ കവിയാതെ ഉപന്യസിക്കുക.

1. നോവലും ചെറുകഥയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം ?
2. ചെറുകഥയ്ക്ക് നൽകപ്പെട്ട വ്യത്യസ്ത നിർവചനങ്ങൾ കണ്ടെത്തി പരിശോധിക്കുക.
3. മലയാള ചെറുകഥാ പ്രസ്ഥാനത്തിന്റെ പിറവിയെകുറിച്ച് ഉപന്യസിക്കുക.
4. ആദ്യകാല മലയാള ചെറുകഥയുടെ സവിശേഷതകൾ വിവരിക്കുക.
5. ചെറുകഥാപഠനത്തിന് സഹായകരമായ കൃതികളെ പരിചയപ്പെടുത്തുക.
6. മലയാളത്തിലെ പ്രധാന കഥാകൃത്തുക്കളുടെ പട്ടിക തയ്യാറാക്കുക.
7. വേങ്ങയിൽ കുഞ്ഞിരാമൻ നായരുടെ കഥകളുടെ പ്രത്യേകത 'ദ്വാരക' മുൻ നിർത്തി പരിശോധിക്കുക.
8. 'ടൈഗർ ' മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ എന്തെല്ലാമെന്ന് ചർച്ച ചെയ്യുക.
9. വൈക്കം മുഹമ്മദ് ബഷീറിന്റെ രചനാവിശേഷങ്ങൾ പങ്കുവെയ്ക്കുക.
10. 'ഉതുപ്പാൻ ' എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ നിരുപണം ചെയ്യുക.
11. കെ. സരസ്വതി അമ്മയുടെ രചനാവൈഭവത്തെ 'ചോലാമരങ്ങൾ ' എന്ന കഥയെ അടിസ്ഥാനമാക്കി വിവരിക്കുക.
12. ചെറുകഥാപ്രസ്ഥാനം മലയാളത്തിൽ സജീവമാകാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് ഉപന്യസിക്കുക.
13. നവോത്ഥാനകാല ചെറുകഥകളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

--------

## മൊഡ്യൂൾ 2

1. എം.ടി. വാസുദേവൻ നായർ ജനിച്ചു വളർന്ന ഗ്രാമം ?
   കൂടല്ലൂർ
2. എം.ടി. വാസുദേവൻ നായർ ജനിച്ചത് ?
ഉ. 1933 ജൂലായ് 15ന്
3. ' എന്താണ് ആധുനിക കവിത എന്ന ഗ്രന്ഥം രചിച്ചത് ആര് ?
ഉ. എം. മുകുന്ദൻ
4. ക്ഷയോന്മുഖമായ നായർത്തറവാടുകളുടെ പശ്ചാത്തലത്തിൽ വള്ളുവനാടൻ ഗ്രാമീണ ജീവിതത്തിന്റെ ആന്തരിക ലോകങ്ങൾ അവതരിപ്പിച്ച കഥാകാരൻ ?
ഉ. എം.ടി. വാസുദേവൻ നായർ
5. 'കാഥികന്റെ പണിപ്പുര' എന്ന കൃതി ആരുടേത് ?
ഉ. എം.ടി. വാസുദേവൻ നായർ
6. 'കാഥികന്റെ കല' എന്ന കൃതി രചിച്ചത് ?
ഉ. എം.ടി. വാസുദേവൻ നായർ
7. 1953 ൽ നടന്ന ലോകകഥാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ മലയാളത്തിലെ കഥാകൃത്ത് ?
ഉ. എം.ടി. വാസുദേവൻ നായർ
8. എം.ടി.ക്ക് 1953ൽ ലോകകഥാമത്സരത്തിൽ ഒന്നാം സ്ഥാനം നേടിക്കൊടുത്ത കഥയാണ് ---
ഉ. വളർത്തുമൃഗങ്ങൾ
9. എം.ടി. യുടെ 'ആൾക്കൂട്ടത്തിൽ തനിയെ' എന്ന കൃതി ഏതു തരം സാഹിത്യവിഭാഗത്തിൽപ്പെടുന്നു.
ഉ. യാത്രാവിവരണം. ( സഞ്ചാര സാഹിത്യം)
10. എം.ടി. രചിച്ച നാടകമാണ് ?
ഉ. ഗോപുരനടയിൽ
11. 'കണ്ണാന്തളിപ്പൂക്കളുടെ കാലം' എന്ന കഥ രചിച്ചത് ?
ഉ. എം.ടി. വാസുദേവൻ നായർ
12. ലേഖനങ്ങളെഴുതി നോക്കി, കവിതയെഴുതിനോക്കി അമ്പതുകളുടെ ആരംഭത്തിലാണ് എനിക്ക് പ്രിയപ്പെട്ട, അഥവാ പ്രവത്തിക്കാൻ രസം തോന്നുന്ന സാഹിത്യരൂപം ചെറുകഥയാണെന്നു തീരുമാനിച്ചത്..... ഉവ്വ് ചെറുകഥയോട് എനിക്ക് പ്രത്യേകമായ ഒരു പക്ഷപാതമുണ്ട്. കവിതപോലെ തന്നെ പൂർണ്ണതയിലെത്തിക്കാവുന്ന ഒരു സാഹിത്യരൂപമാണിത്. - ആരുടെ വാക്കുകൾ
ഉ. എം.ടി. വാസുദേവൻ നായർ (തിഞ്ഞെടുത്ത കഥകളുടെ ആമുഖം)
13. 1950 കളിൽ കടന്നുവന്ന ആധുനികകാല മലയാള ചെറുകഥകളിൽ കഥാകൃത്തുക്കൾ പ്രാധാന്യം നൽകിയത് എന്തിനായിരുന്നു.
ഉ. ബാഹ്യമായ സംഭവവിവരണത്തെക്കാൾ കഥാപാത്രത്തിന്റെ മനോഭാവാവിഷ്കാരത്തിന്
14. എം.ടി. യുടെ ആദ്യകഥ പ്രസിദ്ധപ്പെടുത്തിയ വർഷം ?
ഉ. 1948–ൽ
15. "എന്റെ എല്ലാ കഥകളും ചേർത്തുവച്ചാൽ എന്റെ ആത്മ കഥയാവും" എന്ന് പ്രഖ്യാപിച്ച കഥാകൃത്ത് ?
ഉ. എം.ടി. വാസുദേവൻ നായർ (കാഥികന്റെ പണിപ്പുര)

16. ഒരു കാലത്ത് നാഗരിക ജീവതത്തിന്റേത് എന്നു കരുതിയിരുന്ന കല്ലിപ്പ് കേരളത്തിലെ നാട്ടിൻ പുറത്തുകാരുടെ ജീവിതത്തിലും ബാധിച്ചതിന്റെ തീക്ഷണവും നിശിതവുമായ വിമർശനമാണ്............ എന്ന കഥ.

ഉ. ശിലാലിഖിതം.

17. ജീവിതത്തിലെ സംഘർഷമുഹൂർത്തങ്ങളെ മുഴുവൻ ഒഴിവാക്കി, കണക്കുകൂട്ടലുകൾ നടത്തി, സ്വാർത്ഥം മാത്രം നോക്കി ജീവിക്കുന്ന ഇന്നത്തെ മധ്യവർത്തി സമൂഹത്തിന്റെ പ്രതിനിധി ആണ് ശിലാലിഖിതത്തിലെ ...........എന്ന കഥാപാത്രം.

ഉ. ഗോപാലൻ കുട്ടി

18. എം.ടി.ക്ക് ജ്ഞാനപീഠ പുരസ്കാരം നേടിക്കൊടുത്ത കൃതി?

ഉ. രണ്ടാമൂഴം.

19. എം.ടി.യുടെ ശിലാലിഖിതം ഏതു കഥാസമാഹാരത്തിൽ ആണ്.

ഉ. ഷെർലക്.

20. മറ്റുളളവരുടെ കാര്യത്തിൽ മാത്രം ആദർശം ആവശ്യപ്പെടുകയും സ്വന്തം കാര്യത്തിൽ സങ്കു ചിതമാവുകയും ചെയ്യുന്ന സമകാലിക സമൂഹത്തിന്റെ പ്രതിനിധി ആണ് ശിലാലിഖിതത്തിലെ ........ എന്ന കഥാപാത്രം ?

ഉ. പ്രൊഫസർ ഗോപാലൻകുട്ടി

21. 1985 ലെ വയലാർ അവാർഡു നേടിയ എം.ടിയുടെ കൃതി. ?

ഉ. രണ്ടാമൂഴം

22. 1970 ലെ കേന്ദ്ര സാഹിത്യ അകാദമി അവാർഡു നേടിയ എം.ടിയുടെ കൃതി ?

ഉ. കാലം.

23. 1959ലെ കേരള സാഹിത്യഅകാദമി അവാർഡു നേടിയ എം.ടിയുടെ കൃതി ?

ഉ. നാലുകെട്ട്.

24. കോവിലൻ എന്ന പേരിൽ പ്രശസ്തനായ എഴുത്തുകാരന്റെ യഥാർത്ഥപേര് ?

ഉ. വി.വി. അയ്യപ്പൻ.

25. പാറപ്പുറത്ത് എന്ന തൂലികാ നാമത്തിൽ ശ്രദ്ധേയനായ എഴുത്തുകാരനാണ് ....

ഉ. കെ. ഇ. മത്തായി.

26. നന്തനാർ എന്ന തൂലികാ നാമത്തിൽ പ്രസിദ്ധനായ എഴുത്തുകാരൻ ?

ഉ. പി.സി. ഗോപാലൻ.

27. സക്കറിയ ജനിച്ചത് എന്ന് ? എവിടെ ?

ഉ. 1945 ഉരുളിക്കുന്നത്ത് (കോട്ടയം)

28. 1979 ൽ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത സക്കറിയയുടെ കഥാസമാ ഹാരം ?

ഉ. ഒരിടത്ത്.

29. സക്കറിയുടെ ആദ്യകഥാസമാഹാരമാണ്......

ഉ. കുന്ന്.

30. ഒരു നസ്രാണിയുവാവും ഗൗളി ശാസ്ത്രവും എന്ന കഥാസമാഹാരം ആരുടേതാണ്.

ഉ. സക്കറിയ

31. സലാം അമേരിക്ക എന്ന കഥാസമാഹാരം രചിച്ചിത് ?

ഉ. സക്കറിയ

32. ആർക്കറിയാം എന്ന കഥ എഴുതിയത് ആര് ?

ഉ. സക്കറിയ.

33. കഥാരംഭത്തിൽ ബൈബിളിലെ മത്തായിയുടെ സുവിശേഷത്തിലെ മൂന്ന് വാക്യങ്ങൾ ഉദ്ധരിച്ചു

ചേർത്ത സക്കറിയയുടെ കഥയാണ്........

ഉ. ആർക്കറിയാം.

34. വാതിൽ തള്ളിത്തുറന്ന് അകത്തേക്ക് വന്നു. അയാർ തളർന്നിരുന്നു. വേയ്ക്കുന്ന കാലുകളുമായി ഒരു മഞ്ചത്തിലേക്ക് വീണ് അയാൾ കണ്ണുകളടച്ചു. ഇവിടെ പരാമർശിക്കപ്പെടുന്ന കഥാപാത്രം ആര് ?

ഉ. പട്ടാളക്കാരൻ ( ആർക്കറിയാം)

35. "നിങ്ങൾ കൊന്ന കുഞ്ഞുങ്ങൾക്ക് നിങ്ങൾ അവരെ കൊല്ലാൻ പോകുകയാണെന്നു മനസ്സിലായോ"- ചോദിച്ചത് ആര് ?

ഉ. വേശ്യാലയത്തിന്റെ ഉടമസ്ഥ ( ആർക്കറിയാം)

36. വേശ്യാലയത്തിൽ എത്തിയ പട്ടാളക്കാരന്റെ പ്രധാന ആവശ്യം എന്തായിരുന്നു.

ഉ. കുളിക്കാൻ വെള്ളവും ചോരയില്ലാത്ത ഒരു ഉടുപ്പും.

37. നാട്ടിലെ കുഞ്ഞുങ്ങളെയെല്ലാം വധിച്ചു കളയാൻ ഉത്തരവിട്ടത് ആര് ?

ഉ. ഹെറോദേസ് രാജാവ്.

38. ആരുടെ ജനനമാണ് ഹെറോദേസ് രാജാവിനെ ഭയചകിതൻ ആക്കിയത് ?

ഉ. യഹൂദരുടെ രക്ഷകന്റെ

39. സി. വി. ശ്രീരാമൻ ജനിച്ചത് എവിടെ ? എന്ന്

ഉ. 1931 ന് കുന്നം കുളത്ത്.

40. 'ചക്ഷുശ്രവണഗളസ്ഥമാം' എന്ന കഥാസമാഹാരം രചിച്ചത് ?

ഉ. സി.വി. ശ്രീരാമൻ

41. 1983 ലെ കേരള സാഹിത്യ അകാദമി അവാർഡ് നേടിയ സി.വി. ശ്രീരാമന്റെ കഥാസമാഹാരമാണ്. ....

ഉ. വാസ്തുഹാര.

42. 1999 ൽ കേന്ദ്ര സാഹിത്യ അകാദമി അവാർഡു നേടിയ ശ്രീരാമന്റെ കഥാസമാഹാരം ഏത് ?

ഉ. ശ്രീരാമന്റെ കഥകൾ

43. മലയാളത്തിൽ ആദ്യമായി പട്ടാളക്കഥകൾ രചിച്ചത് ?

ഉ. വെട്ടൂർ രാമൻ നായർ.

44. 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്ന കഥ രചിച്ചത്.

ഉ. ടി. പത്മനാഭൻ.

45. ടി. പത്മനാഭന്റെ പ്രകാശം പരത്തുന്ന പെൺകുട്ടി എന്ന കഥക്ക് അതേ പേരിൽ പാരഡിക്കഥ എഴുതിയത് ?

ഉ. സക്കറിയ.

46. പ്രണയത്തിന്റെ അധരസിന്ദൂരം കൊണ്ടെഴുതിയ കഥ എന്ന് കെ. പി. അപ്പൻ വിശേഷിപ്പിച്ച ഗൗരി എന്ന കഥ എഴുതിയത് ആര്?

ഉ. ടി. പത്മനാഭൻ.

47. നിരാർദ്രമായ ഭൗതിക ലോകത്തിന്റെ യാഥാർത്ഥ്യങ്ങളോട് ഏറ്റുമുട്ടി മുറിപ്പെടുന്ന മനുഷ്യാത്മാവിന്റെ വേദനകൾ ചിത്രീകരിച്ച കാഥികനാണ്.....

ഉ. ടി. പത്മനാഭൻ.

48. പത്മനാഭൻ - കഥയിലെ കാലഭൈരവൻ എന്ന പഠനം തയ്യാറാക്കിയത് ?

ഉ. സി. ആർ . സുശീലാദേവി.

49. ടി. പത്മനാഭൻ ജനിച്ചത് എന്ന് ? എവിടെ ?

ഉ. 1931 ഫെബ്രുവരി അഞ്ചിന്, കണ്ണൂരിലെ പള്ളിക്കുന്നിൽ

50. 1974 ലെ കേരള സാഹിത്യ അകാദമി അവാർഡ് നേടിയ പത്മനാഭന്റെ കൃതിയാണ്.

ഉ. സാക്ഷി.

51. 2000–ത്തിലെ വയലാർ അവാർഡ് നേടിയ പത്മനാഭന്റെ കൃതിയാണ്........

ഉ. പുഴകടന്ന് മരങ്ങളുടെ ഇടയിലേക്ക്.

52. കേന്ദ്രസാഹിത്യ അകാദമി അവാർഡ്, കേരള സാഹിത്യഅകാദമി അവാർഡ്, ഓടക്കുഴൽ പുരസ്കാരം എന്നിവ നിരസിച്ച കഥാകൃത്ത് ആര് ?.

ഉ. ടി. പത്മനാഭൻ.

53. ടി. പത്മനാഭന്റെ സ്മരണയാണ്.............

ഉ. യാത്രമധ്യേ

54. ടി. പത്മനാഭന്റെ ലേഖനങ്ങളുടെ സമാഹരണമാണ്....

ഉ. പളളിക്കുന്ന്.

55. ഗൗരിക്ക് ഏറ്റവും ഇഷ്ടമുളള സ്ഥലം ഏതായിരുന്നു.

ഉ. ഗോപാൽ പൂർ

56. "കഥ ടി. പത്മനാഭന് സാംസ്കാരികവ്യവസായത്തിന്റെ ഉത്പന്നമല്ല. അത് അദ്ദേഹത്തിന് വിശ്വാസത്തിന്റെ പ്രവർത്തനമാണ്. ജീവിതം ഈ എഴുത്തുകാരൻ അനുഭവിക്കുന്ന രീതി കഥയായി പരിണമിക്കുകയാണ്. അയാൾ, ഞാൻ എന്നീ രൂപങ്ങൾ നിരന്തരം കടന്നുവരുന്നതിനാൽ കഥകളെല്ലാം ഒരുപോലെയാണെന്ന് ചിലർക്കെങ്കിലും തോന്നാം. പത്മനാഭന്റെ കഥകൾ ഒരുപോലെയുളള കഥകളല്ല. എന്നാൽ അതൊരു നൈരന്തര്യമാണ്". പത്മനാഭന്റെ കഥകളെ ഇപ്രകാരം വിലയിരുത്തിയത് ആര്?

ഉ. കെ. പി. അപ്പൻ (പ്രണയത്തിന്റെ അധരസിന്ദൂരം കൊണ്ടെഴുതിയ കഥ)

57. കഥാകാരന്റെ ഭാവന സ്നേഹത്തിന്റെ യാഥാർത്ഥ്യം എന്താണെന്ന് അന്വേഷിക്കുന്ന കഥയാണ്. .....

ഉ. ഗൗരി.

58 ടി. പത്മനാഭന്റെ 'മകൻ' എന്ന കഥ അദ്ദേഹത്തിന്റെ ഏതു സമാഹാരത്തിൽ ആണ് ഉളളത്?

ഉ. ഗൗരി.

59. മാതാപിതാക്കളിൽ നിന്ന് അകന്നു പോകുന്ന ഏക സന്താനത്തെക്കുറിച്ചുളള ദു:ഖമാണ് ടി. പത്മനാഭന്റെ.........എന്ന കഥയിൽ.

ഉ. മകൻ.

60. "ശത്രുക്കളുടെ കൈയ്യിൽപെട്ട് പിടയുന്ന ഒരു പക്ഷിയുടെ ചിറകടിയുന്നപോലെയായിരുന്നു അവരുടെ ശബ്ദം".......ആരുടെ ?

ഉ. അമ്മയുടെ (മകൻ– ടി. പത്മനാഭൻ)

61. " ടി. പത്മാനഭൻ കലയും ജീവിതവും എന്ന കൃതി തയ്യറാക്കിയത് ?.

ഉ. ഇ. എം. അഷ്റഫ്.

62. "ആ ചിത്രത്തിലേക്ക് നോക്കിയിരുന്നപ്പോൾ അത് പതുക്കെ ചലിക്കുന്നുണ്ടെന്ന് തോന്നി"........ ഏതു ചിത്രം ?

ഉ. മകൻ പത്താം ക്ലാസ്സിലായിരിക്കെ എടുത്ത ചുമരിലെ ചിത്രം.(മകൻ)

63. 'വാസ്തുഹാര' എന്നതിന്റെ അർത്ഥം എന്ത് ?

ഉ. വസ്തു അപഹരിക്കപ്പെട്ടവർ.

64. വാസ്തുഹാര എന്ന കഥ നടക്കുന്നത അന്തരീക്ഷമെവിടെ ?

ഉ. 1951 മുതൽ 1973 വരെയുളള കൊൽക്കത്താ നഗരം.

65. ആരതിപ്പണിക്കർക്ക് നിലം വിട്ടുകൊടുക്കാൻ തയ്യാറായത് ആര്?

ഉ. ഭവാനി അമ്മായി

66. ഭവാനി അമ്മായി സ്ഥിരമായി വായിക്കുന്നത് ഏതു എഴുത്തുകാരന്റെ കൃതികളാണ്.?.

ഉ. പേൾ. എസ്. ബക്ക്

67. 'സർക്കാർ കൊടുക്കുന്ന ആർത്തവൃത്തി ഭക്ഷിച്ചുതീരുമ്പോൾ അവിടെ നിന്നും ചാടിപ്പോരും ഇത്തവണ വീണ്ടും കൽക്കത്തയിലെ ഒരു റഫ്യൂജി ക്യാമ്പിൽ വച്ച് കണ്ടപ്പോൾ അയാൾ കാൽക്കൽ

വീണു" ആര് ?.

ഉ. ബിബാദ് ഭഞ്ജൻ ബിശ്വാസ് സാധു.

68. "നോ വണ്ടർ ഹിസ് നേം ഈസ് റെക്കമെന്റഡ് ഫോർ ഓൾ ഇന്ത്യാ സർവ്വീസസ്" – ആരെക്കുറിച്ചാണ് ഈ പരാമർശം.

ഉ. വേണുവിന്റെ സീനിയർ ഓഫീസറെകുറിച്ച്.

69. എന്തിനെയാണ് വേണു പ്രപഞ്ച രഹസ്യം എന്നു വിളിച്ചത് ?.

ഉ. സ്നേഹമുള്ളവരുടെ ഉപദേശം.

70. ദമയന്തിയുടെ 'എബ്സേർഡ് ' (അസംബന്ധം) എന്നു വശേഷിപ്പിച്ചത് എന്തിനെ ?.

ഉ. ഭാഗിനേയൻ മുറപ്പെണ്ണിനെ വിവാഹം കഴിക്കുന്ന കേരളത്തിലെ രീതിയെ

71. കപ്പലിലേക്ക് പോകാൻ തുടങ്ങിയപ്പോൾ ദമയന്തി വേണുവിനോട് അപേക്ഷിച്ചത് എന്ത് ?.

ഉ. തനിക്ക് കത്തുകൾ അയക്കണമെന്ന്.

**II.** 25 വാക്കിൽ കവിയാതെ ഉത്തരമെഴുതുക

1. പട്ടാളകഥകൾക്ക് മലയാളത്തിൽ പ്രചാരം നേടിക്കൊടുത്ത കഥാകൃത്തുക്കൾ ആരെല്ലാം. ?.

ഉ. കോവിലൻ, പാറപ്പുറത്ത്, നന്തനാർ, വിനയൻ

2. കോവിലന്റെ പ്രധാന കൃതികൾ ?.

ഉ. ഒരു കഷ്ണം അസ്ഥി, ഒരു പാലം മനയോല, ആദ്യത്തെ കഥകൾ, ശകുനം, പിത്തം

3. പാറപ്പുറത്തിന്റെ പ്രധാന കൃതികൾ ?

ഉ. നാലാൾനാലുവഴി, ദിനാന്ത്യക്കുറിപ്പുകൾ, പ്രകാശധാര, അളിയൻ, ജീവിതത്തിന്റെ ആൽബത്തിൽ നിന്ന്.

4. നന്തനാരുടെ പ്രധാന കൃതികൾ ?

ഉ. ഒരു വർഷകാല രാത്രി, ആകാശം തെളിഞ്ഞു, നെല്ലും പതിരും, മിസ്റ്റർ കുൽക്കർണി, കൊന്നപ്പൂക്കൾ

5. വിനയന്റെ പ്രധാന കൃതികൾ ?

ഉ. കടലും കഞ്ഞിയും, ചലനങ്ങൾ, തീയ്യും തിരയും

6. അധ്യാപക കഥകൾക്ക് മലയാളത്തിൽ പ്രസിദ്ധി നൽകിയ കഥാകൃത്തുക്കൾ ആരെല്ലാം ?.

ഉ. കാരൂർ നീലകണ്ഠപിളള, അക്ബർ കക്കട്ടിൽ, എൻ.മോഹനൻ.

7. മലയാള കഥാസാഹിത്യത്തിൽ ആധുനികതയ്ക്ക് പ്രാധാന്യം നൽകിയ എഴുത്തുകാരിൽ പ്രമുഖർ ?.

ഉ. എം.ടി. വാസുദേവൻ നായർ, ടി. പത്മനാഭൻ, പട്ടത്തുവിള കരുണാകരൻ, കമലാ സുരയ്യ, എൻ.പി. മുഹമ്മദ്, സി. രാധാകൃഷ്ണൻ, ജി. വിവേകാനന്ദൻ, സി.എൻ. ശ്രീകണ്ഠൻനായർ, മുട്ടത്തുവർക്കി.

8. ആധുനിക കഥകളുടെ പ്രധാന സവിശേഷതകൾ ?

ഉ. നവോത്ഥാന കഥകളിൽ പ്രകടമായികണ്ടിരുന്ന സാമൂഹികവും രാഷ്ട്രീയവുമായ കഥാന്തരീക്ഷത്തിന്റെ അസാന്നിധ്യം, കഥാകൃത്തിന്റെ ആത്മനിഷ്ഠവും സൂക്ഷമാംശം പ്രകടമാകും വിധവും ഉളള രചനാശൈലി നേരിട്ടുള്ള സാമൂഹികവിമർശനത്തിനുപകരം കേവല വ്യക്തിയുടെ വ്രണിതമായ ജീവിത സാഹചര്യങ്ങളുടെ അടയാളപ്പെടുത്തൽ, വിപ്ലവകരമായ ആശയപ്രചാരണം കൊണ്ട് മാത്രം സാമൂഹിക പരിവർത്തനം നടത്താനാവില്ലെന്ന തിരിച്ചറിവ്, സംഭവവിവരണങ്ങൾക്കു പകരം കഥാപാത്രത്തിന്റെ മാനസികമായ സങ്കീർണഭാവങ്ങളെ ആവിഷ്കരിക്കാനുളള ശ്രമം, ഉചിതമായ ബിംബങ്ങളുടെ സാന്നിധ്യം, അസ്തിത്വദർശനം മനോവിജ്ഞാനീയം ഇംപ്രഷനിസം തുടങ്ങി ആധുനി കഥയെ വേറിട്ടു നിർത്തിയ ഘടകങ്ങൾ നിരവധിയാണ്.

9. എം.ടി. വാസുദേവൻ നായരുടെ പ്രധാന കഥാസമാഹാരങ്ങൾ ?

ഉ. നിന്റെ ഓർമ്മയ്ക്ക്, ഓളവും തീരവും, കുട്ട്യേടത്തി, ഷെർലോക്ക്, ഇരുട്ടിന്റെ ആത്മാവ്,

വാരിക്കുഴി, ദാറുസ്സലാം, സ്വർഗം തുറക്കുന്ന സമയം.

10. ആദ്യകാല മലയാള ചെറുകഥാകളിലെ പ്രധാന പ്രമേയങ്ങൾ ?

ഉ. പ്രണയം കുറ്റാന്വേഷണം, അമളി, സാഹസകൃത്യങ്ങൾ

11. നവോത്ഥാനകാല മലയാള ചെറുകഥകളിലെ പ്രധാന പ്രമേയങ്ങൾ എന്തെല്ലാം.

ഉ. വിശപ്പ്, കാമം, നിലനില്പിനുവേണ്ടിയുള്ള സമരം.

12. "നീ......തണലത്ത് നടക്ക്, ഇനി തുടങ്ങും മൂക്കുചീറ്റലും ജലദോഷവും" – സന്ദർഭമേത് ?
അല്ലെങ്കിൽ

13. മകൾകുടയുടെ തണലിന്റെ വട്ടത്തിൽ നിന്ന് അകന്ന് മുമ്പേ നടന്നു. ഉണങ്ങിയ എള്ളിൻകുറ്റികൾ ചവിട്ടിയൊടിച്ചുകൊണ്ട് ധൃതിയിൽ നടക്കുന്ന അവളുടെ ഒപ്പമെത്താൻ അയാൾ പ്രയാസപ്പെട്ടു... സന്ദർഭം ഏത് ?

ഉ. എം.ടി. വാസുദേവൻ നായരുടെ 'ശിലാലിഖിതം' എന്ന ചെറുകഥയിൽ ചരിത്രാധ്യാപകനായ ഗോപാലൻകുട്ടിയും മകളും തമ്മിലുള്ള സംഭാഷണ രംഗമാണ് ഇവിടെ പരാമർശിക്കുന്നത്. ഗോപാലൻകുട്ടിയുടെ അമ്മയെ സഹായിക്കാൻ നിന്നിരുന്ന സ്ത്രീയുടെ മകൾ എന്തോ വിഷം കഴിച്ചു കിടന്നപ്പോൾ ഗോപാലൻകുട്ടിയടക്കം ഒരാളും രക്ഷിക്കാൻ തയ്യാറായില്ല. വേണ്ട ചികിത്സ കിട്ടാതെ അവൾ മരണമടഞ്ഞു. ആറുനാഴികപോയാൽ സർക്കാർ ആശുപത്രിയുണ്ടെന്നും അവിടത്തെ ഡോക്ടറെ വിളിക്കാൻ ഒരാളും പോയില്ലെന്നും ഗോപാലൻകുട്ടി പറഞ്ഞപ്പോൾ, അച്ഛനു വിളിച്ചുകൊണ്ടുവരാമായിരുന്നില്ലേ എന്ന് മകൾ ചോദിച്ചു. ആ ചോദ്യത്തിനു അയാൾക്ക് മറുപടി ഉണ്ടായിരുന്നില്ല. വിഷയം മാറ്റാൻ അയാൾ മകളെ പ്രേരിപ്പിക്കുന്നതാണ് സന്ദർഭം. പക്ഷേ മകൾ അയാൾ നീട്ടുന്ന തണൽ വട്ടം നിരസിച്ചുമുന്നോട്ടു ശക്തിയോടെ ഗമിക്കുന്നു. തുച്ഛമായ സ്വാർത്ഥതകളിൽ മാത്രം മനസ്സ് രമിക്കുന്ന സമൂഹത്തിന്റെ പ്രാതിനിധ്യമാണ് ഗോപാലൻ കുട്ടി എന്ന കഥാപാത്രത്തിൽ എം.ടി. മൂർത്തീകരിക്കുന്നത്. എല്ലാറ്റിനും മറ്റുള്ളവരെ പഴിചാരുന്ന മനോഭാവമാണ് അയാൾക്ക്. എന്നാൽ പുതിയ തലമുറയിൽ കഥാകൃത്തിനുള്ള വിശ്വാസമാണ് മകളിലൂടെ എം.ടി. മുന്നോട്ടുവയ്ക്കുന്നത്.

14. ടി പത്മനാഭന്റെ പ്രധാന കൃതികൾ ഏതെല്ലാം. ?

ഉ. ഒരു കഥാകൃത്ത് കുരിശിൽ, പുഴകടന്ന് മരങ്ങളുടെ ഇടയിലേക്ക്, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, പത്മനാഭന്റെ കഥകൾ, കടൽ, കാലഭൈരവൻ, ഹാരിസൺ സായ്വിന്റെ നായ, സഹൃദയനായ ചെറുപ്പക്കാരന്റെ ജീവിതത്തിൽ നിന്ന്, നളിനകാന്തി, മഖൻസിങ്ങിന്റെ മരണം, കഥാകൃത്ത്–സാക്ഷി, വീട് നഷ്ടപ്പെട്ട ഒരു കുട്ടി, ഗുൽ മുഹമ്മദ്, പെരുമഴപോലെ, എന്റെ പ്രിയപ്പെട്ട കഥകൾ, ടി. പത്മനാഭന്റെ കഥകൾ (സമ്പൂർണ്ണം), ഗൗരി.

15. ടി. പത്മനാഭന്റെ പുഴകടന്ന് മരങ്ങളുടെ ഇടയിലേക്ക് എന്ന കൃതി കരസ്ഥമാക്കിയ പ്രധാന പുരസ്കാരങ്ങൾ എതെല്ലാം?.

ഉ. വയലാർ അവാർഡ്,വള്ളത്തോൾ പുരസ്കാരം, ലളിതാംബികാ അന്തർജ്ജനം സ്മാരക പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം.

16. ടി. പത്മനാഭന്റെ കഥകളുടെ സവിശേഷത എന്ത് ?

ഉ. മലയാളത്തിൽ ചെറുകഥാ സാഹിത്യത്തോട് മാത്രം പ്രത്യേക താല്പര്യം കാണിച്ച അപൂർവ്വം കഥാകാരന്മാരിൽ ഒരാളാണ് ടി. പത്മനാഭൻ, തന്റെ ആത്മഭാവങ്ങളെ സ്വകഥയിലും കഥാപാത്രങ്ങളിലും സന്നിവേശിപ്പിച്ച് അവയുടെ പരമാവധി വായനക്കാരനെ അനഭവപ്പെടുത്തിക്കൊടുക്കാൻ പത്മനാഭനു കഴിയാറുണ്ട്. സ്നേഹമാണ് പത്മനാഭകഥകളുടെ പ്രധാന പ്രമേയം അത് പ്രണയം, വാത്സല്യം, ഗൃഹാതുരത തുടങ്ങിയ വ്യത്യസ്ത ഭാവങ്ങളുടെ അന്ധർധാരയായി പ്രവഹിച്ചുകൊണ്ടേയിരിക്കുന്നു അദ്ദേഹത്തിന്റെ കഥകളിൽ കാവ്യാത്മകമായ ഭാഷയിൽ അവ അവതരിപ്പിക്കാൻ പത്മനാഭനു പ്രത്യേക വിരുത് ഉണ്ട്. മനുഷ്യമനസ്സിന്റെ സങ്കീർണ്ണതകൾ അദ്ദേഹത്തിന്റെ കഥകളിൽ അനാവരണം ചെയ്യപ്പെടുന്നു.

17. ടി. പത്മനാഭന്റെ 'മകൻ' എന്ന കഥയുടെ ഇതിവൃത്തമെന്ത് ?

ഉ. പോറ്റിവളർത്തിയ അച്ഛനമ്മമാരെ തനിച്ചാക്കി സ്വന്തം ജീവിതനേട്ടത്തിനായി ശ്രമിക്കുന്ന മകനെകുറി

ച്ചുളള കഥയാണ് ടി. പത്മനാഭന്റെ 'മകൻ' പ്രായമായ കാലത്ത് പ്രിയപ്പെട്ട മക്കളുടെ സാമീപ്യവും സഹായവും ആഗ്രഹിക്കുന്ന മാതാപിതാക്കളുടെ മാനസികാവസ്ഥ ഹൃദയസ്പുക്കായ വാക്കുകളിൽ പത്മനാഭൻ 'മകനി' ൽ വരച്ചുവയ്ക്കുന്നു. ഒറ്റപ്പെടലിന്റെയും അവഗണിക്കപ്പെടുന്നതിന്റെയും വേദനയും നിസ്സഹായതയും കഥാകൃത്ത് അനുഭവപ്പെടുത്തിത്തരുന്നു, ഈ കഥയിലൂടെ.

18. സദ്യയ്ക്ക് നില്ക്കില്ലേ ' എന്ന മകന്റെ ചോദ്യത്തിന് അച്ഛൻ മറുപടി നൽകിയത് എങ്ങനെ ?

ഉ. ടി. പത്മനാഭന്റെ 'മകൻ' എന്ന കഥയിൽ മകന്റെ ഭാര്യയുടെ അനുജത്തിയുടെ വിവാഹത്തിന് എത്തിയ അച്ഛൻ തന്റെ മകനുമായി നടത്തുന്ന സംഭാഷണമാണ് സന്ദർഭം. കല്ല്യാണത്തിന് വരാൻ ഒട്ടും താല്പര്യം ഇല്ലാതിരുന്ന അയാൾ ഭാര്യയുടെ സമ്മതപ്രകാരമാണ് പങ്കെടുത്തതുതന്നെ. അവിടെ എത്തിയപ്പോൾ വേണ്ട പരിഗണനന ലഭിക്കാതെ, ഒരധികപ്പറ്റായി താനവിടെ നില്ക്കുന്നു എന്ന് അച്ഛനു തോന്നി. തിരക്കൊഴിഞ്ഞ ഒരു സമയം നോക്കി അയാൾ മകനുമായി അല്പം നടന്നു ചില സംഭാഷണങ്ങൾ നടത്തി. തന്റെ മകൻ ഒത്തിരി മാറിപ്പോയതായി അയാൾ തിരിച്ചറിഞ്ഞു. ഒടുവിൽ ഹോട്ടലിൽ തിരിച്ചെത്തിയ അയാൾ താൻ ഉടൻ പോകുമെന്ന് മകനെ അറിയിച്ചു. മകൻ അച്ഛൻ സദ്യയ്ക്കു നില്ക്കില്ലേ എന്ന മകന്റെ ചോദ്യത്തിന് അയാൾ ഒരു ചിരിയാണ് മറുപടി നല്കിയത്.

19. "അവൻ എപ്പോഴാണ് വരിക. നാളെ വരുമോ" ? ആരുടെ ചോദ്യമാണ് ?

ഉ. പത്മനാഭന്റെ 'മകൻ' എന്ന കഥയിൽ തങ്ങളിൽ നിന്നും മാറി ദൂരെ ഒരിടത്തു കുടുംബസമേതം കഴിയുന്ന 'മകന്റെ സാന്നിധ്യം കൊതിക്കുന്ന, വൃദ്ധരായ ഒരു അച്ഛന്റെയും അമ്മയുടെയുടെയും ഹൃദയഭേദകമായ മാനസികാവസ്ഥയാണ് അവതരിപ്പിക്കുന്നത്. മകന്റെ ഭാര്യയുടെ അനുജത്തിയുടെ വിവാഹത്തിന് സംബന്ധിച്ച് തിരിച്ചെത്തിയ ഭർത്താവിനോട് മകൻ അടുത്ത ദിവസം വരില്ലേ എന്ന് അമ്മ ചോദിക്കുന്നു. ഭീതികലർന്നതെങ്കിലും ദൃഢമായ ശബ്ദത്തിലുളള ചോദ്യത്തിന് അയാർ അവ്യക്തമായ ഉത്തരമാണ് നൽകുന്നത്. മകനെ കാണാനും അവന്റെ സാന്നിധ്യം കൊണ്ട് സന്തോഷിക്കാനും വെമ്പുന്ന ഒരു അമ്മയുടെ അവസ്ഥ ഈ വരികളിൽ തെളിഞ്ഞുകാണുന്നു.

20.സക്കറിയയുടെ കഥാസമാഹാരങ്ങൾ ഏതെല്ലാം ?.

ഉ. ഒരിടത്ത്, കുന്ന്, ആർക്കറിയാം, ഒരുനസ്രാണി യുവാവും ഗൗളിശാസ്ത്രവും, കന്യാകുമാരി, കണ്ണാടി കാൺമോളവും, സക്കറിയയുടെ കഥകൾ,

21. സക്കറിയയുടെ കഥകളുടെ സവിശേഷതകൾ ഏതെല്ലാം ?

ഉ. സമൂഹത്തിന്റെ ശൈഥില്യം തുറന്നു കാണിക്കുന്നവയാണ് സക്കറിയയുടെ കഥകൾ. വളരെ നിസ്സംഗത പ്രകടമാക്കുന്ന, അതേ സമയം തീവ്രമായ ആക്ഷേപം ഹാസ്യത്തിന്റെ അകമ്പടിയോടെ ഉയർന്നുവരുന്ന ആഖ്യാനരീതിയാണ് അദ്ദേഹം സ്വീകരിക്കുന്നത്. വർത്തമാന കാല ജീവിതത്തിന്റെ അവസ്ഥകളുടെ തീവ്രമായ ആവിഷ്കാരം അദ്ദേഹത്തിന്റെ കഥകളെ മികവുറ്റതാക്കുന്നു. ഫാന്റസിയെ അത്യാകർഷകമായി കൊണ്ടുവരാനുളള സക്കറിയയുടെ മികവ് ശ്രദ്ധേയമാണ്.

22. " എനിക്ക് അറിഞ്ഞുകൂടാ. കുഞ്ഞുങ്ങൾക്ക് മരണമുണ്ടോ അവർക്ക് മരണത്തെപ്പറ്റി ചിന്തിക്കാനറിയുമോ ? ഇങ്ങനെ ചോദിച്ചതാര് ? സന്ദർഭമേത് ?

അല്ലെങ്കിൽ

23. " ഞാൻ കേട്ടതെല്ലാം അമ്മമാരുടെ കരച്ചിലാണ് "- ഈ പ്രസ്താവനയുടെ വിവക്ഷ എന്ത് ?

ഉ. സക്കറിയുടെ 'ആർക്കറിയാം' എന്ന അത്യന്തം നാടകീയമായ കഥയിൽ, ഹെറോദേസ് രാജാവിന്റെ കല്പന പ്രകാരം നാട്ടിൽ പിറക്കുന്ന കുഞ്ഞുങ്ങളെ കൊന്നുകളയാൻ ഇറങ്ങിത്തിരിച്ച ഒരു പട്ടാളക്കാരന്റെ അവസ്ഥയാണ് ചിത്രീകരിക്കുന്നത്. രാജകല്പന അക്ഷരം പ്രതി അനുസരിക്കാൻ വിധിക്കപ്പെട്ട അയാൾ തന്റെ പ്രവർത്തനങ്ങളിൽ അസ്വസ്ഥനാണ്. മേലാകെ രക്തം പുരണ്ട അവസ്ഥയിൽ അയാൾ വിശ്രമിത്തിനായി വേശ്യാലയത്തിൽ എത്തുന്നു. ക്ഷിണമകറ്റിയ ശേഷം കുളിക്കാൻ വെളളം വേണമെന്ന് അറിയിക്കുന്നു. അപ്പോൾ വേശ്യാലയത്തിന്റെ ഉടമസ്ഥ അയാളോട് ചോദിക്കുന്നു. "നിങ്ങൾ കൊന്ന കുഞ്ഞുങ്ങൾക്ക്, നിങ്ങൾ അവരെ കൊല്ലാൻ പോവുകയാണോ എന്ന് മനസ്സിലായോ? ". ഈ ചോദ്യത്തിന് അയാൾക്ക് പ്രത്യേകിച്ചൊരു മറുപടി ഉണ്ടായിരുന്നില്ല. എന്നാൽ വേശ്യാലയത്തിന്റെ ഉടമസ്ഥകൾക്ക് ഒരു മറുപടി വേണമായിരുന്നു. അപ്പോൾ അയാൾ പറയുന്ന

താണ് ഈ വാക്യങ്ങൾ ' എനിക്കറിഞ്ഞുകൂടാ.. കുഞ്ഞുൾക്ക് മരണമുണ്ടോ ? അവർക്കുമരണത്തെ പ്പറ്റി ചിന്തിക്കാനറിയാമോ ? ഞാൻ കേട്ടതെല്ലാം അമ്മമാരുടെ കരച്ചിലായിരുന്നു. " . ഈ വാക്യങ്ങ ളിൽ തന്നെ ഏൽപ്പിക്കപ്പെട്ട ദൗത്യത്തിൽ അയാൾക്കുള്ള താത്പര്യക്കുറവും നിസ്സംഗതയും നിസ്സഹാ യതയും വ്യക്തമാകുന്നുണ്ട്.

24. അരാണ് ഹെറോദേസിന്റെ ശത്രു ? ആരാണി പിറന്നിരിക്കുന്നത്. ? ഒരു കുഞ്ഞിനെയെന്തിനാണ് ഹെറോദേസ് പേടിക്കുന്നത്?. – വേശ്യാലയത്തിന്റെ ഉടമസ്ഥയുടെ ചോദ്യത്തിന് പട്ടാളക്കാരൻ നൽകിയ മറുപടി എന്ത് ?

ഉ. ഹെറോദേസ് രാജാവിന്റെ കല്പനപ്രകാരം, നാട്ടിൽ പിറന്ന കുഞ്ഞുങ്ങളെ എല്ലാം കൊന്നൊടാ ക്കാൻ പുറപ്പെട്ട ഒരു പട്ടാളക്കാരൻ തന്റെ കർത്തവ്യത്തിനിടയിൽ വിശ്രമിക്കാനായി വേശ്യാലയത്തി ലെത്തുന്നു. എന്തിനാണ് ഹെറോദേസ് ഇങ്ങനെ ഭയക്കുന്നതെന്ന് വേശ്യാലയത്തിന്റെ ഉടമസ്ഥയ്ക്ക് മനസ്സിലാകുന്നില്ല. അപ്പോൾ പട്ടാളക്കാരൻ അവൾക്ക് ഹെറോദേസിന്റെ കല്പനക്ക് കാരണം വ്യക്ത മാക്കുന്നു. യഹൂദരുടെ രാജാവ് ബത്ലഹേമിൽ ജനിച്ചിരിക്കുന്നുവെന്ന് അവനെ തേടി എത്തിയ ജ്ഞാനി കൾ ഹെറോദേസിനെ അറിയിക്കുന്നു. പേടിച്ച ഹെറോദേസ് പിറവിയെടുത്ത യഹൂദരുടെ രാജാ വിനെ – ആ കുഞ്ഞിനെ – വധിക്കാനാണ് കല്പന പുറപ്പെടുവിച്ചിരിക്കുന്നത്.

25. " ഇത്ര ആയിരം കുഞ്ഞുങ്ങളുടെ ചോരയിലൂടെയാണോ ഒരു രക്ഷകൻ വരുന്നത് ?" പട്ടാളക്കാരൻ ഇപ്രകാരം ചോദിക്കാൻ കാരണം എന്ത് ?

ഉ. സക്കറിയയുടെ 'ആർക്കറിയാം' എന്ന കഥ ചില ദാർശനിക പ്രശ്നങ്ങൾ ഉയർത്തിപ്പിടിക്കുന്നു. ഹെറോദേസ് രാജാവിന്റെ ആജ്ഞ ശിരസ്സാവഹിച്ച് അനേകം കുട്ടികളെ കൊന്നുകളഞ്ഞ് വിശ്രമിത്തി നെത്തിയ പട്ടാളക്കാരൻ വേശ്യാലയത്തിന്റെ ഉടമയുമായി നടത്തുന്ന സംഭാഷണത്തിലൂടെയാണ് കഥാ കാരൻ ഈ ദാർശനിക പ്രശ്നങ്ങൾ ചർച്ചക്ക് വെക്കുന്നത്. യഹൂദരുടെ രക്ഷകൻ പിറവിയെടുത്തിട്ടു ള്ളതിനാൽ അവനെ നശിപ്പിക്കണമെന്നാണ് രാജകല്പന. എന്നാൽ ഏതാണാ രക്ഷകൻ ? അറിയില്ല. അതിനാൽ എല്ലാ കുഞ്ഞുങ്ങളെയും വക വരുത്തുക എന്നതാണ് രാജകല്പന. ഈ കല്പന നിർവ്വഹി ക്കുമ്പോഴും പട്ടാളക്കാരനു മടുപ്പുണ്ട്. കുഞ്ഞുങ്ങളുടെ രക്തം, അമ്മമാരുടെ കരച്ചിൽ പട്ടാളക്കാരൻ തന്റെ ദയനീയത തുറന്നുപറയുന്ന. ആരാണ് ഇത്തരം തീരുമാനങ്ങളെല്ലാം നടപ്പിൽ ആക്കുന്നത്. ? ഇത്ര ആയിരം കുഞ്ഞുങ്ങളുടെ ചോരയിലൂടെയാണോ ഒരു രക്ഷകൻ വരുന്നത് എന്ന് അയാൾ ചോദി ക്കുന്നു. ഇതു തന്നെയാണ് വേശ്യയുടെയും ചോദ്യം. മഹിമയോടെയല്ലേ രക്ഷകൻ വരേണ്ടത് ? ഈ ചോരയ്ക്കെല്ലാം രക്ഷകൻ തന്നെ ഉത്തരം പറയേണ്ടേ ? ഈ കടം അവൻ എങ്ങനെ വീട്ടും ? എന്നും അവൻ അവൾ ചോദിക്കുന്നു.

26. " നമുക്ക് രക്ഷകനമാരെ വേണം ചോരയിലൂടെയോ പ്രതാപത്തോടെയോ അവർ വരട്ടെ. പട്ടാളക്കാ രനും വേശ്യയ്ക്കും രക്ഷകന്മാരെ വേണം. " – ഈ പ്രസ്താവനയുടെ പ്രസക്തി എന്ത് ?

ഉ. സക്കറിയയുടെ 'ആർക്കറിയാം ' എന്ന കഥയിൽ കർത്തവ്യ നിർവ്വഹണം കഴിഞ്ഞ് വേശ്യാലയ ത്തിൽ വിശ്രമത്തിനെത്തുന്ന പട്ടാളക്കാരനും വേശ്യാലയത്തിന്റെ ഉടമയും തമ്മിലുള്ള ചർച്ചയിലൂടെ ചില ദാർശനിയ പ്രശ്നങ്ങൾ ചുരുൾ നിവർത്തി പുറത്തുവരുന്നു. എല്ലാ അരുംകൊലകളും അതിക്ര മങ്ങളും വരാനിരിക്കുന്ന രക്ഷകന്റെ പേരിൽ പൊറുക്കപ്പെടുന്നു. വേശ്യക്കും പട്ടാളക്കാരനുമൊക്കെ രക്ഷകന്മാർ വേണം. അതിനാൽ രക്ഷകൻ വരട്ടെ. അത് ചോരയിലൂടെയോ പ്രതാപത്തിലൂടെയോ എങ്ങനെ ആയാലും കുഴപ്പമില്ല. രക്ഷകൻ വന്നാൽ മതി. വളരെ പ്രസക്തമായ ചിന്തയാണ് ഈ വരി കളിൽ സക്കറിയ മുന്നോട്ടു വയ്ക്കുന്നത്.

27. " അത് എന്റെ പൂച്ചപെറ്റതാണ്. മനുഷ്യക്കുട്ടിയുടെ കരച്ചിൽപോലെ തോന്നുന്നു. അല്ലേ ?; അല്ലെങ്കിൽ

28. " നീ കളവുപറഞ്ഞു വിഷമിക്കേണ്ട. അതിനി യഹൂദരുടെ രക്ഷകനാണെങ്കിൽത്തന്നെ എന്നി ക്കെന്ത്? കുളിക്കാൻ വന്നവനാണ് ഞാൻ. ജോലി കഴിഞ്ഞ് വിശ്രമിക്കുവാൻ വന്നവനാണ്. വെള്ളം ചൂടായില്ലേ ? സന്ദർഭം ഏത് ?

ഉ. സക്കറിയയുടെ 'ആർക്കറിയാം ' എന്ന കഥയിൽ രാജകല്പനപ്രകാരം നാട്ടിലെ പിഞ്ചു കുഞ്ഞു

ങ്ങളെ ആറും കൊല ചെയ്യാനിറങ്ങിയ ഒരു പട്ടാളക്കാരൻ തന്റെ കർത്തവ്യ നിർവ്വഹണത്തിനു ശേഷം ഒരു വേശ്യാലയത്തിൽ വിശ്രമത്തിനായി എത്തുന്നു. ഉറക്കമുണർന്ന പട്ടാളക്കാരനുമായി വേശ്യാല യത്തിന്റെ ഉടമ നടത്തുന്ന സംഭാഷണമാണ് കഥാസന്ദർഭം. വരാനിരിക്കുന്ന രക്ഷകന്റെ അന്ത്യമാണ് ഹെറോദേസ് രാജാവിനു വേണ്ടത്. ആയിരക്കണക്കിനു കുഞ്ഞുങ്ങളുടെ ചോരയൊഴുകി കടന്നു വരുന്ന രക്ഷകനെ ചൊല്ലി പട്ടാളക്കാരനും വേശ്യയും സംസാരിക്കുന്നു. കാര്യങ്ങൾ എത്ര ക്രൂരമാണെങ്കിലും തങ്ങൾക്ക് ഒരു രക്ഷകൻ കൂടിയേ കഴിയൂ. എന്ന തീരുമാനത്തിൽ അവരിരുവരും ഒന്നിക്കുന്നു. കുളി ക്കാൻ തയ്യാറെടുക്കവേ പട്ടാളക്കാരൻ സാക്ഷയിട്ട മുറിയിൽ നിന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽ കേൾക്കു ന്നു. പെട്ടെന്ന് അതിന്റെ കരച്ചിൽ ആരെ അമർത്തിപ്പിടിക്കുന്നു. ഒരു തളർന്ന പുഞ്ചിരി പട്ടാളക്കാരന്റെ മുഖത്തുണ്ടായി. വേശ്യാലയത്തിൽ ആരും രക്ഷകനെ തേടി വന്നില്ല അല്ലേ എന്ന അദ്ദേഹത്തിന്റെ ചോദ്യം രക്ഷകന്റെ ആഗമനത്തെ സംബന്ധിച്ച മറ്റൊരു ചിന്തക്ക് അവസരം നൽകുന്നതാണ്. എന്നാൽ ആ കരച്ചിൽ ഒരു പൂച്ചക്കുട്ടിയുടേതാണെന്നും മുനഷ്യകുഞ്ഞിന്റെ കരച്ചിൽപോലെ തോന്നുന്നു എന്നും പറഞ്ഞ് വേശ്യ കുഞ്ഞിനെ രക്ഷിക്കാൻ ശ്രമിക്കുമ്പോൾ കളവുപറഞ്ഞു താൻ പ്രയാസപ്പെടേണ്ട എന്നും ആ കുഞ്ഞ് യഹൂദരുടെ രക്ഷകനാണെങ്കിൽ തനിക്ക് എന്ത് ? താൻ ജോലികഴിഞ്ഞ് വിശ്രമിക്കാൻ എത്തിയവനാണ്. പട്ടാളക്കാരന്റെ നിസ്സംഗമായ മറുപടി അയാളുടെ കർത്തവ്യത്തിൽ അതൃപ്തി വ്യക്തമാക്കുന്നു.

29. " നിന്റെ മകൻ വളർന്ന് രാജാവാകുമ്പോൾ ഞങ്ങളെയും രക്ഷിക്കാൻ പറയൂ" ഈ അഭ്യർത്ഥന നട ത്തിയതാര് ? സന്ദർഭം ഏത് ?

ഉ. സക്കറിയയുടെ 'ആർക്കറിയാം' എന്ന കഥയിൽ, യഹൂദരുടെ രക്ഷകൻ പിറവിയെടുത്തെന്ന വിവരം ലഭിച്ചതിനാൽ നാട്ടിലെ മുഴുവൻ കുഞ്ഞുങ്ങളെയും നിഗ്രഹിക്കാൻ കല്പിക്കപ്പെട്ട ഒരു പട്ടാളക്കാരൻ തന്റെ കർത്തവ്യനിർവഹണശേഷം വിശ്രമിക്കാനായി ഒരു വേശ്യാലയത്തിൽ എത്തുന്നു. കുളി കഴിഞ്ഞ് അയാൾ ഗാഢമായ ഉറക്കത്തിലായപ്പോൾ അവിടെ ഒളിപ്പിക്കപ്പെട്ടിരുന്ന കുഞ്ഞിനെ രക്ഷപ്പെടുത്താനു ളള ശ്രമത്തിലായിരുന്നു വേശ്യാലയത്തിന്റെ ഉടമസ്ഥയും സഹായികളും. പുറത്തുകാത്തുനിൽക്കുന്ന കഴുതപ്പുറത്ത് കുഞ്ഞിനെയും അമ്മയെയും കയറ്റി യാത്രാമൊഴി പറയുന്നതാണ് സന്ദർഭം. തങ്ങൾക്ക് അഭയം നൽകയിതിന് നന്ദിയുണ്ടെന്നും ഒരു പ്രത്യുപകാരം ചെയ്യാൻ തങ്ങൾക്ക് കഴിയില്ലെന്നും കുഞ്ഞിന്റെ അമ്മ അറിയിക്കുന്നു. അപ്പോൾ വേശ്യാലയത്തിന്റെ ഉടമസ്ഥയുടെ അഭ്യർത്ഥനയാണ് മേൽ ഉദ്ധരിച്ച വാക്യം. യഹൂദരുടെ രക്ഷകനായ മകനോട് വേശ്യകളായ തങ്ങളെ രക്ഷിക്കാനാണ് അവർ അഭ്യർത്ഥിക്കുന്നത്.

30. മലയാളത്തിൽ ശ്രദ്ധേയരായ രാഷ്ട്രീയ കഥാകൃത്തുക്കളിൽ പ്രമുഖർ ?

ഉ. സി. അച്യുതക്കുറുപ്പ് (1911–2000) ഡി. എം. പൊറ്റെക്കാട്( എം.ദമോദരൻ പൊറ്റെക്കാട് 1923–1977) ചെറുകാട് ഗോവിന്ദപ്പിഷാരടി, എൻ. ഗോവിന്ദൻ കുട്ടി, എസ്. ആർ കമ്മത്ത്, ഏ.പി. കളയ്ക്കാട്, ജോസ് .ജെ. ചാലങ്ങാടി, പെരുന്ന കെ. വി. തോമസ്.

31. ടി. പത്മനാഭന്റെ ' മകൻ' എന്ന കഥയുടെ ആഖ്യാനം നിർവഹിക്കപ്പെട്ടിരിക്കുന്നത് എങ്ങനെ ?

ഉ. മകന്റെ ഭാര്യയുടെ അനുജത്തിയുടെ വിവാഹത്തിന് അകലെയുളള തീർത്ഥാടന നഗരിയിലെ ക്ഷേത്ര ത്തിൽ പോയി തിരിച്ചെത്തിയ അച്ഛന്റെ വിചാരങ്ങളിലൂടെയാണ് 'മകൻ' എന്ന കഥ ആഖ്യാനം ചെയ്യ പ്പെട്ടിരിക്കുന്നത്.

32. സി.വി. ശ്രീരാമന്റെ കൃതികൾ ഏതെല്ലാം ?

ഉ. വാസ്തുഹാര, ക്ഷുരസുധാരാ, ചിദംബരം, പുറകാഴ്ചകൾ , എന്റോസി വല്ല്യമ്മ, ദു:ഖിതരുടെ ദു:ഖം, തീർത്ഥക്കാവടി, ചക്ഷുശ്രവണഗളസ്ഥമാം, ഉർളോസ്, പാമ്പൻ പാടത്തിനും മുമ്പ്, ഓർമ്മച്ചെപ്പ്, ശ്രീരാമന്റെ കഥകൾ, സുനിമ.

33. 'വാസ്തുഹാര'യുടെ കഥാ പ്രമേയം എന്ത് ?

ഉ. ബംഗാൾ വിഭജനത്തിനുശേഷം ഇന്ത്യയിലും ബംഗ്ലാദേശിലുമായി കഴിച്ചുകൂട്ടേണ്ടിവന്ന കുടുംബ ങ്ങളുടെ ദയനീയ ജീവിതവും അവരുടെ ധാർമ്മികരോഷവും വിപ്ലവപ്രവർത്തനങ്ങളും ആണ് ' വാസ്തു ഹാര'കഥയുടെ പ്രമേയം.

34. 'വാസ്തുഹാര'മുന്നോട്ടുവയ്ക്കുന്ന ആശയം എന്ത് ?

ഉ. സ്വന്തം ഭൂമിയും ധനവും സമ്പാദ്യവുമെല്ലാം അപഹരിക്കപ്പെട്ട് അപമാനിതരും മർദ്ദിതരുമായിക്കഴിയുന്ന ജനത വിപ്ലവ പ്രവർത്തനങ്ങളിലേക്ക് സ്വമേധയാ സജ്ജരായി കടന്നുവരുന്നുവെന്ന് കഥാകൃത്ത് ദമയന്തിയുടെയും സഹോദരന്റെയും പ്രവർത്തനങ്ങളെ ചൂണ്ടിക്കാണിച്ച് വ്യക്തമാക്കിത്തരുന്നു. പ്രശ്നപരിഹാരത്തിുള്ള അനേകം പോംവഴികളെക്കുറിച്ചുള്ള ആലോചനയ്ക്കും കഥാകൃത്ത് അവസരമൊരുക്കുന്നു.

35. " ബാബു, എന്നിക്കീ നശിച്ച കൊൽക്കത്തയിൽ നിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടണം അല്ലെങ്കിൽ എന്റെ രണ്ടു മക്കളും– ആരാണ് കൊൽക്കത്തയിൽ നിന്ന് രക്ഷപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നത് ? കാരണം എന്ത് ?

ഉ. സി. വി. ശ്രിരാമന്റെ 'വാസ്തുഹാര' എന്ന കഥ ബംഗാൾ വിഭജനകാലത്ത് പീഡനമനുഭവിക്കപ്പെട്ട ജനതയുടെ വേദന പങ്കിടുന്നതാണ്. കൊൽക്കത്തയിലെ ബനഡിക് സ്ട്രീറ്റിലെ സർദാർജി ഹോട്ടലിൽ താമസിക്കുന്ന റെഫ്യൂജി ഓഫീസറെത്തേടി ഒരു ബംഗാളി സ്ത്രീ എത്തുന്നു. അഭയാർത്ഥികളായവരെ ആന്തമാൻ ദ്വീപിലേക്ക് കൊണ്ടുപോയി ഒരു ഏക്കർ ഭൂമിയും വീടും കന്നുകാലികളും വീട്ടുസാധനങ്ങളും കൊടുക്കുന്നത് അറിഞ്ഞു വന്നവളാണവർ. തന്നെയും അഭയാർത്ഥികളുടെ പട്ടികയിൽപെടുത്തികൊൽക്കത്തയിൽ നിന്നുകൊണ്ടുപോകണമെന്ന അഭ്യർത്ഥനയുമായാണ് അവൾ വന്നത്. ജീവിതത്തിൽ സുഖം എന്തെന്ന് അറിയാത്തവളാണ് താനെന്നും ഒരു ദിവസമെങ്കിലും സ്വസ്ഥതയോടെ ഇരുന്നു മരിച്ചാൽ മതിയെന്നും അവൾ അയാളെ അറിയിക്കുന്നു.

36. തന്നെതേടിയെത്തിയ ബംഗാളി സ്ത്രീയുടെ അഭ്യർത്ഥനയ്ക്ക് റെഫ്യൂജി ഓഫീസർ നൽകിയ പ്രതികരണമെന്തായിരുന്നു. ?

ഉ. ബംഗാൾ വിജനത്തിൽ കഷ്ടതയനുഭവിക്കുന്ന അഭയാർത്ഥികളെ സഹായിക്കാനുള്ള പദ്ധതി അറിഞ്ഞ് എത്തിയ ഒരു ബംഗാളി സ്ത്രീയുടെ ആവശ്യത്തിനുമുന്നിൽ റെഫ്യൂജി ഓഫീസർ അമ്പരന്നുനിന്നു. കർഷകരും താഴ്ന്നജാതിക്കാരുമായ അഭയാർത്ഥികൾക്കു മാത്രമുള്ള പദ്ധതിയാണത്. 'കയസ് ഥൊ' എന്ന ഉയർന്ന ജാതിയിൽപെട്ടതിനാൽ അവളെ ഈ പദ്ധതിയിൽപ്പെടുത്താനവില്ലെന്ന് അയാൾ അറിയിച്ചു. എന്നാൽ തന്റെ മക്കൾക്ക് അവിടെ എന്തെങ്കിലും ജോലി തരപ്പെടുത്തിതരാമോ എന്ന അന്വേഷണത്തിന് അവളുടെ മേൽവിലാസം വാങ്ങി 'കാണാം' എന്നയാൾ സമ്മതിക്കുന്നു.

37. " സ്വന്തം അമ്മ പറഞ്ഞാൽ അനുസരിക്കാത്തവളോട് ഒരു വിദേശിപറഞ്ഞാൽ " – സന്ദർഭം ഏത് ?

അല്ലെങ്കിൽ

38. 'ഇന്നു കൊൽക്കത്തയിലെ സ്ഥിതി അതാണ് " ഈ പ്രസ്താവനയുടെ വിവക്ഷ എന്ത് ?

ഉ. വിഭജനം കൊണ്ടു കഷ്ടത അനുഭവിക്കുന്ന ജനതയെ സഹായിക്കാനുള്ള പദ്ധതിയിൽ തന്നെയും ഉൾപ്പെടുത്താമോ എന്ന് അന്വേഷിച്ചുവന്ന ബംഗാളി സ്ത്രീയെ റഫ്യൂജി ഓഫീസർ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കികൊടുക്കുന്നു. താഴ്ന്ന ജാതിക്കാരായ കർഷകരെമാത്രം ഉദ്ദേശിച്ചുള്ള പദ്ധതിയാണ് എന്ന് അറിഞ്ഞപ്പോൾ ആ സ്ത്രീ ഓഫീസററോട് മറ്റൊരു അഭ്യർത്ഥന നടത്തുന്നു. തന്റെ മക്കൾക്ക് ദ്വീപിൽ എന്തെങ്കിലും ജോലിയുണ്ടാക്കിത്തരാമോ എന്ന്. അവിടെ ധാരാളം ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഉള്ളതിനാൽ അവിലെ ജോലി കിട്ടാൻ വലിയ ബുദ്ധിമുട്ടുണ്ടാകില്ലെന്നു അയാൾ അറിയിക്കുന്നു. പക്ഷേ താൻ പറഞ്ഞാൽ അവൾ കേൾക്കില്ലെന്നും ഓഫീസർ പറഞ്ഞാൽ നടക്കുമെന്നും അവൾ നിർദ്ദേശിച്ചു. അപ്പോൾ ഓഫീസർ നൽകുന്ന മറുപടി ഇതായിരുന്നു. സ്വന്തം അമ്മ പറഞ്ഞാൽ അനുസരിക്കാത്തവരോട് ഒരു വിദേശി പറഞ്ഞാൽ ....... " അയാളുടെ സംശയം പക്ഷേ ബംഗാളിസ്ത്രീക്ക് ഉണ്ടായിരുന്നില്ല. കൊൽക്കത്തയിലെ സ്ഥിതി ഇപ്പോൾ ഇങ്ങനെയൊക്കെയാണ് എന്ന് അവർ വ്യക്തമാക്കുന്നു. വിഭജനകാല ബംഗാളിന്റെ നേർചിത്രമാണ് 'വാസ്തുഹാര'യിലൂടെ സി. വി. ശ്രീരാമൻ ആലേഖനം ചെയ്യുന്നത്.

39. ദമയന്തി കേരള ജനതയെ വെറുക്കാൻ കാരണമെന്ത് ?

ഉ. സി.വി. ശ്രീരാമന്റെ 'വാസ്തുഹാര' എന്ന കഥയിൽ റഫ്യൂജി ഓഫീസർ തന്നെ തേടി ഒരിക്കൽ

എത്തിയ ആരതിപ്പണിക്കരുടെ വീട്ടിൽ എത്തുന്നു. ചായയും പലഹാരവും കഴിക്കുന്നതിനിടയിൽ ആണ് ആരതിയുടെ മകൾ ദമയന്തി എത്തുന്നത്. ഓഫീസർ കേരളത്തിൽ നിന്നാണെന്ന് അറിഞ്ഞ പാടെ അവൾ, താൻ കേരളജനതയെ വെറുക്കുന്നു എന്ന് പറഞ്ഞു. മലയാളികൾ ഭീരുക്കളും അവസരവാദികളും റിഏക്ഷണറികളുമാണ് അവളുടെ കാഴ്ചപ്പാട്. കൊൽക്കത്തയിൽ എത്തുന്ന മലയാളികൾ നാലുദിവസം വിപ്ലവപ്രസ്ഥാനങ്ങൾക്കൊപ്പം നടക്കുന്നു. ജോലികിട്ടിയാൽ പിന്നെ ഒന്നിനുമില്ല. ശരിക്കും കരിയറിസ്റ്റുകൾ. രാഷ്ട്രം സ്വതന്ത്രമാകണമെന്നും എല്ലാവർക്കും സമത്വം വേണം എന്നും ആഗ്രഹിക്കുന്ന ദമയന്തിയുടെ കണ്ണിലൂടെ മലയാളികളുടെ യഥാർത്ഥ സ്വഭാവം വരച്ചുവയ്ക്കുകകയണ് കഥാകൃത്ത്.

40. 'അന്ന് രാത്രി അയാൾ ലൈറ്റണച്ച് ഉറങ്ങാൻ കിടന്നപ്പോഴാണ് അവരുടെ ദു:ഖത്തിന്റെ ഇരുട്ട് അയാളെ കടന്നാക്രമിച്ചത്. ? – ആരെ ? കാരണമെന്തായിരുന്നു ?

ഉ. സി.വി. ശ്രീരാമന്റെ 'വാസ്തുഹാര' എന്ന കഥയിൽ കഥാനായകനായ റഫ്യൂജി ഓഫീസർ, തന്റെ വീട്ടിലെത്തിയ ബംഗാളി സ്ത്രീയെ ക്ഷണം സ്വീകരിച്ച് അവളുടെ വീട്ടിൽ എത്തുന്നു. കുശലാന്വേഷണത്തിൽ നിന്നും ആ സ്ത്രീ ആരതിപ്പണിക്കർ തന്റെ കുഞ്ഞുണ്ണി അമ്മാവന്റെ ഭാര്യയാണെന്ന് തിരിച്ചറിയുന്നു. ഒരു ഗതിയുമില്ലാതെ ജീവിക്കുന്ന അവരെക്കുറിച്ചുള്ള ചിന്ത അയാളെ അസ്വസ്ഥനാക്കുന്നു.

41. " പ്രതീക്ഷിച്ചതിലും വേഗത്തിൽ മറുപടി വന്നു. അമ്മയുടെ മാത്രമല്ല, മറ്റുപലരുടെയും എല്ലാം ഒരേ സ്വരത്തിൽ" എന്തായിരുന്നു കത്തിലെ ഉള്ളടക്കം ?

അല്ലെങ്കിൽ

42. അങ്ങനെവല്ലതും കൊടുക്കണമെന്ന് തോന്നുന്നുണ്ടെങ്കിൽ നീ സമ്പാദിച്ചു കൂട്ടിയിട്ടില്ലേ ! അതിൽ നിന്ന് എടുത്ത് കൊടുത്തോളൂ" – എന്താണ് ഈ പ്രസ്താവനക്ക് കാരണം. ?

അല്ലെങ്കിൽ.

43. 'ആ ദിവസമത്രയും അയാൾ ആ വരികളിൽ മാത്രം സഞ്ചരിച്ചു." – സന്ദർഭം എന്ത് ?

ഉ. സി.വി.ശ്രീരാമൻ 'വാസ്തുഹാര' എന്ന കഥയിൽ റഫ്യൂജി ഓഫീസർ തന്നെ സമീപിച്ച ഒരു ബംഗാളി സ്ത്രീയുടെ ഇടപെടലിൽ ഉണ്ടായ കൗതുകം നിമിത്തം അവരുടെ വീട് സന്ദർശിക്കുന്നു. കുശലാന്വേഷണത്തിൽ ആരതിപ്പണിക്കർ എന്ന ആ ബംഗാളി സ്ത്രീ തന്റെ അമ്മാവന്റെ ഭാര്യാണെന്ന അറിവ് അയാളിൽ അമ്പരപ്പുണ്ടാക്കുന്നു. തന്നോടുവന്നു സഹായം തേടിയത് അമ്മായിയാണെന്നത് അയാൾക്ക് പ്രയാസകരമായിതോന്നുന്നു. അവരുടെ വീട്ടിൽ നിന്നും തിരിച്ചെത്തിയിട്ടും അയാൾക്ക് അസ്വസ്ഥത തീർന്നില്ല. ഉറങ്ങാൻ കിടന്നപ്പോൾ ലൈറ്റണച്ചു എങ്കിലും അതി ഭീകരമായ ഇരുട്ട് അയാളെ കൂടുതൽ അസ്വസ്ഥനാക്കി. ഉടൻ എഴുന്നേറ്റ് തന്റെ അമ്മയ്ക്ക് അയാൾ ഒരു എഴുത്ത് തയ്യാറാക്കി അയച്ചു. എന്നാൽ പ്രതീക്ഷിച്ചതിലും വേഗത്തിൽ അയാൾക്ക് മറുപടി ലഭിക്കുകയുണ്ടായി. അമ്മയ്ക്കു പുറമേ മറ്റു പലരും മറുപടി അയച്ചിട്ടുണ്ട്. പക്ഷേ എല്ലാ കത്തിലും ഒരേ സ്വരം മാത്രം. ബംഗാളിൽ നിർദ്ധനരും നിരാലംബരുമായി കഴിയുന്ന അമ്മായിക്കും മകൾക്കും എന്തെങ്കിലും കൊടുക്കണമെന്ന തോന്നലുണ്ടെങ്കിൽ സ്വന്തം സമ്പാദ്യത്തിൽ നിന്നും എടുത്തുകൊടുക്കാൻ. കത്തിലെ അവസാനത്തെ വരിയായിരുന്നു അത്. ആ ദിവസമത്രയും അയാൾ ആ വരികളിൽ മാത്രം സഞ്ചരിച്ചു ഒടുവിൽ ഇരിക്കപ്പൊറുതി ഇല്ലാതായപ്പോൾ അയാൾ എഴുന്നേറ്റു നടന്നു. കഥയിൽ വല്ലാത്ത വഴിത്തിരിവുണ്ടാക്കുന്ന സന്ദർഭമാണ് ഓഫീസർ ആ ബംഗാളി സ്ത്രീയെ വീട്ടിൽപ്പോയി കാണുന്നതും അവരെപ്പറ്റി കൂടിതൽ മനസ്സിലാക്കുന്നതും.

44. " സ്നേഹമുള്ളവരുടെ ഉപദേശം എന്നും റീ ആക്ഷണറിയായിരിക്കും. അതൊരു പ്രപഞ്ചരഹസ്യമാണ്....... " ദയമയന്തിക്ക് വേണു നൽകിയ ഉപദേശം എന്തായിരുന്നു. ?

ഉ. ദമയന്തിയുടെ അമ്മ ആരതിപ്പണിക്കർ ആയുഷ്കാലം മുഴുവൻ ദു:ഖത്തിൽ മാത്രം ജീവിച്ചവരാണ്. അവർക്ക് പ്രായമായി വരുന്നു. പെൻഷനുള്ള ജോലിയുമില്ല. അതിനാൽ ദമയന്തി എന്തെങ്കിലും ജോലിചെയ്യാൻ ശ്രമിക്കണം. ഇതായിരുന്നു വേണുവിന്റെ ഉപദേശം.

45. " ഈ തീപ്പൊരി പെൺകുട്ടി ഇത്ര സെന്റിമന്റലോ ഈ തീക്കുടുക്കക്ക് ആവരണം....തുഷാര ബിന്ദുക്കളോ.....? – വേണു ഇങ്ങനെ ആലോചിക്കാൻ കാരണം എന്ത് ?

ഉ. സി.വി. ശ്രീരാമന്റെ 'വാസ്തുഹാര' യിൽ അപഹരിക്കപ്പെട്ട ജീവിതങ്ങളുടെ പിന്നാമ്പുറക്കാഴ്ചകൾ അനുഭവപ്പെടുത്തിത്തരുന്നു. റെഫ്യൂജി ഓഫീസർ ആയി തങ്ങളുടെ നാട്ടിലെത്തിയ ആളെ തന്റെ അമ്മാവൻ ആണന്നു അമ്മ പരിചയപ്പെടുത്തിക്കൊടുത്തപ്പോൾ ദമയന്തി സന്തോഷം കൊണ്ടു വികാരഭരിതയായിത്തീരുന്നു. അവളുടെ ചെറിയ മുഖം ചുവന്നു. എന്തോ പറയുന്നതിന് ചുണ്ടുകൾ വിറച്ചു. ശരീരം ഒന്നിളകി. പിന്നെ വേഗം വേഗം മുന്നോട്ടുവന്നു വേണുവിന്റെ കാലിൽ തൊട്ട് പ്രണാമം ചെയ്യാൻ ശിരസ്സുകുനിച്ചു. അയാൾ കാലുപിൻവലിച്ചു. അവളുടെ മുഖം പിടിച്ച് ഉയർത്താൻ ശ്രമിച്ചു. എന്നാൽ പിൻവലിച്ച കാലിന്റെ ഷൂവിൻ മേൽ ഒരിറ്റ് കണ്ണീര് ഉരുണ്ടു കൂടി. അത് താഴ്ത്തേക്കൊഴുകി. അവൾ അയാളെ " ദാദാ...." എന്നു വിളിച്ചു. അതുവരെ കണ്ടാൽ കടിച്ചു കീറാൻ വന്നിരുന്നവളായിരുന്നു ദമയന്തി. എന്തിനും തർക്കം ഉന്നയിക്കുന്ന, സമരമനോഭാവമുളള തീപ്പൊരി..... അവൾ ഇത്ര മനസ്സലിവ് ഉളളവളാണെന്ന കാര്യം വേണുവിനെ അത്ഭുതപ്പെടുത്തുന്നു.

46. "ക്ലേശങ്ങളോട് മല്ലിട്ടു മല്ലിട്ടു എന്റെ ജീവതിതത്തിന്റെ സായാഹ്നത്തിൽ ഭൊവാനി നീട്ടിത്തരുന്ന ഭിക്ഷ...." ആരുടെ വാക്കുകൾ.. സന്ദർഭം എന്ത് ?

ഉ. സഹായത്തിനായി തന്നെ സമീപിച്ച ബംഗാളിസ്ത്രീ തന്റെ കുഞ്ഞുണ്ണി അമ്മാവന്റെ ഭാര്യയാണെന്ന അറിവ് വേണുവിനെ അസ്വസ്ഥനാക്കുന്നു. ആരതിപ്പണിക്കർ എന്ന അമ്മായിയും അവരുടെ മക്കളും കഷ്ടപ്പാടു നിറഞ്ഞ ജീവിതമാണ് നയിക്കുന്നതെന്നറിഞ്ഞ വേണു നാട്ടിൽ തിരിച്ചെത്തി അമ്മാവന്റെ സ്വത്ത് അമ്മയായിക്ക് ലഭ്യമാക്കാനുളള ശ്രമം നടത്തുന്നു. എന്നാൽ എല്ലാവരുടെയും കണ്ണിലും മോശക്കാരിയ ഭവാനി അമ്മായി ഒഴികെ മറ്റുളളവരാരും ഇതുമായി സഹകരിക്കുന്നില്ല. ആരതി അമ്മായിയെ ഇക്കാര്യം അറിച്ചപ്പോൾ അവരുടെ പ്രതികരണമാണ് ഇത്.

47. 'ഗൗരി' എന്ന കഥയിൽ ബാഗ്മതിപ്പുഴയെ കഥാകാരൻ അവതരിപ്പിച്ചതിന്റെ ഔചിത്യമെന്ത് ?

ഉ. ടി. പത്മനാഭന്റെ 'ഗൗരി' എന്ന കഥ സ്നേഹത്തിന്റെ മധുര മോഹനമായ അടയാളപ്പെടുത്തലാണ്. കാഠ്മണ്ഡുവിലെ പശുപതിനാഥക്ഷേത്ര സന്നിധിയിൽ ബാഗ്മതി നദിക്കരിയിൽ ഗൗരിയുംകാമുകനും വർഷങ്ങൾക്കു ശേഷം സംഗമിക്കുന്നു. ക്ഷേത്ത്രിന്റെ പിറകിലെ വലിയ കൽക്കെട്ടിൽ ചരിച്ചു പണിത പടവുകളിലൂടെ അവർ ബാഗ്മതിലൂടെ കരിയിലേക്ക് ഇറങ്ങി ചെല്ലുന്നു. കരയിലെ ചിതകളിൽ ശവങ്ങളരിയുന്നുണ്ടായിരുന്നു. ആകാശം ഇരുണ്ടു കിടക്കുകകയായിരുന്നു. വളരെ നേരിയ ഒരു ചാറ്റൽ മഴയുണ്ടായിരുന്നു. പക്ഷേ അവർ അതൊന്നും അറിയാതെ ബാഗമതിയുടെ കരയിലെ ചിതകളിലേക്ക് നോക്കി മൂകരായിരുന്നു.... പുഴ കാലപ്രവാഹമായാണ് ഇവിടെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. ആദിമധ്യാന്തങ്ങളില്ലാത്ത കാലത്തിന്റെ ഒഴുക്കായാണ് പുഴയെ കഥാകാരൻ ചിത്രീകരിക്കുന്നത്. ചിത ഭൗതികശരീരത്തിന്റെ നശ്വരത അടയാളപ്പെടുത്തുന്നു. ചിതയെരിയൽ പ്രണയത്തിന്റെ അനിവാര്യമായ നശ്വരതയെയും ധ്വനിപ്പിക്കുന്നു.

**III** മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

1. ദേശചരിത്രത്തോടും നാട്ടുവഴക്കങ്ങളോടുമുളള എം.ടി. വാസുദേവൻ നായരുടെ പ്രതിപത്തിക്ക് ഉദാഹരണമാണ് ' ശിലാലിഖിതങ്ങൾ' പരിശോധിക്കുക.

2. ' ശിലാലിഖിതങ്ങൾ' എന്ന കഥയിൽ പ്രതിഫലിക്കുന്ന വീട്ടന്തരീക്ഷ ചിത്രണങ്ങളിലെ ഗൃഹാതുരത വിവരിക്കുക.

3. എം.ടി. കഥകളിലെ പുരുഷ കഥാപാത്രങ്ങളിൽ വന്ന അപവാദ സമീപനത്തിന് ഉദാഹരണമാണ് പ്രൊഫസർ ഗോപാലൻകുട്ടി-- നിരൂപിക്കുക.

4. മക്കളെ ഓർത്തു പിടയുന്ന മനസ്സുമായി കഴിയുന്ന മാതാപിതാക്കൾ ടി. പത്മനാഭമന്റെ കഥാന്തരീക്ഷത്തിൽ ഏറെയുണ്ട്.-- വിശദമാക്കുക.
5. 'മകൻ' എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക
6. ടി. പത്മനാഭന്റെ കഥ പറയുകയല്ല, കഥ അനുഭവപ്പെടുത്തുകായാണ്. 'മകൻ' എന്ന കഥയെ മുൻനിർത്തി ആലോചിക്കുക.
7. സ്വന്തം അമ്മയെപ്പോലും മറക്കുന്ന മകനെ ഓർത്ത് വിതുമ്പുന്ന അച്ഛന്റെ ഹൃദയാവിഷ്കാരമാണ് ടി. പത്മനാഭന്റെ 'മകൻ' ലൂടെ നിർവ്വഹിക്കുന്നത്. വിശദീകരിക്കുക.

8. ടി. പത്മനാഭന്റെ കഥാഖ്യാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? 'മകൻ' എന്ന കഥയെ മുൻനിർത്തി ചർച്ചചെയ്യുക.
9. ആർക്കറിയാം' എന്ന കഥ മുന്നോട്ടുവയ്ക്കുന്ന ദാർശനിക ചർച്ചകൾ എന്തെല്ലാം ?
10. സംഘടിത മത രാഷ്ട്രീയ ബോധങ്ങൾ നിലയുറപ്പിച്ചിരിക്കുന്ന വിശ്വാസപ്രമാണങ്ങളെ സംബന്ധിച്ച ആലോചനകയാണ് സക്കറിയയുടെ 'ആർക്കറിയാം' എന്ന കഥ..ചർച്ചചെയ്യുക.
11. സവിശേഷമായ രചനാസിദ്ധി കൈമുതലായുള്ള സക്കറിയയുടെ കഥകൾ ആധുനികതയുടെ എന്ന പോലെ ആധുനികോത്തരതയുടെയും സ്വഭാവം പ്രകടമാക്കുന്നു. വിലയിരുത്തുക.
12. 'വാസ്തുഹാര' എന്ന ചെറുകഥയിൽ അടങ്ങിയ സന്ദേശം എന്തെന്ന് ഇതിവൃത്തം വിശദീകരിച്ചു ചർച്ച ചെയ്യുക.
13. 'വാസ്തുഹാര' യിലെ ദേവകിയമ്മയും ഭവാനിയമ്മായിയും സമൂഹത്തിലെ വ്യത്യസ്ത ചിന്താഗതികളെ പ്രതിനിധാനം ചെയ്യുന്നു. കഥാസന്ദർഭങ്ങൾ എടുത്തുകാണിച്ച് സ്വഭിപ്രായം അവതരിപ്പിക്കുക.
14. 'വാസ്തുഹാര' യിലെ വേണു എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.
15 ''സമൂഹത്തോടുള്ള തന്റെ ഉത്തരവാദിത്തം ഒരിക്കലും വിസ്മരിക്കാത്ത മനുഷ്യരുടെ ധർമ്മസങ്കടങ്ങളും ആത്മ വേദനകളും ആണ് സി. വി. ശ്രീരാമന്റെകഥകൾ '' വാസ്തുഹാര' യെ മുൻനിർത്തി ആലോചിക്കുക.
16. മനുഷ്യരുടെയും അവരുടെ സാമൂഹ്യാവസ്ഥകളുടെയും ആഴങ്ങളിലേക്ക് അനുവാചകനെ കൊണ്ടു പോകാനുള്ള ശ്രമമാണ് സി.വി. ശ്രീരാമന്റെ കഥകൾ 'വാസ്തുഹാരയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

# മൊഡ്യൂൾ III

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1. ..........എന്ന തത്ത്വചിന്തകന്റെ ദാർശനിക ചിന്തയാണ് അസ്തിത്വവാദത്തിന് അവസരമൊരുക്കിയത്.

ഉ. കീർക്കഗാഡ് (ഡാനിഷ്)

2. അസ്തിത്വവാദത്തെ പൂർണമായ ഒരു തത്ത്വചിന്തയായി രൂപപ്പെടുത്തിയത് ആര് ?

ഉ. ഴാങ് പോൾ സാർത്ര് . (ഫ്രാൻസ്)

3. അസ്തിത്വ ചിന്തകരുടെ ബൈബിൾ ' എന്നറിയപ്പെടുന്ന ഗ്രന്ഥം ?

ഉ. ബീയിംഗ് ആന്റ് നത്തിംഗ്സ്

4. ബീയിംഗ് ആന്റ് നത്തിംഗ്സ് ' എന്ന ഗ്രന്ഥം രചിച്ചത് ?

ഉ. ഴാങ് പൊൾ സാർത്ര.

5. ഉത്തരാധുനികത എന്ന സംജ്ഞ ആദ്യം ഉപയോഗിച്ചത് ആര് ?

ഉ. ടോയൻബി, ചാൾസ് ഓർസൺ എന്നിവർ.

6. എം. മുകുന്ദൻ ജനിച്ചത് എവിടെ ? എന്ന് ?

ഉ. 1942 സെപ്തംബർ 10ന്, മാഹിയിൽ

7. 'ഹൃദയവതിയായ ഒരു പെൺകുട്ടി' എന്ന കഥാസമാഹാരം ആരുടേതാണ്. ?

ഉ. എം. മുകുന്ദൻ.

8. 1985 ലെ കേരളസാഹിത്യ അക്കാദമി അവാർഡു നൊടിയ കഥാസമാഹാരമാണ്-----

ഉ. ഹൃദയവതിയായ ഒരു പെൺകുട്ടി.

9. 'അഞ്ചര വയസ്സുളള കുട്ടി ' എന്ന കഥ രചിച്ചത് ആര് ?

ഉ. എം. മുകുന്ദൻ.

10. 'എന്താണ് ആധുനികത' എന്ന സാഹിത്യ വിമർശനപുസ്തകം രചിച്ചത് ആര് ?

ഉ. എം. മുകുന്ദൻ.

11. സാഹിതരംഗത്തെ സംഭാവനകൾ മുൻനിർത്തി എം. മുകുന്ദന് ഫ്രഞ്ച് ഗവൺമെന്റ് 1998 -ൽ നൽകിയ അവാർഡ് ഏത് ?

ഉ. ഷവലിയർ അവാർഡ്.

12. എം. മുകുന്ദൻ രചിച്ച നാടകമാണ്........

ഉ. ഇരുട്ട്

13. മലയാളത്തിലെ ആദ്യ സൈബർ നോവലായി പരിഗണിക്കപ്പെടുന്ന 'നൃത്തം' രചിച്ചത് ?

ഉ. എം. മുകുന്ദൻ.

14. 'ഡൽഹി 1981 ' എന്ന കഥ എഴുതിയത് ?

ഉ. എം. മുകുന്ദൻ.

15. 'ആ നിമിഷം കബറിന്റെ ഇരുളിൽ നിന്ന് ഒരു കൊച്ചരിപ്രാവ് പറന്നുവന്ന് തന്റെ ഇളം കൊക്കുകൊണ്ട് നാനക് ചന്ദിന്റെ മൂർദ്ധാവിൽ ഒന്നു കൊത്തുന്നു...." എന്ന് മുകുന്ദൻ എഴുതി അവസാനിപ്പിക്കുന്ന പ്രശസ്തമായ കഥ ഏത് ?

ഉ. ഡൽഹി. 1981

16. ലക്മണൻ ലാൽ പ്യാരിലാൽ പണ്ഡിറ്റ്ജി എന്ന കഥാപാത്രം ഏതു കഥയിലാണ് ഉളളത് ?

ഉ. മുണ്ഡനം ചെയ്യപ്പെട്ട ജീവിതം (എം. മുകുന്ദൻ)

17. പണ്ഡിറ്റ്ജി ഓഫീസറെ തലമുണ്ഡനം ചെയ്ത് കഴുതപ്പുറത്ത് ഊരുചുറ്റിക്കാനുളള കാരണം എന്തായിരുന്നു. ?

ഉ. ഓഫീസർ തന്റെ വീട്ടിൽ വന്ന വൃദ്ധനു കുടിക്കാൻ വെളളം നൽകിയതിനാൽ.

18. മലയാള കഥാചരിത്രത്തിൽ രാഷ്ട്രീയമായ ആധുനതയ്ക്ക് തുടക്കം കുറിച്ച കഥാകാരൻ ?

ഉ. എം. മുകുന്ദൻ.

19. അപക്വമായ സാഹചര്യങ്ങളിലെ വിപ്ലവപ്രവർത്തനതതിന്റെ പാളിച്ചകൾ വിമർശന വിധേയമാകുന്ന കഥയാണ്........

ഉ. നാലാം യാമം.

20. 'തൂക്കുമരങ്ങൾ ഞങ്ങൾക്ക്' എന്ന കഥ രചിച്ചത്. ?

ഉ. എം. മുകുന്ദൻ.

21. 'നാലാം യാമം' ത്തിലെ കഥാപാത്രങ്ങൾ ആരെല്ലാം ?

ഉ. തടവുപുളളിയായ ഒരു വിപ്ലവകാരിയും അയാളെ യാദൃശ്ചികമായി സഹായിച്ച ഒരന്യവർഗക്കാരനും.

22. 'അസുരസങ്കീർത്തനം' എന്ന കഥാസമാഹാരം രചിച്ചത് ?

ഉ. എം. സുകുമാരൻ.

23. 'മരിച്ചിട്ടില്ലാത്തവരുടെ സ്മാരകളങ്ങൾ ' എന്ന കഥാ സമാഹാരം ആരുടേത് ?

ഉ. എം. സുകുമാരൻ.

24. 1976 ലെ കേരള സാഹിത്യ അകാദമി അവാർഡ് നേടിയ കഥാസമാഹാരം. ?

ഉ. മരിച്ചിട്ടാത്തവരുടെ സ്മാരകങ്ങൾ (എം. സുകുമാരൻ)

25. എം. സുകുമാരന്റെ ജന്മദേശം ?

ഉ. പാലക്കാട് (1943)

26. " ആധുനികതയെ വിപ്ലവാത്മക സാമൂഹിക ദർശനവും നൈതിക പ്രതിബദ്ധതയും കൊണ്ട് രാഷ്ട്രീയവത്കരിക്കുകയും രാഷ്ട്രീയത്തെ ആധുനിക മനുഷ്യാവസ്ഥയെക്കുറിച്ചുളള ബോധവും നവീനഭാവുകത്വം കൊണ്ട് ആധുനികവത്കരിക്കുകയും ചെയ്തുകൊണ്ട് മലയാള ചെറുകഥയിൽ രാഷ്ട്രീയമായ ആധുനികതയ്ക്ക് അടിത്തപാകിയതാണ് സുകുമാരന്റെ സാമൂഹിക സൗന്ദര്യാത്മക പ്രസക്തി " ..... ഈ നിരീക്ഷണം നടത്തിയത് ആര് ?

ഉ. സച്ചിദാനന്ദൻ

27. 'നാലാം യാമം' എന്ന കഥ ഏതു സമാഹാരത്തിലാണ് ഉളളത് ?

ഉ. മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ.

28. 'നീതിയുടെ തുലാസ് കൃത്യമായി രണ്ടു പേർക്കും ശിക്ഷ ഒപ്പം അളന്നു തന്നു." - ആർക്കൊക്കെ ?

ഉ. കലാപകാരിക്കും അയാൾക്ക് അഭയം നൽകിയ വിമുഖനായ സഹകാരിക്കും.

29. "നനയാതെ ഈറൻ ചുമക്കുന്നവൻ, ഉപ്പുതിന്നാതെ വെളളം കുടുന്നവൻ എന്നീ ഉദാഹരണങ്ങൾ പറഞ്ഞ് സ്വയം ആശ്വാസം കണ്ടെത്തുന്ന കിറുക്കൻ " ആരെ കുറിച്ചുളള പരാമർശമാണിത് ?

ഉ. കലാപകാരിക്ക് അഭയം നൽകിയവനെക്കുറിച്ച്.

30. എൻ. പ്രഭാകരൻ ജനിച്ചതെവിടെ ?

ഉ. 1952 ഡിസംബർ 30ന് പറശ്ശിനിക്കടവിൽ (കണ്ണൂർ ജില്ല)

31. 'മായാമയൻ' എന്ന കഥാസമാഹാരം ആരുടേത് ?

ഉ. എൻ. പ്രഭാകരൻ.

32. 1996 ലെ കേരള സാഹിത്യ അകാദമി അവാർഡ് നേടിയ 'രാത്രിമൊഴി' എന്ന കൃതിയുടെ കർത്താവ് ?

ഉ. എൻ. പ്രഭാകരൻ.

33. 'ഒറ്റയാന്റെ പാപ്പാൻ' എന്ന കഥാസാമാഹാരം ? ആരുടേത് ?

ഉ. എൻ. പ്രഭാകരൻ.

34. 'ഒന്നും ഞാൻ ആവശ്യപെട്ടില്ലല്ലോ ' എന്ന കഥ ഏതു സമാഹാരത്തിലാണ് ഉളളത്

ഉ. മറുപിറവി.

35. "ഇനിയും ഞാൻ നിങ്ങളൊടൊരുരഹസ്യം പറയാം" – രഹസ്യം എന്തായിരുന്നു.?
ഉ. തന്റെ ശരീരത്തിൽനിന്നും പുറപ്പെടുന്ന ചതിയുടെയും വിയർപ്പിന്റെയും നാറ്റം ഭർത്താവിൽ നിന്നും ഒളിപ്പിക്കാൻ ഭാര്യ പാടുപെടുന്നത് (ഒന്നും ഞാൻ ആവശ്യപ്പെട്ടിട്ടില്ലല്ലോ)
36. 'എനിക്ക് സുഖം തന്നെ' എന്ന കഥ രചിച്ചതാര് ?
ഉ. എൻ. പ്രഭാകരൻ.
37. ടി. വി. കൊച്ചുബാവ ജനിച്ചത് എന്ന് ? എവിടെ ?
ഉ. 1955 ൽ തൃശ്ശൂർ ജില്ലയിലെ കാട്ടൂർ എന്ന സ്ഥലത്ത്.
38. ടി. വി. കൊച്ചുബാവ അന്തരിച്ച വർഷം ?
ഉ. 1999
39. 'എപ്പോഴെത്തുമോ എന്തോ ? " എന്ന കഥാസമാഹാരം ആരുടേത് ?
ഉ. ടി. വി. കൊച്ചുബാവയുടെ
40. ഇറച്ചിയും കുന്തിരിക്കവും എന്ന കഥാസമാഹാരം തയ്യാറാക്കിയത് ?
ഉ. ടി. വി. കൊച്ചുബാവ
41. ടി. വി. കൊച്ചുബാവയുടെ 'ചരിത്രപുരുഷൻ ' എന്ന കഥയിലെ നായകന്റെ പേര് ?
ഉ. പുഷ്കരൻ.
42. 'ചരിത്രപുരുഷൻ എന്ന കഥ ഏതു സമാഹാരത്തിൽ നിന്നുമെടുത്തതാണ് ?
ഉ. വീടിപ്പോൾ നിശ്ശബ്ദമാണ്.
43. " സമ്മതിക്കുന്നു. ഞാനൊരു തിരുമണ്ടൻ തന്നെയാണ് തലമൂത്തവരുടെ ചൊല്ലുകേൾക്കാതെ പടുകുഴിയിൽ വീണുകിടക്കുന്ന തലതെറിച്ചവൻ ......" എന്ന് ആരംഭിക്കുന്ന കഥ ഏത് ?
ഉ. ചരിത്രപുരഷൻ.
44. മലയാള ചെറുകഥാസാഹിത്യചരിത്ത്രിലെ ആധുനിക പ്രസ്ഥാനത്തിന്റെ രണ്ട് കൈവഴികൾ എന്ന് പണ്ഡിതർ സൂചിപ്പിക്കുത് എന്തിനെ ?
ഉ. അസ്തിത്വ ദർശനവും അന്യവത്കരണവും
45. " എന്റെ ഉളളിലേറ്റ ആഴമേറിയ മുറിവുകൾ ഈ സത്യം എന്നെ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു " എന്താണ് ആ സത്യം ?
ഉ. തലമുതിർന്നവരുടെ വാക്കു കേൾക്കാതെ പടുകുഴിയിൽ വീണ തലതെറിച്ചവനാണ് താൻ എന്ന സത്യം (ചരിത്ര പുരുഷൻ)
46. സ്നേഹിതന്മാരോട് ആത്മാർത്ഥത കാണിക്കരുതെന്ന് പുഷ്കരനെ ഉപദേശിച്ചത് ആര് ?
ഉ. മുത്തച്ഛൻ
47. പുഷ്കരനു മരണത്തേക്കാൾ ദുസ്സഹമായ കാര്യം എന്തായിരുന്നു. ?
ഉ. സ്നേഹിതന്മാരോടുളള തന്റെ സത്യസന്ധതയെ തെറ്റിദ്ധരിക്കുന്നത്.
48. സന്തോഷ് ഏച്ചിക്കാനം ജനിച്ചത് എന്ന് ? എവിടെ ?
ഉ. 1971 ൽ കാസറഗോഡ് ജില്ലയിലെ ബേഡുഡക്കയിൽ
49. കൊമല' എന്ന കൃതി ആരുടേത് ?
ഉ. സന്തോഷ് ഏച്ചിക്കാനത്തിന്റേത്
50. 'കഥാപാത്രങ്ങളും പങ്കെടുത്തവരും' എന്ന കഥാസമാഹാരം എഴുതിയത് ആര് ?
ഉ. സന്തോഷ് ഏച്ചിക്കാനം
51. ഒതു ചിത്രകഥയിലെ നായാട്ടുകാർ എന്ന പുസ്തകം ആരുടേത് ?
ഉ. സന്തോഷ് ഏച്ചിക്കാനത്തിന്റെ
52. 'പന്തിഭോജനം' എന്ന കഥ ഏതു സമാഹാരത്തിലാണുളളത് ?
ഉ. കൊമാല
53. സൂസൻ ഇമ്മാനുവേലിനെ കൂട്ടുകാരികൾ എങ്ങനെയാണ് വിശേഷിപ്പിച്ചിരുന്നത് ?
ഉ. സഞ്ചരിക്കുന്ന റെസ്റ്റോറന്റ്

54. വാദിയായ കാപ്പാക്കുട്ടിയുടെ വക്കീൽ ആര് ?

ഉ. രുക്മിണി

55. സംഗീതാനമ്പൂതിരി ആരുടെ കേസാണ് വാദിക്കുന്നത്

ഉ. ചോരിഞ്ചത്ത് പാലാട്ട്‌വീട്ടിൽ ഗോപാലമേനോന്റെ.

*II 25 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.*

1. ആധുനികത (Modernism) യുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം.?

ഉ. ലോകമഹായുദ്ധങ്ങൾക്കു ശേഷം സാമൂഹികവും സാംസ്കാരികവുമായ മൂല്യത്തകർച്ചയും രാഷ്ട്രീയമായ അരക്ഷിതാവസ്ഥയും സാമ്പത്തികമായ അസ്ഥിരതയും ഉച്ചനീചത്വവും അളുകൾക്കിടയിൽ ഒരു തരം വ്യർത്ഥതാബോധം സൃഷ്ടിക്കുകയുണ്ടായി. ആധുനികമനുഷ്യൻ ഒറ്റപ്പെട്ടവനും അപരിചിതനുമാണെന്ന ധാരണ സജീവമായി. തന്നോടുതന്നെയല്ലാതെ മറ്റാരൊടും കടപ്പാടില്ലെന്ന് പ്രഖ്യാപിക്കപ്പെട്ടു. മൂല്യച്യുതി സംഭവിച്ച സമൂഹത്തിൽ ആധുനികൻ വിശ്വസിക്കില്ലെന്ന് വന്നു. മൂല്യബോധം ഉയർത്തിപ്പിടിക്കുന്ന എഴുത്തുകാർ ഒറ്റപ്പെടുകയുണ്ടായി. മാനവികതയെ അംഗീകരിക്കുന്നവരാണ് ആധുനികർ. എന്നാൽ പാരമ്പര്യത്തെ ഇവർ ശക്തമായി നിഷേധിക്കുന്നു.

2. അസ്തിത്വവാദം എന്നാൽ എന്ത് ?

ഉ. താൻ എന്താണോ അതാണ് ഒരാളുടെ അസ്തിത്വം. മനുഷ്യർ സ്വതന്ത്രരായി ജനിക്കുന്നു. സ്വതന്ത്രരായിത്തന്നെ ജീവിക്കുന്നു. മറ്റൊരാൾ തീരുമാനിക്കുന്നതിനനുസരിച്ചല്ല ഒരു മനുഷ്യനും ജീവിക്കുന്നത്. സ്വയം കണ്ടെത്തിയും നിർവചിച്ചും പ്രവൃത്തികളിലൂടെ സ്വയം അടയാളപ്പെടുത്തിയും അവൻ ജീവിക്കുന്നു. ഡാനിഷ് ചിന്തകനായ കീർക്ഗാഡ് (Soran Keirkegard 1813-1855) ആണ് അസ്തിത്വവാദ ചിന്തക്ക് തുടക്കം കുറിച്ചത്. ഹെയ്ദഗർ (ജർമ്മൻ), ഴാങ്പോൾ സാർത്ര് (ഫ്രഞ്ച്) എന്നിവർ ഈ ചിന്തക്ക് ദാർശനികമായ അടിത്തറ നൽകി. കീർക്ക് ഗാർഡിന്റെ അസ്തിത്വവാദം അസ്തികം (മതാത്മകം) ആയിരുന്നു. സാർത്രിന്റേതാകട്ടെ, നാസ്തികവും " സത്ത അസ്തിത്വത്തിനു ശേഷം ' എന്നതാണ് അസ്തിത്വവാദികളുടെ ആശയപരമായ മുദ്രാവാക്യം.

3. അസ്തിത്വവാദത്തിൽ അധിഷ്ഠിതമായ രചനകളുടെ പൊതുസവിശേഷതകൾ എന്തെല്ലം ?

ഉ. ആത്മസംതൃപ്തി ലക്ഷ്യമിട്ടാണ് അസ്തിത്വവാദിയായ ആധുകിക സാഹിത്യങ്ങൾ എഴുതുന്നത്. പരിപൂർണ്ണമായ നിസ്സംഗത പുലർത്തുന്ന ഇത്തരം എഴുത്തുകാർ ജീവിതസാഹചര്യങ്ങൾക്ക് വിധേയമായ സ്വതന്ത്രാവിഷ്കാരമാണ് ഇവർക്ക് സാഹിത്യവും ഇതരകലകളും. അന്യതാബോധം വ്യക്തിനിഷ്ഠത, നിരാശതാബോധം, വ്യർത്ഥതാബോധം, ശൂന്യതാവാദം, മരണാഭിമുഖ്യം,ലൈംഗികാരാജകത്വം, മോഹഭംഗം എന്നിവ കൂടിക്കലർന്ന ജീവിതവീക്ഷണമാണ് അസ്തിത്വവാദികളായ എഴുത്തുകാരുടെ കൃതികളിൽ കാണാനാവുക.

4. ആധുനികതയുടെ രചനാസമ്പ്രദായം സ്വീകരിച്ച പ്രധാന എഴുത്തുകാർ ആരൊക്കെ ?

ഉ. ആനന്ദ് , ഒ.വി. വിജയൻ, എം. മുകുന്ദൻ, കാക്കനാടൻ, അയ്യപ്പപ്പണിക്കർ, കെ.പി. അപ്പൻ.

5. അസ്തിത്വവാദികളായ ഏതാനും പാശ്ചാത്യ എഴുത്തുകാരുടെ പേരെഴുതുക.

ഉ. ഴാങ്പോൾ സാർത്ര് (ഫ്രാൻസ്) ഹെയർദഗർ (ജർമ്മനി) അൽബർകമു (ഫ്രാൻസ്) ഫ്രാൻസിസ കാഫ്ക (ജർമ്മൻ)

6. ഉത്തരാധുനികത (Post Modernism)യുടെ വക്താക്കളായ ലോകസാഹിത്യകാരന്മാരുടെ പേരെഴുതുക.

ഉ. നീഷെ, ഹെയ്ദഗർ, ഇർവിംഗ് ഹോവ്, ലീന ഫ്രാങ്കോയ്സ് , ല്യയോട്ടാൻഡ്, ഫ്രെഡറിക് ജയിംസൺ, ഡേവിഡ് ഗാർവോ, വാൾട്ടർ ട്രൂയെറ്റ് ആൻഡേഴ്സൺ, ഉംബർട്ടോ എക്കോ.

7. ഉത്തരാധുനികതുയുടെകടന്നുവരവിനും വളർച്ചയ്ക്കും സഹായകരമായ ഘടകങ്ങൾഏതൊക്കെ ?

ഉ. സ്ത്രീവാദം, ദലിത്‌വാദം, നവമാർക്സിസം, പരിസ്ഥിതി വാദം എന്നിവയ്ക്കു പുറമേ പത്ര-ദൃശ്യമാധ്യമങ്ങളിലൂടെ കലാ-സാംസ്കാരിക രംഗങ്ങളിൽ യാഥാർത്ഥ്യമായിത്തീർന്ന ആഗോളീകരണം, കുത്തകമുതലാളിത്ത രാഷ്ട്രങ്ങൾ വികസ്വര-അവികസിത രാഷ്ട്രങ്ങളിൽ അടിച്ചേൽപ്പിക്കുന്ന സാമ്പത്തിക

മേൽക്കോയ്മ, രാഷ്ട്രീയ രംഗത്തുണ്ടായ പ്രാദേശിക-വിഘടിത പ്രവണതകൾ, വർഗീയത, വംശീയത, മതാത്മകത എന്നിവയുടെ അവ സൃഷ്ടിക്കുന്ന സാമൂഹിക – സാംസ്കാരിക പ്രതിസന്ധികൾ, പുത്തൻ കച്ചവടതന്ത്രങ്ങൾ എന്നിവയും ഉത്തരാധുനികതയെ സജീവമാക്കിയ ഘടകങ്ങൾ.

8. എം. മുകുന്ദന്റെ പ്രധാന കഥാസമാഹാരങ്ങൾ ഏതെല്ലാം ?

ഉ. തേവിടിശ്ശിക്കിളി, തട്ടാത്തിപ്പെണ്ണിന്റെ കല്ല്യാണം, കണ്ണാടിയുടെ കാഴ്ച, കൈക്കുമ്പിളിലെ വെള്ളം, ശൂന്യതാകാണ്ഡം, പാവാടയും ബിക്കിനിയും, കള്ളനും പോലീസും, ദിനോസറുകളുടെ കാലം, മുകുന്ദന്റെ കഥകൾ, എന്റെ പ്രിയപ്പെട്ട കഥകൾ, മുകുന്ദന്റെ കഥകൾ(സമ്പൂർണ്ണം) ഏഴാമത്തെ പൂവ്, അഞ്ചരവയസ്സുള്ള കുട്ടി, വീട്, നദിയും തോണിയും, വേശ്യകളേ; നിങ്ങൾകൊരമ്പലം.

9. " എനിക്ക് ഞാൻ നഷ്ടപ്പെടുകയും ഞാൻ എന്നിൽ നിന്നു വെളിയിലേക്ക് കടക്കുകയും ചെയ്തു" – ആർക്കാണ് ഇങ്ങനെ അനുഭവപ്പെട്ടത് ? എപ്പോൾ ?

ഉ. എം. മുകുന്ദന്റെ 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം ' എന്ന കഥ, സ്വന്തം വിശ്വാസ പ്രമാണം അനുസരിച്ച് ജീവിച്ചു പോന്ന ഒരു വ്യക്തിയെ അകാരണമായി ശിക്ഷിക്കാൻ കരുത്തുനേടിയ തെമ്മാടി സംഘത്തെക്കുറിച്ച് ശക്തമായ അവബോധം നൽകുന്നതാണ്. ഓഫീസിൽ എത്തി തന്റെ ജോലിയിൽ വ്യാപൃതനായ കഥാനായകനെ ലക്ഷമൺലാൽ പ്യാരിലാൽ പണ്ഡിറ്റ് ജി എന്നൊരാൾ നിർബന്ധപൂർവ്വം അവിടെ നിന്ന് ഇറക്കി കൊണ്ടുപോകുകയും റോഡരികിലിരുത്തി തല മുണ്ഡനം ചെയ്യിപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ കഥാനായകനു താൻ സ്വയം നഷ്ടപ്പെടുന്നതായി തോന്നുന്നു.

പണ്ഡിറ്റ്ജിയുടെ വാക്കുകൾക്ക് മുന്നിൽ പ്രജ്ഞ നശിച്ചവനായി അയാൾ ഇരുന്നു. പണ്ഡിറ്റ്ജിയെ ചോദ്യം ചെയ്യാനാവാതെ അയാളുടെ എല്ലാ ആജ്ഞകളും അനുസരിക്കാൻ വിധിക്കപ്പെട്ട രീതിയിൽ കഥാനായകൻ മാറുന്നു.

10. 'അയാൾ ചുരണ്ടിയെടുത്തത് എന്റെ തലമുടി അല്ലായിരുന്നു. എന്റെ ആത്മാവായിരുന്നു " – സന്ദർഭം വിവരിക്കുക.

ഉ. എം. മുകുന്ദന്റെ 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം' എന്ന കഥയിൽ തന്റെ സ്ഥാപനത്തിലേക്ക് കയറിവന്ന ലക്ഷമൺലാൽ പ്യാരിലാൽ പണ്ഡിറ്റ്ജി എന്നയാളുടെ ആജ്ഞപ്രകാരം കഥാനായകൻ ഓഫീസിനു പുറത്തെത്തുന്നു. തന്നെ കാത്തിരിക്കുന്ന ക്ഷുരകന്റെ അടുത്തേക്ക് കഥാനായകൻ ആനയിക്കപ്പെടുന്നു. അത്രയും കാലം അയാൾ ഓമനിച്ചു വളർത്തിയ മുടിയാണ് ക്ഷുരകൻ വടിച്ചെടുക്കുന്നത്. ഒത്തിരി അനുഭങ്ങളിലൂടെ കടന്നുവന്ന തന്റെ പ്രിയപ്പെട്ട തലയാണ് മുണ്ഡനതതിനു വിധേയമാകുന്നതെന്ന അറിവ് അയാളെ തളർത്തുന്നു. ക്ഷുരകന്റെ കത്തി തന്റെ തലയോട്ടിലയല്ല ഹൃദയത്തിലൂടെയാണ് നീങ്ങുന്നതെന്നും ക്ഷുരകൻ ചുരണ്ടിയെടുക്കുന്നത് തന്റെ തലമുടിയല്ല, ആത്മാവതന്നെയാണെന്നും അയാൾ വേദനയോടെ, നിസ്സഹായതയോടെ അറിയുന്നു.

11. " ഇനിയെന്റേതു ക്ഷൗരം ചെയ്യപ്പെട്ട ജീവതിമാണ് " – ആശയം വ്യക്തമാക്കുക.

ഉ. 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം ' എന്ന കഥയിൽ അതിശയകരമായ രീതിയിൽ പെടുന്നനെ അസ്തിത്വം ദ്രംശം സംഭവിക്കുന്ന ഒരു ജീവിതം മുകുന്ദൻ അവതരിപ്പിക്കുന്നു. വ്യക്തിക്ക് സ്വന്തം ഇഷ്ടാനിഷ്ടങ്ങളോ പ്രതികരണങ്ങളോ അവതരിപ്പിനാകാതെ ശൂന്യനായി പോകേണ്ടിവരുന്നതിന്റെ ഭീകരതയും വേദനയും ഈ കഥയിൽ ചർച്ചചെയ്യപ്പെടുന്നു. ക്ഷുരകനാൽ തന്റെ പ്രിയപ്പെട്ട തല മുണ്ഡനം ചെയ്യപ്പെട്ടപ്പോൾ കഥാനായകനുതോന്നുന്നത് താനിനി ക്ഷൗരം ചെയ്യപ്പെട്ട ജീവിതത്തിനു ഉടമയാണ് എന്ന്.

12. പണ്ഡിറ്റ്ജി കഥാനായകനെ ക്രൂരമായ ശിക്ഷകൾക്ക് വിധേയനാക്കാൻ കാരണം എന്തായിരുന്നു. ?

ഉ. "ദാഹിക്കുന്നു, വെള്ളം വേണം " എന്നു അപേക്ഷിച്ച് വീട്ടിൽ കയറി വന്ന ഒരു വൃദ്ധനു കുടിക്കാൻ തണുന്നത്തവെള്ളം നൽകിയതിന് ആണ് പണ്ഡിറ്റ്ജി കഥാനായകനെ തലമുണ്ഡനം ചെയ്തുതെരുവിലൂടെ കഴുതപ്പുറത്ത് നടത്തിച്ചത്.

13." അയാളുടെ കൈകളിൽ അനവധി ഗ്രന്ഥങ്ങളുണ്ടായിരുന്നു " – ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്ന സൂചന എന്ത് ?

ഉ. എം മുകുന്ദന്റെ 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം' വ്യക്തിജീവിതത്തെയും സ്വാതന്ത്ര്യത്തെയും

തങ്ങൾക്ക് തോന്നിയവിധം ഭരിക്കാനും നിയന്ത്രിക്കാനും അവകാശമുണ്ടെന്നു കരുതുന്ന ദുഷ്ടജന്മങ്ങളെ പരിചയപ്പെടുത്തുന്ന കഥയാണ്. തന്റെ ജോലിയിലേക്ക് പ്രവേശിക്കാനിരുന്ന ഒരു ഓഫീസറെ വിളിച്ചിറക്കികൊണ്ടുപോയി തല മുണ്ഡനം ചെയ്ത് കുതിരപ്പുറത്ത് ഊരുചുറ്റിച്ച് ശിക്ഷിക്കുകയാണ് ലക്ഷമണൻ ലാൽപ്യാരിലാൽ പണ്ഡിറ്റ്ജി. ഓഫീസിൽ കഥാനായകന്റെ വരവ് കാത്ത് ഇരുന്ന പണ്ഡിറ്റ്ജി വായിച്ചിരുന്നത് ഭഗവദ്ഗീത ആയിരുന്നു. ഊരുചുറ്റി തളർന്നപ്പോൾ ചായ കുടിക്കാൻ ഇരുന്നപ്പോൾ അയാൾ വായിച്ചിരുന്നത് ബൈബിളായിരുന്നു. മറ്റൊരവസരത്തിൽ ഖുർ ആനും. ഇവ കൂടാതെ മറ്റു മതഗ്രന്ഥങ്ങൾ, തത്ത്വദർശനങ്ങൾ, നിയമഗ്രന്ഥങ്ങൾ തുടങ്ങി ഒട്ടനവധി ഗ്രന്ഥങ്ങൾ അയാളുടെ കൈയ്യിൽ ഉണ്ടായിരുന്നു. മത-ദാർശനിക ചിന്തകളും നിയമബോധവും ഉള്ള പണ്ഡിറ്റുകളാണ് മനുഷ്യന്റെ സ്വതന്ത്രവും സ്വകാര്യവുമായ ജീവിതത്തെ നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാണിച്ച് ഹനിക്കുന്നത് എന്ന സൂചനയാണ് ഇതിലൂടെ കഥാകാരൻ നൽകുന്നത്.

14. എം. സുകുമാരന്റെ പ്രധാന കഥാസമാഹാരങ്ങൾ ഏതെല്ലാം ?

ഉ. മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ, അസുരസങ്കീർത്തനം, തൂക്കുമരങ്ങൾ ഞങ്ങൾക്ക്, ചരിത്രഗാഥ, വൃഥ, വഞ്ചിക്കുന്ന പതി.

15. എം. സുകുമാരന്റെ കഥകളുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം ?

ഉ. മലയാള സാഹിത്യചരിത്രത്തിൽ രാഷ്ട്രീയമായ ആധുനികതയ്ക്ക് തുടക്കം കുറിച്ച കഥാകൃത്താണ് എം.സുകുമാരൻ. മിത്തുകളും ഐതിഹ്യങ്ങളും ആദിരൂപങ്ങളുമെല്ലാം ഉപയോഗപ്പെടുത്തി സവിശേഷമായ കഥാഘടനയ്ക്കു രൂപം നൽകാൻ കഴിഞ്ഞ എഴുത്തുകാരനാണ് അദ്ദേഹം. മിത്തുകളുടെ രാഷ്ട്രീയവായന സാധ്യമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. വർഗബോധത്തെ കേവലം സിദ്ധാന്തങ്ങളുടെ ചട്ടക്കൂട്ടിലൊതുക്കാതെ പ്രയോഗതലത്തിലേക്ക് കൊണ്ടുവരാൻ എം. സുകുമാരൻ തയ്യാറായി. ജീവിത യാഥാർത്ഥ്യങ്ങളെ വായനാക്ഷമമായ തരത്തിൽ ചിട്ടപ്പെടുത്തി അവതരിപ്പിക്കാൻ അദ്ദേഹം ശ്രമിക്കുന്നു എന്നു കാണാം.

16. ആ നല്ല നാൾ അവന്റെ മുമ്പിൽ ഇത്രപെട്ടെന്ന് എത്തിച്ചേരുമെന്ന് ഞാൻ കരുതിയിരുന്നില്ല." എന്തായിരുന്നു ആ ദിവസത്തെ സവിശേഷത. ?

ഉ. എം. സുകുമാരന്റെ 'നാലാംയാമം' തടവറയിൽ കഴിയുന്ന രണ്ടു പുള്ളികളുടെ സംഭാഷണത്തോടെയാണ് ആരംഭിക്കുന്നത്. ഇരുമ്പുപിഞ്ഞാണത്തിന്റെ വക്കിലുള്ള ഉരുളൻ ഇരുമ്പുകമ്പി പൊട്ടിച്ചെടുത്തു ഒരാൾ സൂക്ഷിച്ചുവച്ചിട്ടുണ്ട്. അടുത്തുവരുന്ന അമാവാസിനാൾ തടവറചാടി രക്ഷപ്പെടാൻ അവർ പദ്ധതി തയ്യാറാക്കിയിരിക്കുന്നു. കാത്തിരുന്ന പോലെ പ്രസ്തുത നാൾ ഇത്ര വേഗം വന്നെത്തിയോ എന്ന് കൂട്ടുകാരൻ ആശ്ചര്യപ്പെടുന്നു.

17. " ഈ ഇരുമ്പഴിക്കുള്ളിലെ തടവിനു പുറമേ നിങ്ങളുടെ നിശ്ശബ്ദതയുടെ തടവുകാരനാവാൻ എനിക്കു വയ്യ " ആശയമെന്ത് ?

അല്ലെങ്കിൽ

18." മൗനമവലംബിക്കുന്ന എന്റെ ശിരസ്സിൽ ഒരു വലിയ കല്ലെടുത്തിട്ടടിക്കാൻ അവനു തോന്നുന്നു. ശിരസ്സുപൊട്ടിയാൽ ചോരയൊഴുകില്ല. പ്രത്യയശാസ്ത്രത്തിന്റെ ലാവയാവും പുറത്തുചാടുന്നത് " - സന്ദർഭം വിശദമാക്കുക.

അല്ലെങ്കിൽ

19. " ഇനിയും ഇരുട്ടിനു കട്ടി കൂടട്ടെ, വെളിച്ചത്തിന്റെ അവസാനത്തെ ദ്വാരവും അടയട്ടെ. നിന്നെ ഞാൻ രക്ഷിക്കും ഒരു പ്രാവിനെപ്പോലെ വിശാലമായ ഈ ഭൂമിയിലേക്ക് പറപ്പിക്കും." - ഈ പ്രസ്താവനയ്ക്കു കാരണമെന്ത് ?

ഉ. "നാലാം യാമ' ത്തിലൂടെ രണ്ട് തടവുപുള്ളികളുടെ കഥയാണ് എം.സുകുമാരൻ പറയുന്നത്. കൂടെ നിൽക്കുന്നവനെ വരുന്ന അമാവാസിനാളിൽ രക്ഷപ്പെടുത്താമെന്ന് ഒരാൾ പ്രതീക്ഷ നൽകുന്നു. എന്നാൽ അമാവാസി നാൾ വന്നെത്തിയിട്ടും രക്ഷപ്പെടാനുള്ള ഒരു ശ്രമവും കാണാതിരുന്നപ്പോൾ കൂട്ടുകാരൻ തന്നെ ഇനിയും കബളിപ്പിക്കരുതെന്നും രക്ഷപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു. പക്ഷേ അതിനു അയാൾ മറുപടി പറയുന്നില്ലെന്നു വന്നപ്പോൾ കൂട്ടുകാരൻ പറയുന്നതാണ് " നിങ്ങളുടെ നിശ്ശബ്ദത

യുടെ തടവുകാരനാകാൻ എനിക്ക് വയ്യ ” എന്ന്. സഹിക്ക വയ്യാതെ ആയപ്പോൾ കൂട്ടുകാരൻ അയാളുടെ ശിരസ്സിൽ വലിയ കല്ലെടുത്തിട്ടാലോ എന്നു ആലോചിച്ചു. ശിരസ്സുപൊട്ടിയാൽ ചോരയല്ല പ്രതൃയശാസ്ത്രത്തിന്റെ ലാവയാവും പുറത്തുചാടുക എന്നു അവൻ ചിന്തിക്കുന്നു. പ്രസ്തുത സമയത്ത് അയാളോടായി കൂട്ടുകാരൻ നടത്തുന്ന സംഭാഷണമാണ് ഇത്. ഇരുട്ടിനു കട്ടി കൂട്ടിയാൽ , വെളിച്ചത്തിന്റെ അവസാന ദ്വാരവും അടഞ്ഞാൽ അയാൾ കൂട്ടുകാരനെ രക്ഷപ്പെടുത്താനുളള മാർഗമാണ് ഇപ്പോൾ അയാൾ ആലോചിക്കുന്നത്. അമാവാസി നാൾ തന്നെ തടവറയിൽ നിന്നും രക്ഷപ്പെടാൻ അവർക്കു കഴിയുന്നു.

20. “മനുഷ്യത്വത്തിന്റെ ഉണങ്ങിയ വിത്ത് സൂത്രശാലിയായ നിന്റെ വാക്കുകകളുടെ നനവിൽ കുതിർന്നു. ഇനിയിതാവർത്തിക്കില്ല ”- സന്ദർഭം ഏത് ?

ഉ. എം. സുകുമാരന്റെ ‘ നാലാം യാമം ’ ഒരു കലാപകാരിയുടെയും അയാൾക്ക് അഭയം നൽകിയ ഒരാളുടെയും തടവറജീവിതവും അവിടെ നിന്നു രക്ഷപ്പെടാൻ ശ്രമിക്കുന്നതും ചർച്ച ചെയ്യുന്നു. ഒരാളെ കൊന്നവനാണ് കലാപകാരി. അയാൾക്ക് ഒളിക്കാൻ താവളം നൽകിയ സുഹൃത്തിനോടൊപ്പം കലാപകാരി ജയിലിലാകുന്നു. എന്നാൽ അന്നുമുതൽ സഹകാരി ക്ഷുഭിതനായി കലാപകാരിയെ പ്രയാസപ്പെടുത്തുന്നു. കലാപകാരി കാരണമാണ് താൻ ജയിലിലായതെന്നും അതുകൊണ്ട് തന്നെ രക്ഷപ്പെടുത്തേണ്ടത് കലാപകാരിയുടെ ഉത്തരവാദിത്വമാണെന്നും അയാൾ അവകാശപ്പെടുന്നു. വീരശൂര പരാക്രമിയായ കലാപകാരി എന്തുകൊണ്ട് തന്നെ സഹായിക്കുന്നില്ല. തന്നെ രക്ഷപ്പെടുത്തിയാൽ എവിടെയെങ്കിലും ചെന്ന് താൻ ജീവിച്ചോളാം എന്നാണ് അയാൾ പറയുന്നത്.

21. “എന്റെ രണ്ടു വിശപ്പും മാറി ” – എങ്ങനെ ?

ഉ. ജയിൽ ചാടിയ കലാപകാരിയും സഹകാരിയും ഓടി രക്ഷപ്പെടുന്നതിനിടെ തനിക്ക് വിശക്കുന്നു എന്നു സഹകാരി പറയുന്നു. ഉടൻ അയാളെ ഒരു കുടിലിനു മുന്നിൽ കൊണ്ടുപോയി. അവിടെ വൃദ്ധ തന്റെ മകനുവേണ്ടി കരുതി കാത്തിരിക്കുന്ന ഭക്ഷണം സഹകാരിക്ക് വാങ്ങി നൽകുന്നു. ശേഷം തനിക്ക് കാമം തോന്നുന്നു എന്നു അറിയിച്ച സഹകാരിയെ മറ്റൊരു കുടിലിൽ കൊണ്ടുപോയി അവിടത്തെ സ്ത്രീയെ കൊണ്ടുഅവന്റെ കാമദാഹവും ശമിപ്പിക്കുന്നു. അതിനുശേഷം പുറത്തുവന്ന സഹകാരിയുടെ പ്രസ്താവനയാണിത്. ഭക്ഷണം നൽകിയ വൃദ്ധയും കാമപൂർത്തി നൽകിയ വേശ്യയും യഥാർത്ഥ കലാപകാരിയുടെ അമ്മയും പെങ്ങളും ആയിരുന്നു.

22. ഒരു ജോലി കിട്ടുന്നതുവരെ കഴിയാനുളള തുക വേണമെന്നു സഹകാരി ആവശ്യപ്പെട്ടപ്പോൾ കലാപകാരി അതു സംഘടിപ്പിച്ചുകൊടുത്തത് എവിടെ നിന്ന് ?

അല്ലെങ്കിൽ

23. “ പകൽ വന്നാൽ തരുമായിരുന്നല്ലോ... ഈ രാത്രിയിലെന്തിനാണ് സഖാവ് ബുദ്ധിമുട്ടിയത് ? ” – സന്ദർഭം ഏത് ?

അല്ലെങ്കിൽ

24. “ എന്തെങ്കിലും ആവശ്യമുളളപ്പോൾ ആരെയെങ്കിലും പറഞ്ഞയച്ചാൽ മതി. സഖാവു നേരിട്ടു വരണമെന്നില്ല” – ആരുടെ വാക്കുകളാണിത് ? സന്ദർഭമേത് ?

ഉ. തടവറ ചാടിയ ശേഷം കലാപകാരിയോട് സഹകാരി ഒരു അഭ്യർത്ഥന നടത്തുന്നു. തനിക്ക് കുറച്ചു പണം കിട്ടിയൽ ലോകത്തിന്റെ ഏതു കോണിൽ പോയാണെങ്കിലും നന്നായി ജീവിച്ചുകൊളളാം. ഉടനെ കലാപകാരി അയാളുമായി ഒരു യുവമുതലാളിയുടെ അരമനയിലെത്തുന്നു. രണ്ടു കറുത്ത നഗ്ന ശരീരങ്ങൾക്കുനടുവിൽ ഉറങ്ങിക്കിടക്കുകയായിരുന്ന മുതലാളി ഞെട്ടിയുണർന്നപ്പോൾ കണ്ടത് കത്തിയും പിടിച്ച് നിൽക്കുന്ന സഖാവിനെയാണ്. കുറെ രൂപവേണം എന്നു അറിയിച്ചപ്പോൾ പകൽ വന്നാൽ തുരമായിരുന്നുവല്ലോ എന്തിനാണ് സഖാവ് രാത്രിയിൽ ബുദ്ധിമുട്ടിയതെന്ന് മുതലാളി ചോദിക്കുന്നു. പണത്തിന് രാത്രിയാണ് ആവശ്യംവന്നതെന്ന് കലാപകാരി മറുപടി നൽകി. ഉടൻ അലമാരയുടെ താക്കോൽ നൽകി വേണ്ടതെടുക്കാൻ മുതലാളി അറിയിക്കുന്നു. ആയിരത്തിന്റെ മൂന്നു കെട്ടു നോട്ടുകൾ എടുത്തു പോകാനൊരുങ്ങവേ ഇനിയും എന്തെങ്കിലും ആവശ്യം ഉളളപ്പോൾ ആരെയെങ്കിലും പറഞ്ഞയച്ചാൽ മതിയെന്നും സഖാവ് നേരിട്ടുവരേണ്ടതില്ലെന്നും മുതലാളി പറയുന്നു. ആ യുവ മുതലാളിയുടെ അച്ഛനെ

കൊന്നതിനാണ് കലാപകാരി ജയിലിലായത് എന്ന് കഥാന്ത്യത്തിൽ കലാപകാരി വെളിപ്പെടുത്തുന്നുണ്ട്.

25. "ഞാൻ അവർക്കു തിരിച്ചറിയാൻ കഴിയാത്ത മകനും ആങ്ങളയുമായിത്തീർന്നിരിക്കുന്നു. പിന്നെ എങ്ങനെയാണ് ജനങ്ങൾക്കെന്നെ മനസ്സിലാവുന്നത്. ? " വിവക്ഷ എന്ത് ?

ഉ. എം. സുകുമാരന്റെ 'നാലാം യാമ' ത്തിൽ അഭയം തന്ന സുഹൃത്തിനെ പിരിയാൻ നേരം കലാപ കാരി പറയുന്നു. വിശക്കുന്നു എന്നു പറഞ്ഞപ്പൊൾ ഭക്ഷണം തന്നു വിശപ്പുമാറ്റിയത് തന്റെ അമ്മയും കാമം തോന്നിയപ്പോൾ ശരീരം തന്നു കാമവികാരം ശമിപ്പിച്ചത് തന്റെ പെങ്ങളുമാണ്. അവർക്ക് തിരി ച്ചറിയാൻ കഴിയാത്ത മകനും ആങ്ങളയുമായി താൻ മാറിയിരിക്കുന്നു. പിന്നെ എങ്ങനെ ജനങ്ങൾക്ക്, തന്നെയും തന്റെ വിപ്ലവ പ്രവർത്തനങ്ങളെയും മനസ്സിലാക്കാനാകും? 1960 കൾക്കു ശേഷം ഉടലെ ടുത്ത ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തിൽ സജീവമായിരുന്ന നക്സലേറ്റ് പ്രവർത്തനങ്ങളിലെ വീഴ്ച വിമർശ നാത്മകമായി അവതരിപ്പിക്കപ്പെടുകയാണ് ഈ കഥാ സന്ദർഭത്തിൽ.

26. "എന്റെ പെങ്ങൾക്ക് ഈ തൊഴിൽലാരംഭിക്കേണ്ടിവന്നത് ആ കിടപ്പറയിൽ നിന്നാണ്. അവന്റെ അച്ഛനാണതു പഠിപ്പിച്ചത്. ഈ ഗ്രാമം മുഴുവൻ അയാൾക്കടിമയാണ്." – സന്ദർഭം ഏത് ?

ഉ. തനിക്ക് അഭയം തന്ന സുഹൃത്തിന് ജീവിക്കാൻ കുറെപണം വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ കലാ പകാരി ഒരു ബംഗ്ലാവിൽ കയറിപ്പറ്റുന്നു. അൾസേഷ്യൻ നായകളോ തണുപ്പത്ത് നെല്ലറക്ക് കാവൽ നിൽക്കുന്ന ചെറുമക്കളോ ഉണരാതെ അവർ ബംഗ്ലാവിന്റെ അകത്ത് പ്രവേശിക്കുന്നു. പട്ടുമെത്തയിൽ രണ്ടു കറുത്ത നഗ്നശരീരങ്ങളുടെ നടുവിൽ ചെറുപ്പക്കാരൻ മുതലാളി ഉറങ്ങുന്നു. അയാളെ ഉണർത്തി പണം സ്വന്തമാക്കി അവർ പുറത്തെത്തുന്നു. വഴി പിരിയാൻ നേരം കലാപകാരി സുഹൃത്തിനോട് ചില സത്യങ്ങൾ വെളിപ്പെടുത്തുന്നു. അവയിലൊന്ന് തനിക്ക് പണം നൽകിയ മുതലാളിയുടെ അച്ഛനെ കൊന്നതിനാണ് താൻ തടവറയിലായത് എന്ന കാര്യം. യുവ മുതലാളിയുടെ അച്ഛൻ ആ ഗ്രാമത്തിന്റെ ഉടമയായിരുന്നു. എല്ലാവരും അയാൾക്ക് അടിമ ആയിരുന്നു. തന്റെ പെങ്ങൾ –നേരത്തെ സഹാകാ രിക്ക് കമപൂർത്തി നൽകിയവൾ– വേശ്യ തൊഴിൽ ആരംഭിച്ചത് അയാളുടെ കിടപ്പറയിൽ നിന്നാണ്. യുവമുതലാളിയുടെ അച്ഛനിൽ നിന്നാണ് പഠിച്ചത്. (22222)

27. " നശിച്ച വർഗങ്ങൾ പാവപ്പെട്ടവനെന്തെങ്കിലും ഗുണം കിട്ടുന്നത് ഇവറ്റകൾ ചെയ്യില്ല." – സന്ദർഭം എഴുതുക.

ഉ. എം സുകുമാരന്റെ 'നാലാം യാമം' എന്ന കഥയുടെ അന്ത്യത്തിൽ തടവുചാടിയ രണ്ടുപേരെയും പിടിക്കാനിറങ്ങിത്തിരിച്ച നിയപാലകരിൽ ഒരാൾ പറയുന്നതാണിത്. നദി നീന്തിക്കടക്കാൻ ശ്രമിക്കുന്ന തടവുപുള്ളികളെ അവർ വെടിവെച്ചിടുന്നു. കലപകാരി രണ്ടു കാലിനും വെടിയേറ്റ് അബോധാവസ്ഥ യിലേക്ക് നീങ്ങുന്നു. സഹകാരിയാകട്ടെ പുഴയിലേക്ക് ചാടി നീന്തലറിയാതെ ഒഴുക്കിൽപ്പെട്ട് മുങ്ങിച്ചാ വുന്നു. അയാളിൽ നിന്നു വീണ നോട്ടുകൾ (കറൻസി) പെറുക്കുന്നതിനിടയിൽ നിയമപാലകൻ പറ യുന്നതാണ് ഈ വാകൃങ്ങൾ.

28. എൻ . പ്രഭാകരന്റെ കഥാസമാഹാരങ്ങൾ ഏതെല്ലാം ?

ഉ. മറുപിറവി, ഒറ്റയാന്റെ പാപ്പാൻ, രാത്രിമൊഴി, മായാമയൻ.

29. " എന്റെ ജന്മം അടിമുടി പൂത്തുലഞ്ഞുവെന്ന് എനിക്ക് തോന്നി. പക്ഷേ അപ്പോഴും എന്തോ ഒന്നിന്റെ കുറവ് ഞാനറിഞ്ഞിരുന്നു." – സന്ദർഭമെഴുതുക.

ഉ. എൻ. പ്രഭാകരന്റെ ഒന്നും ഞാൻ ആവശ്യപ്പെട്ടില്ലല്ലോ ' എന്ന കഥ ആധുനികോത്തര കാലത്തെ പെൺ ജീവിതത്തെ കുറിച്ചുള്ള ഉത്കണ്ഠ പങ്കുവെയ്ക്കുന്നു. പത്തുകൊല്ലങ്ങൾക്ക് മുമ്പ് കോളേജ് വിദ്യാർത്ഥിനി ആയിരിക്കെ അയാളുടെ ജീവിതത്തിലേക്ക് കടന്നുവന്നവളാണ് നായിക. അൽപം കൊല്ല ക്കാലം ഭർത്താവിന്റെ വീട്ടിൽ അവഗണയും നിന്ദയും സഹിച്ച് വീട്ടുജോലിയുടെ ഭാരവും പേറി ഒരാ ളോടും പരാതിയോ പരിഭവമോ പറയാതെ അവൾ കഴിഞ്ഞുകൂടി. സ്ഥിരോത്ഹാവും നിർബന്ധബുദ്ധി യുംകൊണ്ട് ഒരു ജോലിയും പിന്നീട് വീടും അവൾ സ്വന്തമാക്കി. ഭർത്താവുമൊത്തു നഗരത്തിൽ സ്വ പ്നസാക്ഷാത്കാരത്തോടെ കഴിയുമ്പോഴും തങ്ങളുടെ ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങൾ അവൾ മന സ്സിലാക്കുന്നു. എല്ലാം നേടിയിട്ടും എന്തിന്റേയോ ഒരു കുറവ് അവൾ അനുഭിക്കുന്നു. അയാളുടെ സ്നേഹമാണ് അതെന്ന് അവൾ തുറന്നു പറയുന്നില്ല". ഒരു വേള എല്ലാം കഴിഞ്ഞും രണ്ടു മനുഷ്യ

ജീവികൾക്കിടയിൽ ശൂന്യതയുടെ ഒരിടനിലം ബാക്കിനിൽക്കുമായിരിക്കും. എങ്കിലും തങ്ങളുടെ ജീവിതത്തിൽ ഏറ്റവും മനോഹരമായ കാലം അക്കാലം തന്നെ ആയിരുന്നുവെന്ന് അവൾ വ്യക്തമാക്കുന്നു.

30. തനിക്ക് സാരി വാങ്ങിത്തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഭർത്താവിന്റെ പ്രതികരണം എന്തായിരുന്നു.

ഉ. ' ഒന്നും ഞാൻ ആവശ്യപ്പെട്ടില്ലല്ലോ' എന്ന എൻ. പ്രഭാകരന്റെ കഥ സ്ത്രീയെ ആദർശവത്കരിക്കാതെ അവളുടെ യഥാർത്ഥമായ ജീവിതാനുഭവങ്ങൾ കണ്ടെത്താനുളള പരിശ്രമമാണ്. ജോലിവും വീടുമൊക്കെ സ്വന്തമായി നേടിയെടുത്തു ജീവിക്കുന്നവളാണ് ഈ കഥയിലെ നായിക. കുട്ടികളെ വളർത്തലും ജോലിത്തിരക്കുമൊക്കെയായി കാലം കടന്നുപോയി. ഒരിക്കൽ തലമുടി പകുപ്പെടുത്ത് ചീകുമ്പോൾ നരച്ച തലമുടികൾ കാണാനിടയായി, അവൾക്ക്. അന്നാണ് തനിക്ക് പ്രായമായി വരുന്നത്. അവൾ അറിഞ്ഞത്. അന്നു വൈകുന്നേരം അവൾ ഭർത്താവിനോട് തനിക്ക് ഒരു സാരിവാങ്ങിത്തരണമെന്ന് ആവശ്യപ്പെട്ടു. മുമ്പൊരിക്കലും അത്തരത്തിലോരാവശ്യം ഉയർത്താത്ത തന്റെ വാക്കുകൾ കേട്ട് ഭർത്താവ് അത്ഭുതമൊന്നും കാണിക്കാതെ സഹതാപം നിറഞ്ഞ കണ്ണുകൊണ്ട് അവളെ അടിമുടി ഒന്നു നോക്കി അന്നു പക്ഷേ, അവൾക്ക് ആ നോട്ടത്തിന്റെ അർത്ഥം ഗ്രഹിക്കാനായില്ല. പിന്നീട് ഭർത്താവിൽ ഉണ്ടായ ചില ഭാവമാറ്റങ്ങളിലൂടെ അവൾക്ക് മനസ്സിലാക്കാനായി.

31. "ഒരു പക്ഷേ .... അതും എന്റെ കഴിവുകേടു തന്നെയാകാം " – വിവക്ഷ എന്ത് ?

ഉ. കാലം പോകുന്നതിനൊത്ത് തനിക്ക് പ്രായമായി വരുന്നു എന്നു " ഒന്നും ഞാൻ ആവശ്യപ്പെട്ടില്ലല്ലോ ' എന്ന എൻ. പ്രഭാകരന്റെ കഥാനായിക തിരിച്ചറിയുന്നു. ഭർത്താവിൽ അടുത്ത കാലത്തു വന്നു ചേർന്ന ചില ഭാവമാറ്റങ്ങൾ അവൾക്ക് സ്വയം ലജ്ജിക്കാനുളള കാരണമായാണ് അനുഭവപ്പെട്ടത്. തന്റെ കഴിവുകേടിനെ സംബന്ധിച്ച്, ലോകത്തെക്കുറിച്ച്, കാലത്തിനെത്ത് താൻ വളരാത്തതിനെപ്പറ്റി ഒക്കെ അവൾ ചിന്തിക്കുന്നു. അത്തരം കഴിവുകൾ തനിക്ക് എന്നന്നേക്കുമായി നഷ്ടമായിരിക്കുന്നുവെന്നും അന്ന് അതിന്റെയൊന്നും ആവശ്യമുണ്ടെന്ന് തോന്നിയിരുന്നില്ലെന്നും അവൾ മനസ്സിലാക്കുന്നു. ഒരു പക്ഷേ അതെല്ലാം എന്റെ കഴിവകേടായിരക്കാമെന്ന് അവൾ ഊഹിക്കുന്നു.

32. " ഇനിയും ഞാൻ നിങ്ങളോടൊരുരഹസ്യം പറയാം ? എന്തായിരുന്നു രഹസ്യം ?

ഉ. എൻ. പ്രഭാകരന്റെ ' ഒന്നും ഞാൻ ആവശ്യപ്പെട്ടില്ലല്ലോ" എന്ന കഥ പെണ്ണനുഭവത്തിന്റെ നേർക്കാഴ്ച നൽകുന്നവിധമാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. സ്വപ്നസദൃശമായ ജീവിതനേട്ടങ്ങൾ സ്വന്തമായപ്പോഴും എന്തോ ചിലത് ഇനിയും കൈവന്നില്ലെന്ന ബോധ്യം കഥയിലെ നായികക്ക് ഉണ്ട്. വാർദ്ധക്യമാകുന്നു എന്ന സൂചന ലഭിച്ചനേരം ഭർത്താവിനോട് അവൾ ഒരു സാരി ആവശ്യപ്പെടുന്നു. തുടർന്നുളള ദിവസങ്ങളിൽ ഭർത്താവിൽ ചില ഭാവമാറ്റങ്ങൾ ഉണ്ടാവുന്നു. ഓർമ്മകളും അവയെ വീണ്ടെടുക്കാനുളള മനഃസമാധാനവും ഒഴിവുനേരവും തനിക്ക് കിട്ടിയിട്ടില്ല. ഭർത്താവിനൊട് അവരൾക്ക് ഒരു രഹസ്യവും ഇനിയും പറയാനുണ്ട്. അതായത് തന്റെ ശരീരത്തിൽ നിന്ന് നേർത്തൊരു സുഗന്ധം തുടർച്ചയായി ഒഴുകിപ്പരന്ന് അത് വിടാതെ നിറഞ്ഞ് പരിമളം പരത്തണമെന്ന് അവൾ ആഗ്രഹിച്ചിരുന്നു. എന്നാൽ അവളുടെ മോഹം പാടില്ലാത്ത ഒന്നായിരുന്നുവെന്നും രാപ്പകൽ നേർത്ത ചൂടിന്റെയും ആറിയമർന്ന വിയപ്പിന്റെയും ദുർഗന്ധമായിരുന്നു തന്നിൽ നിന്ന് പ്രസരിച്ചിരുന്നെതന്നും അവൾക്ക് അറിയാം. ആ ദുർഗന്ധം ഭർത്താവിൽ നിന്ന് ഒളിപ്പിക്കാൻ അവൾ പാട് പെട്ടിരുന്നു.

33. 'ഒന്നും ഞാൻ' ആവശയപ്പെട്ടില്ലല്ലോ എന്ന കഥയിലെ നായികക്ക് ലഭിക്കാതെ പോയ കാര്യമെന്തായിരുന്നു. ?

ഉ. അവൾക്ക് കിട്ടാതെ പോയത് സ്മരണകളും അവയെ തിരിച്ചെടുക്കാനുളള മനഃസമാധാനവും ഒഴിവുവേളയും ആയിരുന്നു.

34. മരിക്കും മുമ്പേ അവൾ ഭർത്താവിനോടും കുട്ടികളോടുമായി പറഞ്ഞത് എന്തായിരുന്നു.

ഉ. " ഒന്നും ഞാൻ ആവശ്യപ്പെട്ടില്ലല്ലോ ? ഒന്നും...... "

35. ടി. വി. കൊച്ചുഭാവയുടെ പ്രധാന കഥാസമാഹരാങ്ങൾ ?

ഉ. കിളികൾക്കും പൂക്കൾക്കും, വീട് ഇപ്പോൾ നിശബ്ദമാണ്, ഇറച്ചിയും കുന്തിരിക്കവും, സ്നാനം, എപ്പോഴെത്തുമോ എന്തോ, പ്രച്ഛന്നം, കിണറുകൾ.

36. " ഇരുൾ, വഴുക്കുന്ന നാവുകൾ നീട്ടി എന്നെ നക്കിതോർത്തി. വീഴാതിരിക്കാൻ ഞാൻ ചുമരിൽ ചാരി" സന്ദർഭം ഏത് ?

ഉ. തന്റെ കൂട്ടുകാർ അടുത്ത ദിവസം തന്നെ കൊണ്ടുപോകുവാൻ എത്തി. അക്കാര്യം ഭാര്യ ഭാനുമതിയെ എങ്ങനെ അറിയിക്കുമെന്ന് സങ്കടപ്പെട്ടിരിക്കുന്നു. കഥാനായകനായ പുഷ്കരൻ ഒടുവിൽ ധൈര്യം സംഭരിച്ച് ചിലത് പറയാൻ ഭാര്യയെ സമീപിച്ചപ്പോൾ അവൾ ഗർഭിണിയാണെന്ന് മനസ്സിലായി. അതോടുകൂടെ എന്തേ വേണ്ടൂ എന്ന് അറിയാതെ നിൽക്കുന്ന പുഷ്കരന്റെ അവസ്ഥയാണ് ഇവിടെ വിവരിക്കുന്നത്.

37. പുഷ്കരന്റെ കൂട്ടുകാർ ആരെല്ലാം ? അവരുടെ ആവശ്യം എന്തെല്ലാം ?

ഉ. ടി. വി. കൊച്ചുഭാവയുടെ, ചരിത്ര പുരുഷൻ എന്ന കഥ അപ്രതീക്ഷിതമായി നിസ്സഹായതയിൽ ലേക്ക് വഴുതി വീഴുന്ന ദുരന്തമാണ് അവതരിപ്പിക്കുന്നത്. കൂട്ടുകാർക്കായി സത്യസന്ധത പാലിക്കുക കയും എല്ലാം ത്യജിക്കാൻ തയ്യാറാവുകയും ചെയ്യുന്നവനാണ് പുഷ്കരൻ. വർഷങ്ങൾക്ക് ശേഷം വളരെ അപ്രതീക്ഷിതമായി പുഷ്കരന്റെ രണ്ടു കൂട്ടുകാർ അവനെ തേടിയെത്തുന്നു. ഭരതനും ജോണും. തന്നെ കാണാനെത്തുന്ന ഒരു കുളളൻ പണിതുണ്ടാക്കിത്തരുന്ന ശവപ്പെട്ടിയിൽ പുഷ്കരൻ ജീവനോടെ കിടക്കണം. അത് പൊതുശ്മാനത്തിൽ അടക്കം ചെയ്യപ്പെടും. പ്രസ്തുത കർത്തവ്യത്തിനു തയ്യാറായി പുഷ്കരൻ കൂട്ടുകാരോട് സത്യസന്ധതയുളളവനാണെന്ന് തെളിയിക്കണം. ഇതായിരുന്നു കൂട്ടുകാരുടെ ആവശ്യം.

38. കൂട്ടുകാരെക്കുറിച്ച് പുഷ്കരനുളള അഭിപ്രായം എന്ത് ?

ഉ. ഭരതൻ, ജോൺ എന്നീ രണ്ടു കൂട്ടുകാർ വർഷങ്ങളോളം തന്റെ ഉറ്റ സ്നേഹിതന്മാരായിരുന്നു. താനറിയാതെ അവർ മറ്റുളളവർക്കിടയിൽ തന്നെ നിന്ദിക്കുമായിരുന്നു. ഒടുവിൽ അവർ തന്നെ വിട്ട് പുത്തൻ സുഹൃത്തുക്കളെത്തേടി പോയവരായിരുന്നു. തന്റെ വിവാഹത്തിനുപോലും അവർ വന്നിരുന്നില്ല. കുറേക്കാലത്തിനുശേഷം തന്നെ അത്ഭുതപ്പെടുത്തി അവർ വന്നിരിക്കുന്നു. ഒരു വിദ്വേഷവും കൂടാതെ താൻ അവരെ സ്വീകരിച്ചിരിക്കുന്നു.

39. " ആ വാക്കുകളാണ് എന്റെ ജീവനും വഴിയും പക്ഷേ എന്തുകാര്യം ? സമയം വളരെ വളരെ വൈകിപ്പോയിരിക്കുന്നു. " . - ഏതു വാക്കുകൾ ? സന്ദർഭമേത് ?

അല്ലെങ്കിൽ

40. മരണസമയത്ത് മുത്തച്ഛൻ പുഷ്കരന് നൽകിയ ഉപദേശം എന്തായിരുന്നു.

ഉ. സ്നേഹിതന്മാരോട് ആത്മാർത്ഥത കാണിക്കരുതെന്നും ഒരിക്കലും അവരെ സ്വകാര്യജീവിതത്തിലേക്ക് കടക്കാൻ അനുവദിക്കരുത് എന്നുമായിരുന്നു മുത്തച്ഛന്റെ ഉപദേശം.

41. സ്നേഹിതന്മാരോടുളള പുഷ്കരന്റെ സ്നേഹം കൂട്ടുകാർ പരീക്ഷിച്ചത് എങ്ങനെ ?

ഉ. കുളളൻ പണിതൊരുക്കിയ ശവപ്പെട്ടിയിൽ പുഷ്കരൻ കുട്ടുകാർക്കുവേണ്ടി ജീവനോടെ കിടക്കും. അവർ അത് വേണ്ട സത്കർമ്മാദികളോടെ പൊതുശ്മശാനത്തിൽ അടക്കം ചെയ്യും. അതുവഴി പുഷ്കരൻ തന്റെ സത്യസന്ധത തെളിയിക്കും.

42. പുഷ്കരനു ആശ്വാസവും ഉല്ലാസവും നഷ്ടപ്പെട്ട തന്റേടവും തിരിച്ചുകിട്ടിയത് എപ്പോൾ ?

ഉ. കൂട്ടുകാർ ഒരുക്കിയ വഞ്ജനയിൽ കുടുങ്ങി പുഷ്കരൻ സങ്കടപ്പെട്ടിരിക്കുകയായിരുന്നു. തന്റെ ഭാര്യയെ വിട്ട് താൻ അടുത്ത ദിവസം കാട്ടുകാരരോടുളള സത്യസന്ധത തെളിയിക്കാൻ മരണം വരിക്കാൻ പോകുന്നു. ഭാനുമതിയെ തനിച്ചാക്കിപ്പോകുന്ന കാര്യം പുഷ്കരനെ പ്രയാസപ്പെടുത്തി. അപ്പോഴാണ് തന്റെ ഭാര്യ ഗർഭിണിയാണെന്ന കാര്യം അയാൾ ഓർത്തത്. ജനിക്കുന്ന കുഞ്ഞിന് തന്റെ ധീരനായ അച്ഛനെക്കുറിച്ച് പറഞ്ഞുകൊടുക്കാൻ ഭാനുമതിക്ക് കുറേ കാര്യങ്ങളുണ്ടാകും. അവളെ ഒറ്റക്കാക്കിയല്ല. ഒരു കുഞ്ഞിനെ നല്കിയിട്ടാണ് താൻ പോകുന്നത്.

43. പിറ്റേന്ന പ്രഭാത്തിലുളള തന്റെ യാത്രയെക്കുറിച്ച് പുഷ്കരൻ ഭാനുമതിയെ പറഞ്ഞുമനസ്സിലാക്കാൻ ശ്രമിച്ചത് എങ്ങനെ ?

അല്ലെങ്കിൽ

44. "നമ്മുടെ മോന് ഒരു സുഹൃത്തുണ്ടാവരുത് . അഥവാ ഉണ്ടായാൽ തന്നെ സുഹൃത്തിനെ സ്നേഹി

ക്കുന്ന ഒരു മനസ്സ് അവനുണ്ടാകയേ അരുത്." – ആശയമെന്ത് ?

ഉ.സുഹൃത്ബന്ധത്തിനായി ആത്മത്യാഗത്തിനു മുതിർന്ന പുഷ്കരൻെറ നിസ്സഹായാവസ്ഥ പങ്കുവെയ്ക്കുന്ന കഥയാണ് ടി.വി. കൊച്ചുബാവയുടെ 'ചരിത്രപുരുഷൻ' കൂട്ടുകാരുടെ ക്ഷണപ്രകാരം അടുത്ത ദിവസം സ്വയം മരിക്കാൻ സജ്ജനായിരിക്കുകയാണ് പുഷ്കരൻ. എന്നാൽ തന്റെ ഭാര്യ ഭാനുമതിയെ തനിച്ചാക്കി താൻ പോകുന്ന കാര്യം അവളെ അറിയിക്കുന്നതെങ്ങനെ ?– ഇതിനു ഒരു പരിഹാരം പുഷ്കരൻ കാണുന്നത് അവളുടെ ഉദരത്തിൽ വളർന്നുകൊണ്ടിരിക്കുന്ന കുഞ്ഞിലാണ്. നഷ്ടപ്പെട്ടുപോയ തന്റേടവും ഉല്ലാസവും തിരിച്ചുപിടിച്ച് പുഷ്കരൻ ഭാര്യയോട് നലകുന്ന ഉപദേശം ശ്രദ്ധേയമാണ്. തങ്ങൾക്കുണ്ടാവുന്നത് ഒരു ആൺ കുഞ്ഞായിരിക്കുമെന്നും അവന് കൂട്ടുകാരുണ്ടാവരുതെന്നും അഥവാ ഉണ്ടായാൽ തന്നെ മകന് അവന്റെ സുഹൃത്തുക്കളെ സ്നേഹിക്കാനുള്ള മനസ്സ് ഉണ്ടാവരുതെന്നും അദ്ദേഹം ഭാര്യയോടു പറയുന്നു. ഈ ആമുഖത്തോടെ അടുത്ത ദിനം താൻ എങ്ങോട്ടുപോകുന്നു എന്ന കാര്യം അയാൾ ഭാര്യയോട് അവതരിപ്പിക്കുന്നു.

45. സന്തോഷ് ഏച്ചിക്കാനത്തിന്റെ പ്രധാന കൃതികൾ ഏതെല്ലാം ?

ഉ. ഒറ്റവാതിൽ, കഥാപാത്രങ്ങളും പങ്കെടുത്തവരും ഒരു ചിത്രകഥയിലെ നായാട്ടുകാർ, കൊമാല.

46. സംഗീത വാദിച്ചു കൊണ്ടിരുന്ന കേസ് എന്തായിരുന്നു. ?

ഉ. പി. സി. ഗോപാലമേനോൻ പുതിയ വീടു വയ്ക്കാൻ കല്ലും സിമന്റുമൊക്കെ കടത്തികൊണ്ടിരുന്നത് അയൽവാസിയായ കാപ്പകുട്ടിയുടെ പറമ്പിലൂടെ ആയിരുന്നു. ഒന്നു ചുറ്റി വളഞ്ഞു പോയാൽ മെയിൻ റോഡു വഴി മേനോന് സ്വന്തം പറമ്പിലൂടെ വണ്ടികൊണ്ടുപോകാവുന്നതേയുള്ളൂ. എന്നാൽ അയാൾ നിർബന്ധബുദ്ധ്യാ കാപ്പക്കുട്ടിയുടെ പറമ്പിലൂടെ തന്നെ വണ്ടി കൊണ്ടുപോകുകയായിരുന്നു. ലോറിയുടെ വരവും പോക്കും കൊണ്ട് കിടക്കപ്പൊറുതി ഇല്ലാതായ കാപ്പക്കുട്ടി മേനോന്റെ വഴി തടഞ്ഞു. എന്നാൽ ഒറ്റാല് വെച്ച് മീൻ പിടിച്ചു ജീവിക്കുന്ന കീഴ്ജാതിക്കാരനായ കാപ്പക്കുട്ടി തന്നെ തടഞ്ഞതും പറഞ്ഞതും മേൽ ജാതിക്കാരനായ മേനോന് പിടിച്ചില്ല. അയാൾ കാപ്പക്കുട്ടിയുടെ കഴുത്തിൽ പിടിച്ച് " പൊലയാന്റെ മോനേ കൊന്നുകളയും " എന്ന് അലറി പിന്നെ അവിടെക്കിടന്ന കമ്പിക്കഷ്ണം എടുത്ത് തലക്കടിച്ചു. അറ്റംപ്റ്റ് ഓഫ് മർഡർ ഇതാണ് കേസ്.

47. കോതമംഗലം ഡിഷ് വിളമ്പുന്ന ദിവസങ്ങളിലൊക്കെ സംഗീത പറയാറുള്ള അഭിപ്രായമെന്ത് ?

ഉ. രണ്ട് മതങ്ങൾ തമ്മിലുള്ള സാമൂഹികമായ അകലം നികത്തുന്നതിൽ പന്നി മാംസത്തിന്റെ സ്വാധീനത്തെ പറ്റി.

48. രുക്മിണിക്ക് പൊതുവേ ജാതിപരമായ ഒരു തരം ഇൻഫീരിയോരിറ്റി കോംപ്ലക്സ് ഉണ്ടെന്ന് സംഗീത മനസ്സിലാക്കിയത് എങ്ങനെ ?

ഉ. മുമ്പത്തെ വർഷം ഒരുച്ച നേരത്ത് വട്ടമേശയ്ക്ക് ചുറ്റുമിരുന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ കറികളിലെ ജാതിയതയെ പറ്റി ഒരു സംസാരം നടക്കുകയുണ്ടായി. അന്ന് സംഗീതയുടെ കൂട്ടുകാരികളെ കൂടാതെ അഡ്വക്കേറ്റ് ഉണ്ണിരാജയുടെ ജൂനിയർ സതീഷ് വർമ്മയും ഉണ്ടായിരുന്നു. സംഗീതയാണ് ചർച്ച തുടങ്ങിവെച്ചത്. പാചകം ചെയ്യുമ്പോൾ ഉപ്പും മഞ്ഞളുമൊക്കെ ചേർക്കാനുള്ളതുപോലെ ചിലയിനം കറികളിൽ അതിന്റെ ഉപജ്ഞാതാക്കളുടെ ജാതിയും മതവുമൊക്കെ കലരുന്നത് സ്വഭാവികമാണെന്നവൾ പറഞ്ഞു. കൺപോളകളിൽ അടിഞ്ഞുകൂടിയ കൊഴുപ്പിന്റെ ആധിക്യം വെച്ച് മംഗോളിയനെ തിരിച്ചറിയും പോലെ കറികണ്ടാൽ അതേത് ഇനമാണെന്ന് മനസ്സിലാക്കാന്ന് സംഗീത സോദ്ദാഹരണം സമർത്ഥിച്ചു. അവളുടെ അഭിപ്രായത്തിൽ

നമ്പൂതിരി = മാമ്പഴപുളിശ്ശേരി, ഓലൻ

നായർ = കൂട്ടുകറി, മെഴുക്കുപുരട്ടി, മൊളൂഷ്യം, അവിയൽ

ഈഴവ = മുതിരക്കറി, കടലക്കറി

ക്രിസ്ത്യൻ = താറാവ് മപ്പാസ, പോർക്ക് വരട്ടിയത്

മുസ്ലിം := ബിഫ് ബിരിയാണി, കോഴി ബിരിയാണി

ഓരോ കറിയുടേയും രുചിക്കും നിറത്തിനുമൊപ്പം അജിനോമോട്ടോപോലെ ഹെറിഡിറ്ററിയും ഉണ്ടെന്ന് സതീഷ് വർമ്മ സംഗീതയെ പിന്താങ്ങി അന്നേരമാണ് രുക്മിണി സംസാരവിഷയമായത്. ഇനി എൽ.

എൽ.ബിയല്ല എൽ.എൽ.എം. പാസ്സായി ഡോക്ടറേറ്റ് എടുത്താലും അവളുടെ ടിഫിൻ ബോക്സിൽ നിന്നും വരുന്ന ചേറ്റ് മീനിന്റെ ഉളുമ്പിയ മണം പോവില്ലെന്നും അത് മുമ്പേ പറഞ്ഞ ഹെറിഡിറ്ററിയാണെന്നും സംഗീതയുടെ നാവിൽ നിന്നും വീണുപോയി. പിന്നീട് രുക്മിണി സതീഷുമായി പ്രണയത്തിലായി. പ്രണയാർദ്രമായ നിമിഷങ്ങളിൽ എപ്പോഴോ വിഷയദാരിദ്ര്യം വന്നപ്പോൾ തന്റെ കാമുകിയെപ്പറ്റി സംഗീത മുമ്പ് പറഞ്ഞ ചേറ്റുമീനിന്റെ കാര്യം സതീഷ് പുറത്തുവിട്ടു. അതിനുശേഷം രുക്മിണി സംഗീതയുടെ മുഖത്ത് നോക്കിയിട്ടില്ല.

49. ' സാക്ഷാൽ തൃപ്പൂണിത്തുറ തമ്പുരാനെ ആ കറമ്പിപെണ്ണ് പ്രണയത്തിന്റെ ഒറ്റാലും വെച്ച് വീഴ്ത്തി ' – സംഭവമെന്ത് ?

ഉ. സതീഷ് വർമ്മ എന്ന മേൽജാതിക്കാരനെ കീഴ്ജാതിക്കാരിയായ രുക്മിണി തന്റെ കാമുകനാക്കി മാറ്റിയ കാര്യമാണ് സംഗീത പരാമർശിക്കുന്നത്.

50. രുക്മിണി മേൽജാതിക്കാരനായ സതീഷിനെ പ്രണിയിക്കാൻ കാരണം എന്താണെന്നാണ് സംഗീത കണ്ടെത്തുന്നത് ?

ഉ. സാമ്പത്തികവും വിദ്യാപരവുമായ പുരോഗതി പിന്നോക്ക ജാതികളെ സവർണ വിഭഗാങ്ങളുമായി ഐക്യപ്പെടാൻ മോഹിക്കുന്നുണ്ട്. അതാണ് രുക്മിണി സിവിൽ സ്റ്റേഷനിലെ വിവിധ വകുപ്പുകളിൽ നിരവധി പട്ടികജാതിക്കാർ പുരനിറഞ്ഞു നിൽക്കേ ദളിത് വദിയായ രുക്മിണി ഒരു തമ്പുരാനെ തിരഞ്ഞു പിടിച്ചു പ്രേമിക്കാൻ കാരണമെന്ന് സംഗീത കണ്ടെത്തുന്നത്.

51. സംഗീതയുടെ ചെവിയിൽ സൂസൻ പറഞ്ഞ രഹസ്യം എന്തായിരുന്നു.

ഉ. സംഗീതയുടെ കക്ഷിയുടെ എതിർഭാഗം വക്കീലും പിണിക്കക്കാരിയുമായ രുക്മണി സംബന്ധിക്കുന്ന രഹസ്യമായിരുന്നു സൂസൻ സംഗീതയുടെ ചെവിയിൽ പറഞ്ഞത്. രുക്മിണി എന്ന കീഴ്ജാതിക്കാരിക്ക് മേൽ ജാതിക്കാരായ കൂട്ടുകാർക്കൊപ്പം കൂടണമെന്നും സംസാരിക്കണമെന്നും എന്നൊക്കെയുണ്ട്. മാത്രമല്ല കാപ്പക്കുട്ടി എന്നയാൾ അവളുടെ ഉള്ളിൽ അത്തരം സെൻടിമന്റിസ് ഒന്നും ഇല്ല. പി. പി. ആയ സ്ഥിതിക്ക് അയാൾക്കുവേണ്ടി അവൾ വാദിക്കാതിരുന്നത് മോശമാകുമെന്നു കരുതിയാണ് കേസിൽ അവൾ വക്കാലത്തു പിടിച്ചത്. മറ്റൊരു രഹസ്യം കൂടി സൂസൻ സംഗീതയെ അറിയിക്കുന്നു. സംഗീതയുമായി രുക്മിണിയുടെ കോംപ്രമൈസ് കഴിഞ്ഞാൽ സതീഷ് വർമ്മ രുക്മണിയെ ഒഴിവാക്കും. അയാൾ വക്കീലുദ്യോഗം വിട്ട് കാനഡയിലേക്ക് പോകുന്നു.

52. രുക്മണിയുമായുളള സംഗിതയുടെ പ്രശ്നത്തിന് പരിഹാരമായത് എങ്ങനെ ?.

അല്ലെങ്കിൽ

53. " അവരുടെ കൈകൾ ജാതിനിരപേക്ഷമായ ഏതോ കാന്തിക ബലത്താൽ പരസ്പരം ആകർഷിക്കപ്പെട്ട് വട്ടമേശയ്ക്ക് മുകളിൽ പരസ്പരം ഒട്ടിച്ചേർന്നു. ആവി പറക്കുന്ന ഒരു ഷേക്ക് ഹാന്റ് " – സൂചന എന്ത് ?

അല്ലെങ്കിൽ

54. ചോരിഞ്ചിത്ത് പാലാട്ട് വീട്ടിൽ ഗോപാലമേനോനെ ഈ കോടതി വെറുതെ വിട്ടിരിക്കുന്നു. " സന്ദർഭം വിവരിക്കുക.

അല്ലെങ്കിൽ

55. " ആയിരത്തിതൊള്ളായിരത്തി പതിനേഴിൽ ചേറായിൽ ഇതുപോലൊരു ശാപ്പാട് നടന്നിട്ടുണ്ട് " – വിവക്ഷ എന്ത് ?

ഉ. കേരളത്തിന്റെ പുരോഗമനോന്മുഖമായ പൊതു മനസ്സിനെ തടഞ്ഞുനിർത്തുന്ന ജാതീബോധത്തിനെതിരെ ആക്ഷേപ സ്വരത്തോടെ പേന ചലിപ്പിക്കുന്ന എഴുത്തുകാരനാണ് സന്തോഷ് ഏച്ചിക്കാനം ' കൊമാല' യിലെ 'പന്തിഭോജനം' എന്ന കഥ കേരളീയ ചരിത്രത്തിലെ മിഴിവാർന്ന ഒരു സംഭവത്തെ 'പാരഡി' ആയി പുനരവതരിപ്പിക്കുകയാണ് കഥാകൃത്ത്. ഒരു കോടതിയിലെ ബാർ അസോസിയേഷൻ വട്ടമേശയ്ക്കു ചുറ്റും വികസിക്കുന്ന കഥാപ്രമേയം കേരളമൊന്നാകെ പടർന്നു പന്തലിച്ച ചില നഗ്ന യാഥാർ ത്ഥ്യങ്ങളിൽലേക്ക് വായനക്കാരനെ കൊണ്ടു പോകുന്നു. ജാതീയമായ ഉച്ചനീചത്വം യാഥാർത്ഥ്യമായിരിക്കെ അവയെ നിയമം അറിയുന്നവർ പോലും എങ്ങനെ സമീപിക്കുന്നു എന്ന കാര്യം സമുചി

തഭാവത്തോടെ കഥാകൃത്ത് അവതരിപ്പിക്കുന്നു. തന്നെ ജാതിപ്പേര് വിളിച്ചതിനും കൊല്ലാൻ ശ്രമിച്ച തിനും കേസ് നൽകിയ കാപ്പക്കുട്ടി എന്ന താഴ്ന്ന ജാതിക്കാരന്റെ ബന്ധുവാണ് അയാൾക്കു വേണ്ടി കേസ് വാദിക്കുന്ന രുക്മിണി. എന്നാൽ അവൾക്ക് വിദ്യാഭ്യാസവും ജോലിയും ലഭിക്കുന്നതോടെജാതി ഇല്ലാതാക്കാനുള്ള ശ്രമമില്ല. അവൾക്ക് പക്ഷേ തന്റെ ഇടം സവർണർക്കൊപ്പമാണെന്ന് തെളിയിക്കാനും അവർണർ തന്റെ ബന്ധുജനങ്ങളോ കൂട്ടുകാരോ ആണെന്നു പറയാൻ മടിക്കുകയും ചെയ്യുന്നു. രുക്മിണി മേൽജാതിക്കാരനായ ഒരുത്തനെ പ്രണയിക്കുന്നതിലൂടെ അവൾ തെളിയിക്കാൻ ആഗ്രഹിച്ചത് അതാണ്. പുറമേ അവൾ സംഗീതയോടും കൂട്ടുകാരികളോടും പിണക്കത്തിലാണെങ്കിലും ഇവരൊടൊപ്പം കൂട്ടാനുള്ള താത്പര്യം അവർക്കുണ്ട്. സംഗീതയുമായുള്ള പ്രശ്നം പോലും അവളുടെ സ്വത്വത്തെ അവഹേളിക്കുന്നതാണ്. എന്നിട്ടും അവൾ സംഗീതക്ക് മാപ്പുനല്കുന്നു. പന്തീഭോജനം വഴി ഡൈനിംഗ് ടേബിൾ പങ്കുവെക്കുക വഴി തന്റെ ജാതി അല്പം ഉയരുന്നുവെന്നു രുക്മണിക്ക് തോന്നുന്നു. വ്യത്യസ്ത മതജാതിവിഭാഗങ്ങളുടെ പ്രാതിനിധ്യ സ്വഭാവമുള്ള ഭക്ഷണ വിഭവങ്ങൾ കൈമാറുന്നതോടെ അവർക്കിടയിലെ പ്രശ്നം – തന്നെ ജാതികൊണ്ട് അവഹേളിച്ചതും കാപ്പകുട്ടിയെ മേനോൻ ജാതിപ്പേരി വിളിച്ച് കൊല്ലാൻ ശ്രമിച്ചതും വളരെ നിസ്സാരമായി പരിഹരിക്കപ്പെടുന്നു. സതീഷിന്റെ സഹായത്തോടെ രമ്യയും സൂസനുമാണ് കോംപ്രമൈസിന് മുൻകൈയ്യെടുക്കുന്നത്. ഭക്ഷണക്കൈമാറ്റത്തിലൂടെ മഹത്തായ 'പന്തിഭോജനം' നടന്നതായി അവർ അവകാശപ്പെടുന്നു. 1917 ലെ ചേറായി സമ്മേളനവും അവർ നടത്തിയ വിപ്ലവവും പോലെ ചരിത്ര പ്രസിദ്ധമാണ്. തങ്ങൾ ഒരുക്കിയ പന്തിഭോജമെന്ന് അവർ അവകാശപ്പെടുന്നു. ഓരോരുത്തരും കൊണ്ടുവന്ന മതജാതി സ്വഭാവം പ്രകടമാക്കുന്ന ഭക്ഷ്യവിഭവങ്ങൾ കൈമാറി ഭക്ഷിക്കുന്നതിലൂടെ ഗോപാലമേനോൻ ശിക്ഷിക്കപ്പെടുമായിരുന്ന വലിയൊരു കേസിന്റെ വിധിയും തീരുമാനമാകുന്നു. കാപ്പക്കുട്ടിയുടെ ഭാഗം വാദിക്കുന്ന വക്കീൽ എതിൽകക്ഷിയിൽ ചേർന്നതോടെ കേസ് ഗോപാലമേനോന് അനുകൂലമാകുന്നു. അവർണരുടെ സവർണതാത്പര്യവും സവർണരുടെ ജാതിമേധാവിത്തവും വളരെ ലളിതമായി അവതരിപ്പിക്കുകയാണ് സന്തോഷ് ഏച്ചിക്കാനം 'പന്തിഭോജന' ത്തിലൂടെ പന്തിയിൽ വിളമ്പുന്ന ഭോജ്യവിഭവങ്ങളെല്ലാം സ്വന്തം സ്വന്തം വറവുചട്ടിയുടെയും വറവുകാരന്റെയും ജാതീയ മുദ്രകളെയും ഭാവങ്ങളെയുമാണ് പ്രതിനിധാനം ചെയ്യുന്നത്. അതിനാൽ തന്നെ ഭക്ഷണവിഭവങ്ങളിലും മുന്തിയവയും സ്വാധീനത കൂടിയവയും അല്ലാത്തവയുംഉണ്ട്. കണിശമായ അക്ഷേപത്തിലൂടെ ഇക്കാര്യങ്ങൾ അവതരിപ്പികയണ് സന്തോഷ് ഏച്ചിക്കാനം.

മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

1. ആധുനിക മലയാള ചെറുകഥാപ്രസ്ഥാനത്തിന്റെ സവിശേഷതകൾ വിവരിക്കുക.
2. ആധുനികത എന്നാൽ എന്ത് ? മലയാള കഥാസാഹിത്യത്തിൽ ആധുനികതയുടെ സാന്നിധ്യം അടയാളപ്പെടുത്തുക.
3. മലയാളത്തിലെ ആധുനിക കഥാകൃത്തുക്കളെ ലഘുവായി പരിചയപ്പെടുത്തുക.
4. ലക്ഷമൺലാൽ പ്യാരിലാൽ പണ്ഡിറ്റ്ജി എന്ന കഥാപാത്രത്തെ നിരുപണം ചെയ്യുക
5. എം. മുകുന്ദന്റെ രചനാവിശേഷം എന്തെല്ലാമെന്ന് മുണ്ഡനം ചെയ്യപ്പെട്ട ജീവിതം ' മുൻനിർത്തി ചർച്ച ചെയ്യുക.
6. അപക്വമസാഹചര്യങ്ങളിലെ വിപ്ലവപ്രവർത്തനത്തിന്റെ പാളിച്ചകൾ ' നാലാം യാമ' ത്തിൽ എം. സുകുമാരൻ അവതരിപ്പിക്കുന്നതെങ്ങനെ ?
7. ' നാലാം യാമം' എന്ന കഥക്ക് ആസ്വാദനം തയ്യാറാക്കുക.
8. ആധുനികാനന്തര കാലത്തെ സ്ത്രീയെറുറിച്ചുള്ള ഉത്കണ്ഠ കഥയ്ക്ക് പ്രമേയമാക്കുന്ന എഴുത്തുകാരനാണ് എൻ. പ്രഭാകരൻ. ' ഒന്നും ഞാൻ ആവശ്യപ്പെട്ടില്ലല്ലോ ' എന്ന കഥ മുൻനിർത്തി വിലയിരുത്തുക.
9. സ്ത്രീയുടെയും പുരുഷന്റെയും ജീവിതത്തിലെ തിരക്കുകകൾ ' ഒന്നും ഞാൻ ആവശ്യപ്പെട്ടില്ലോ എന്ന കഥയിൽ അവതരിപ്പിക്കപ്പെടുന്നത് എങ്ങനെ ?
10. സത്യസന്ധത എടുക്കാത്ത നാണയമായി മാറിയിരിക്കുന്ന ഇന്നത്തെ അവസ്ഥ ചിത്രീകരിക്കുകയാണ് ' ചരിത്രപുരുഷൻ' എന്ന കഥ പരിശോധിക്കുക.

11. ചൂഷണാധിഷ്ഠിതമായ സമകാലിക സാമൂഹ്യാവസ്ഥയിൽ സുഹൃത്ത് ബന്ധങ്ങളും ചൂഷണ ത്തിനു വിധേയമാകുന്നു എന്ന 'ചരിത്ര പുരുഷൻ' തെളിയിക്കുന്നത് എങ്ങനെ ?
12. 'പന്തിഭോജനം' എന്ന ശീർഷകത്തിന്റെ പ്രസക്തി വിശകലനം ചെയ്യുക.
13. സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥകളുടെ ആഖ്യാനത്തിന്റെ സവിശേഷത' പന്തിഭോജനം' മുൻ നിർത്തി പരിശോധിക്കുക.
14. ചരിത്രം, നിയമം തുടങ്ങിയവ ' പന്തിഭോജനം ' എന്ന കഥയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് കീഴാള വിരുദ്ധമായാണ്. ചർച്ച ചെയ്യുക.
15. ആധുനികതയെ ഏറെ സ്വാധിനിച്ച രണ്ടു ചിന്തകളാണ് അസ്തിത്വവാദവും അന്യവത്കരണവും വിശദീകരിക്കുക.
16. ആധുനിക കഥകളുടെ പൊതു സവിശേഷതകൾ എന്തെല്ലാം പാഠഭാഗങ്ങളെ മുൻനിർത്തി പര്യാ ലോചിക്കുക.

------------

# മൊഡ്യൂൾ–4

1. പോസ്റ്റ് മോഡേണിസം എന്നതിനു സമാനമായ മലയാളപദം എഴുതുക.
ഉ. ഉത്തരാധുനികത, ആധുനികോത്തരവാദം.
2. 'Post-Modernism' എന്നതിലെ Post എന്ന ഉപസർഗം ആദ്യമായി ഉപയോഗിച്ചത് ആര്?
ഉ. ലെസ്ലി ഫ്രീഡ്‌ലർ (1965 ൽ)
3. ഒരു കലാപ്രസ്ഥാനമോ സാഹിത്യപ്രവണതയോ എന്നതിൽ ഉപരി വളരെ വ്യാപകമായ ഒരു സാംസ്കാരിക പരിസ്ഥിതിയെ മൊത്തത്തിൽ ഉൾക്കൊള്ളുന്നതാണ് ........................................................
ഉ. ഉത്തരാധുനികത
4. 'ഹിഗ്വിറ്റ' എന്ന പ്രശസ്തമായ കഥ എഴുതിയത്?
ഉ. എൻ.എസ്. മാധവൻ
5. വി.പി. ശിവകുമാറിന്റെ ജീവിത കാലം?
ഉ. 1946–1993
6. വി.പി. ശിവകുമാർ ജനിച്ചതെവിടെ?
ഉ. മാവേലിക്കരയിൽ
7. ഒറ്റ, കരയോഗം എന്നീ കഥാസമാഹാരങ്ങൾ ആരുടേത്?
ഉ. വി.പി. ശിവകുമാർ
8. ബോർഹസ് കഥകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്?
ഉ. വി.പി. ശിവകുമാർ
9. 'അമ്മ വന്നു' എന്ന കഥ ഏതു സമാഹാരത്തിലേത്?
ഉ. ഒറ്റ
10. ബാംഗ്ലൂരിൽ നിന്ന് കന്യാകുമാരിയിലേക്ക് പോകുന്ന ഐലന്റ് എക്സ്പ്രസ് തീവണ്ടിയിൽ വന്നിറങ്ങിയത് ആര്?
ഉ. രാമകൃഷ്ണപ്പിള്ള
11. 'ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ' എന്ന കഥാസമാഹാരം എഴുതിയത്?
ഉ. സി. അയ്യപ്പൻ
12. 'ഭ്രാന്ത്' എന്ന കഥ ഏതു സമാഹാരത്തിലാണ് ഉള്ളത്?
ഉ. ഞണ്ട്
13. ദല് (ദൾ) പദത്തിൽ നിന്നാണ് ............................. എന്ന പദം ഉദ്ഭവിച്ചത്
ഉ. ദലിത്
14. ദലിത് പാന്തേഴ്സ് പ്രസ്ഥാനം രൂപം കൊണ്ടത് എന്ന്? എവിടെ?
ഉ. 1972 ൽ മുംബെയിൽ
15. അധ:സ്ഥിത ജനവിഭാഗത്തിന്റെ ജീവിതം ആ ജനവിഭാഗത്തിൽപ്പെട്ടവർ തന്നെ ആവിഷ്കരിക്കുന്നതാണ് ........................... സാഹിത്യം
ഉ. ദലിത്
16. ഭാരതീയ ദലിത് സാഹിത്യ അക്കാദമിയുടെ കേന്ദ്രം എവിടെ
ഉ. ഡൽഹിയിൽ
17. ദലിത് സാഹിത്യം, ദലിത് ഭാഷ എന്നീ കൃതികൾ രചിച്ചത്?
ഉ. കവിയൂർ മുരളി (1931 –2001)
18. 'ദലിത് സാഹിത്യം: ഒരു പഠനം' എന്ന കൃതി രചിച്ചത്?

ഉ. പോൾ ചിറക്കരോട്

19. കാറിലിരുന്ന സഹോദരിയെ നോക്കി കൃഷ്ണൻ മാഷ് പറഞ്ഞതെന്ത്?

ഉ. ഒന്നും കാണുന്നില്ലല്ലോ

20. കാറിലെ സഹോദരിയെ കാണിച്ചു കൊടുത്തപ്പോൾ ഒന്നും കാണുന്നില്ലല്ലോ എന്ന് പറഞ്ഞ മാഷി നോട് ബാല്യകാല സുഹൃത്ത് ചോദിച്ചതെന്ത്?

ഉ. കൃഷ്ണൻ കുട്ടീ, നിനക്കും ഭ്രാന്താണോ ?

21. സുഭാഷ് ചന്ദ്രൻ ജനിച്ചത് എന്ന്? എവിടെ?

ഉ. 1972 ൽ ആലുവയ്ക്കടുത്തുളള കടുങ്ങല്ലൂരിൽ

22. 'ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം' എന്ന കഥ എഴുതിയത് ആര്?

ഉ. സുഭാഷ് ചന്ദ്രൻ

23. 2001 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ സുഭാഷ് ചന്ദ്രന്റെ കഥ ഏത്?

ഉ. ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം

24. 'പറുദീസാനഷ്ടം' എന്ന കഥ എഴുതിയത്?

ഉ. സുഭാഷ് ചന്ദ്രൻ

25. 'പണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും വ്യാജമായ പരിവേഷങ്ങൾ അവർ രണ്ടു പേരും ശിരസ്സിനു പിന്നിൽ പരസ്പരം ദർശിച്ചു'. ആരൊക്കെ?

ഉ. ഡോ. തോമസ് വള്ളോക്കാരനും ഡോ. സുനിലും

26. 'ജീവൻ മശായ്' ഏതു നോവലിലെ മുഖ്യ കഥാപാത്രമാണ്?

ഉ. ആരോഗ്യ നികേതനം

27. കമലയുടെ പന്ത്രണ്ടാം പിറന്നാളിന് അച്ഛൻ സമ്മാനിച്ചത് എന്തായിരുന്നു?

ഉ. പണം നിക്ഷേപിക്കാനുളള മൺകുടുക്ക

28. കമലയുടെ പതിനാലാം പിറന്നാളിനു അച്ഛൻ നൽകിയ സമ്മാനം?

ഉ. 'ആരോഗ്യനികേതനം' എന്ന നോവൽ പുസ്തകം

29. ''രതിയുടെ തല്പം തന്നെ മൃതിയുടെ തല്പമാവുകയാണ് 'തല്പ'മെന്ന കഥയിൽ'' എന്ന് അഭിപ്രാ യപ്പെട്ടതാര്?

ഉ. എസ്. ശാരദക്കുട്ടി (സന്ദേഹത്തിന്റെ ആൺ നോട്ടങ്ങൾ)

30. പത്തോ ഇരുപതോ വർഷം കഴിയുമ്പോഴേയ്ക്ക് ഡോക്ടർമാർ ഉൾപ്പെടെയുളള അഭ്യസ്ത വിദ്യ രുടെ പൊതു സ്വഭാവം എന്തായിരിക്കുമെന്ന ഉത്കണ്ഠ അതിസൂക്ഷ്മമായ രാഷ്ട്രീയ കാഴ്ചപ്പാ ടിലൂടെ ............................ എന്ന കഥ മുന്നോട്ടു വയ്ക്കുന്നു.

ഉ. തല്പം (സുഭാഷ് ചന്ദ്രൻ)

31. 'മഞ്ഞ മരങ്ങൾ ചുറ്റിലും' എന്ന കഥാ സമാഹാരം ആരുടേത്?

ഉ. പ്രിയ എ.എസ്.

32. മറിയാമ്മ തുണ്ടത്തിൽ എന്ന പേര് ആരുടേതാണ്?

ഉ. ഒരു പെൺ പല്ലിയുടെ

33. മറിയാമ്മ തുണ്ടത്തിൽ എന്ന പെൺപല്ലി താമസിക്കുന്നത് എവിടെ?

ഉ. 'മേരികൃപ' എന്ന വീട്ടിൽ

34. മേരികൃപയിലെ അന്തേവാസികൾ ആരെല്ലാം?

ഉ. ജോസഫും നാൻസിയും

35. 'മേരികൃപ' യിലെത്തിയ ആൺപല്ലിക്ക് ലഭിച്ച പേര് എന്ത്?

ഉ. സച്ചിൻ തുണ്ടത്തിൽ

36. മേരികൃപയുടെ നാൻസിയുടെ മരണത്തിന് ഏതു കഥയുമായാണ് സാദൃശ്യം ഉള്ളത്?

ഉ. മാധവിക്കുട്ടിയുടെ നെയ്പായസം

37. ജോസഫിന്റെ ജീവിതത്തിലേക്ക് കടന്നു വന്ന സുന്ദരി ആരായിരുന്നു?

ഉ. സുരബാല

**25 വാക്കിൽ കവിയാതെ ഉത്തരമെഴുതുക**

1. ആന്റേഴ്സൻ എന്ന സാംസ്കാരിക നിരൂപകന്റെ നിർവചനപ്രകാരം ഉത്തരാധുനികതയുടെ നാലു മുഖമുദ്രകൾ ഏതെല്ലാം?

ഉ. 1. ആത്മസങ്കല്പനം (self concept)

2. സദാചാരവും നൈതികവുമായ വ്യവഹാരം (Moral and ethical discourse)

3. കലയും സംസ്കാരവും (Art and culture)

4. ആഗോളവത്കരണം (Globalisation)

2. ഉത്തരാധുനിക ചെറുകഥാക്കളിൽ പ്രമുഖർ ആരെല്ലാം

ഉ. വി.പി. ശിവകുമാർ, എൻ.എസ്. മാധവൻ, എൻ. പ്രഭാകരൻ, ടി.വി.കൊച്ചുബാവ, അശോകൻ ചെരുവിൽ, കെ. രഘുനാഥൻ അഷ്ടമൂർത്തി, തോമസ് ജോസഫ്, കെ.പി. രാമനുണ്ണി.

3. സമകാലിക കഥാകൃത്തുക്കളിൽ ശ്രദ്ധേയരായവർ ആരെല്ലാം?

ഉ. വി.ആർ. സുധീഷ്, വി.എസ്. അനിൽ കുമാർ, സി.ആർ. ഓമനക്കുട്ടൻ, ശിഹാബുദ്ധീൻ പൊയ്ത്തും കടവ്, പി. സുരേന്ദ്രൻ, കെ.കെ. രമേശ്, ടി.എൻ. പ്രകാശ്, പ്രഭാകരൻ പഴശ്ശി, അംബികാസുതൻ മാങ്ങാട്, വത്സലൻ വാതുശ്ശേരി, മേതിൽ രാധാകൃഷ്ണൻ, യു.പി. ജയരാജ്, പി.കെ. പാറക്കടവ്, ഐസക് ഈപ്പൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, സുഭാഷ് ചന്ദ്രൻ, അയ്മനം ജോൺ, ഹാഫിസ് മുഹമ്മദ്, അക്ബർ കക്കട്ടിൽ, സി.വി. ബാലകൃഷ്ണൻ, ഇ. ഹരികുമാർ, കെ.എൻ. മോഹനവർമ്മ, യു.കെ. കുമാരൻ.

4. സമകാലിക കഥാകൃത്തുക്കളിൽ ശ്രദ്ധേയരായ എഴുത്തുകാരികൾ ആരെല്ലാം?

ഉ. സാറാ ജോസഫ്, ഗ്രേസി, അഷിത, ബി. സരസ്വതി, ഇ.പി. സുഷമ, ഗായത്രി, ചന്ദ്രമതി, കെ.പി. സുധീര, പ്രിയ എ.എസ്സ്, സിതാര. എസ്, കെ.ആർ. മല്ലിക, കെ. ആർ. മീര, ഒ.വി. ഉഷ, ഗീത, ഗീതാഹിരണ്യ, ഉഷാനമ്പ്യാർ

5.വി.പി. ശിവകുമാറിന്റെ കഥാസമാഹാരങ്ങൾ ഏതൊക്കെ?

ഉ. തിരുവാതാംകൂർ കഥകൾ, കരയോഗം, ഒറ്റ

6. ഏതൊക്കെ എഴുത്തുകാരുടെ കഥകളാണ് വി.പി. ശിവകുമാർ വിവർത്തനം ചെയ്തിട്ടുള്ളത്?

ഉ. ബോർഹസ്, കോർത്തസർ, ഹുവാൻ റൂൾഫോ തുടങ്ങിയ പാശ്ചാത്യ ഉത്തരാധുനിക കഥാകൃത്തുക്കളുടെ വിശിഷ്ട കഥകളാണ് വി.പി. ശിവകുമാർ വിവർത്തനം ചെയ്തത്. കൂടാതെ യൂജീൻ യോനസ്കോയുടെ നാടകങ്ങളും അദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്.

7. വി.പി. ശിവകുമാറിന്റെ കഥകളുടെ പ്രധാന സവിശേഷത എന്തെല്ലാം?

ഉ. ആധുനികാനന്തര കഥകളിലെ ഭാവുകത്വ പരിണാമം ആദ്യമാദ്യം പ്രത്യക്ഷപ്പെടുത്തിയ പ്രധാന കഥാകൃത്തുക്കളിലൊരാളാണ് വി.പി. ശിവകുമാർ. ആധുനികതയെ അതിനുള്ളിൽ നിന്നുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ കഥകൾ നിഷേധിക്കുന്നു. അതികഥയുടെ (metafiction) സങ്കേതം മികച്ച രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞ ശിവകുമാറിന്റെ കഥകളിൽ പാരഡിയും ഭ്രമാത്മകതയും സ്വപ്നാത്മകതയും നിറഞ്ഞു നിൽക്കുന്നതായി കാണാം. താരതമ്യേന ഹ്രസ്വമാണ് അദ്ദേഹത്തിന്റെ

കഥകൾ. കലഹവും പരിഹാസവും മരണവും അദ്ദേഹത്തിന്റെ കഥകളിലെ സജീവ ഘടകങ്ങളാണ്.

'അമ്മ വന്നു' എന്ന കഥയുടെ ആഖ്യാനത്തിന്റെ പ്രാധാന്യം എന്ത്?

ഉ. വി.പി. ശിവകുമാറിന്റെ 'അമ്മ വന്നു' എന്ന കഥ നാലു ഭാഗങ്ങളായാണ് കഥാകൃത്ത് തിരിച്ചിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ തീവണ്ടിയിൽ നിന്നിറങ്ങി വന്ന രാമകൃഷ്ണപിള്ള എന്ന മധ്യവയസ്കനായ കേന്ദ്ര കഥാപാത്രം താൻ പഠിച്ച വിദ്യാലയം സന്ദർശിക്കുന്നതും അവിടത്തെ ഗതകാല ഓർമ്മകൾ അയവിറക്കുകയും ചെയ്യുന്നു. വിദ്യാലയത്തിൽ നിന്നു പുറത്തു കടക്കുമ്പോൾ അയാൾ രാമകൃഷ്ണൻ എന്ന യുവാവായി മാറുന്നു. യൗവനകാല സ്മരണകളാണ് പിന്നെ കഥാകാരൻ അവതരിപ്പിക്കുന്നത്. കഥ രണ്ടാം ഭാഗത്തിലേക്ക് കടക്കുമ്പോൾ രാമു എന്ന ബാലന്റെ കഥയാണ് പറയുന്നത്. അമ്മയ്ക്കൊപ്പം ആറാട്ടു മഹോത്സവം കാണാൻ പോയ രാമു അമ്മയെ അന്വേഷിക്കുന്നതാണ് കഥാസന്ദർഭം. കഥയുടെ മൂന്നാം ഭാഗം ഉത്സവപ്പറമ്പിൽ ഇലക്ട്രിസിറ്റി ലൈൻമാൻ ഇട്ടിയവിരാ ഫ്യൂസ് കെട്ടാൻ പോകുന്നതും കോവിലിൽ ഒരു അമ്മയേയും കുഞ്ഞിനേയും കണ്ട് പരിഭ്രമിക്കുന്നതും വിവരിക്കുന്നു. കഥയുടെ നാലാം ഭാഗത്ത് കഥാകാരൻ രാമു എന്ന കഥാപാത്രം കുട്ടിപ്രായത്തിൽ തന്നെ 'സ്ക്ലീറോഡെർമ' എന്ന അപൂർവ രോഗം വന്നു മരിച്ചു പോയെന്നും രാമകൃഷ്ണനെന്ന യുവാവും രാമകൃഷ്ണപിള്ള എന്ന മദ്ധ്യ വയസ്കനും സാധ്യതകൾ മാത്രമാണെന്നും വിവരിക്കുന്നു. ഒരു ശരാശരിക്കാരന്റെ ജീവിതവും ആർഭാടരഹിതമായ അവന്റെ മരണവും ഭ്രമാത്മകമായ തരത്തിൽ അവതരിപ്പിക്കുകയാണ് കഥാകൃത്ത്. നാടു മുഴുവൻ ഉത്സവരാത്രി ശ്രീകോവിലിലെ അമ്മയെ തേടുമ്പോൾ സ്വന്തം അമ്മയുടെ മടിയിൽ കിടന്നു 'അമ്മ വന്നോ' എന്ന് തേടിക്കൊണ്ടു തന്നെ മരിക്കുന്നു.

9. രാമുവിനു പിടിപെട്ട അസുഖം എന്തായിരുന്നു? അതിന്റെ പ്രത്യേകത എന്തായിരുന്നു?

അല്ലെങ്കിൽ

10. ''ശരാശരിക്കാരന്റെ ജീവിതത്തിൽ നിന്ന് ഈ രോഗത്തെ തിരിച്ചറിയുവാൻ ഇന്നും എളുപ്പമല്ല.''

ഏതു രോഗത്തെ? എന്തു കൊണ്ട്?

ഉ. 'സ്ക്ലീറോഡെർമ' എന്ന അപൂർവ്വരോഗമായിരുന്നു രാമുവിന്. എട്ടു വയസ്സായപ്പോഴേക്കും അവന്റെ പല്ലുകളെല്ലാം കൊഴിഞ്ഞു. തലമുടി നരച്ചു. ശരീരം ചുക്കിച്ചുളിഞ്ഞു. വാർദ്ധക്യകാലരോഗങ്ങൾ അവനെ അടിച്ചെടുത്ത് അനശ്വരതയുടേയും കാലത്തിന്റേയും മണൽത്തിട്ടയിലേക്ക് എറിഞ്ഞു. മേലുകാവിലെ ഒരുത്സവത്തിന് ആറാട്ടുഘോഷയാത്ര തിരിച്ചെത്താറായ സമയത്ത് അവൻ മരിക്കുന്നു. 1947 നു മുമ്പ് ആളുകൾക്ക് മെഡിക്കൽ വിജ്ഞാനം കുറവായിരുന്ന കാലത്ത് അവന്റെ ഗ്രാമത്തിലെ എൽ. എം.പിക്കാരായ പഴയ ഡോക്ടർമാരും മലയൻ എസ്റ്റേറ്റുകളിൽ നിന്നു പിരിഞ്ഞ കമ്പോണ്ടർമാരും അത്തരത്തിലൊരു സുഖക്കേടിനെപറ്റി കേട്ടിരുന്നില്ല. ശരാശരിക്കാരന്റെ ജീവിതത്തിൽ നിന്ന് പ്രസ്തുത രോഗത്തെ തിരിച്ചറിയാൻ നടപ്പുകാലത്തും എളുപ്പമല്ല എന്നു കഥാകൃത്ത് അഭിപ്രായപ്പെടുന്നു.

11. ''മങ്ങിയ ഒരു ഭൂതകാലത്തിലേക്ക് ഈ കഥ തിരിച്ചു പോവുകയാണ്.'' ഏതു കഥ? ഈ പ്രസ്താവനയുടെ ഔചിത്യമെന്ത്?

ഉ. വി.പി. ശിവകുമാറിന്റെ 'അമ്മ വന്നു' എന്ന കഥ നാലു ഭാഗങ്ങളായാണ് കഥാകൃത്ത് ചിട്ടപ്പെടുത്തിയിരിക്കുന്നത്. രാമകൃഷ്ണപ്പിള്ള എന്ന മദ്ധ്യ വയസ്കന്റെയും രാമകൃഷ്ണൻ എന്ന യുവാവിന്റെയും ഗതകാല ചിന്തകൾ അവതരിപ്പിച്ചതിനു ശേഷം കഥാകൃത്ത് രണ്ടാം ഭാഗം ആരംഭിക്കുന്നത് ''മങ്ങിയ ഒരു ഭൂതകാലത്തിലേക്ക് ഈ കഥ തിരിച്ചുപോവുകയാണ്'' എന്ന പ്രസ്താവനയോടെയാണ്. യഥാർത്ഥത്തിൽ ഈ ഭാഗം ദീപ്തമായ ഓർമ്മകളാൽ സമ്പന്നമാണെന്നാണ് പ്രഥമ ദൃഷ്ട്യാ തോന്നുക. ആറാട്ടു മഹോത്സവവും ഉത്സവപ്പറമ്പിലെ സംഭവവികാസങ്ങളും തന്മയത്വത്തോടെ അവതരിപ്പിക്കുന്നു എന്നാൽ വൈദ്യുതി പെട്ടെന്ന് അണഞ്ഞുപോകുന്നതും കഥാപ്രസംഗം ഇടയ്ക്കുവച്ചു മുറിഞ്ഞതും ചുറ്റുവിളക്കുകൾ എണ്ണ തീർന്നു കെട്ടു പോയതും കഴകക്കാരുടെ ഉറക്കവും കഥാന്തരീക്ഷത്തെ മറ്റൊരു തലത്തി

ലൂടെ അനുഭവിക്കാൻ സഹൃദയനെ പ്രേരിപ്പിക്കുന്നു. രാമു എന്ന കൊച്ചു കുഞ്ഞ് ഉണർന്നെഴുന്നേറ്റ് അമ്മയെ അന്വേഷിക്കുന്നു. മരണം അമ്മയുടെ മടിയിലായിരിക്കുമ്പോഴും രാമുവിന്റെ അന്വേഷണം 'അമ്മ വന്നോ' എന്നതുമാത്രമാണ്.

12. ഫ്യൂസ് നോക്കാനായി പോകുന്ന വഴി ശ്രീകോവിലിനകത്ത് ഇലക്ട്രിസിറ്റി ലൈൻമാൻ ഇട്ടിയവിരാ കണ്ട കാഴ്ച എന്തായിരുന്നു?

ഉ. ആരോ വാങ്ങിക്കൊടുത്ത ഒരു കുപ്പി ചാരായം ഒറ്റയടിക്കു വിഴുങ്ങിയ ശേഷം ഒരു പീടികത്തിണ്ണയിൽ ദിക്കാലാതിവർത്തിയായി ഇലക്ട്രിസിറ്റി ലൈൻമാൻ ഇട്ടിയവിരാ കഴിയുകയായിരുന്നു. കഥാപ്രസംഗം പാതിവഴിയിൽ നിന്നുപോയതിൽ ക്ഷുഭിതരും അതുകേൾക്കാനുള്ള താൽപര്യമുള്ളവരുമായ നാട്ടുകാർ അയാളെ പിടികൂടി ഫ്യൂസ് നോക്കാൻ പറഞ്ഞയച്ചു. പോകുന്ന വഴിക്ക് അയാൾ ശ്രീകോവിലിനകത്തേക്ക് ഒന്നു എത്തിനോക്കി. അതോടെ അയാൾക്കു പരിസരബോധം വീണ്ടും നഷ്ടപ്പെട്ടു. അകത്ത് പീഠത്തിൽ വിലോലവസ്ത്രങ്ങൾ ധരിച്ച് പൂക്കൾചൂടിയ മനോഹരിയായ ഒരു സ്ത്രീയിരിപ്പുണ്ടായിരുന്നു. മടിയിൽ ഒരു കുട്ടി മയങ്ങിക്കിടക്കുന്നു. അവന്റെ കുഞ്ഞിക്കൈയിൽ പള്ളിവാളുണ്ട്. കാലിൽ ചിലമ്പും. ആ കൊച്ചുശരീരം ആസകലം വസൂരിപ്പൊള്ളങ്ങൾ പോലെ വിയർപ്പുമണികൾ ഉരുണ്ടുകൂടി നിൽക്കുന്നു. അമ്മയുടെ കാരുണ്യം മകന്റെ കവിളിലും മുടിയിലും തലോടുകയാണ്. ഉടുപുടവയുടെ അറ്റം കൊണ്ട് അവന്റെ നെഞ്ചത്തെ വിയർപ്പ് ഒപ്പിയെടുക്കുകയാണ്.

13. സി. അയ്യപ്പന്റെ കഥാസമാഹാരങ്ങൾ ഏതെല്ലാം?

ഉ. ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ, ഞണ്ട്.

14. സി. അയ്യപ്പന്റെ രചനാസമ്പ്രദായം പരിചയപ്പെടുത്തുക?

ഉ. മലയാള ചെറുകഥാസാഹിത്യത്തിലെ പ്രധാന ദലിത് എഴുത്തുകാരനാണ് സി. അയ്യപ്പൻ. ദലിത് ജീവിതാനുഭവങ്ങളെ അതിന്റെ കൃത്യമായ സ്ഥലത്തുവച്ചു തന്നെ കണ്ടെടുക്കാൻ അയ്യപ്പൻ ശ്രമിക്കുന്നു. ഇതിനുവേണ്ടി പ്രാദേശികമായ മിത്തുകളും ബിംബങ്ങളും ശൈലികളും അദ്ദേഹം ഉപയോഗപ്പെടുത്തുന്നു. ഇരുപത്തഞ്ചോളം കഥകൾ മാത്രമേ അദ്ദേഹം എഴുതിയിട്ടുള്ളൂ.

15. കൃഷ്ണൻ മാഷിന്റെ ബാല്യകാലസുഹൃത്തും അയൽവാസിയുമായ പഞ്ചായത്തുമെമ്പറും സംഘവും ക്വാർട്ടേഴ്സിലെത്തി അറിയിച്ചതെന്ത്?

ഉ. മാഷിന്റെ പെങ്ങൾക്ക് ഭ്രാന്ത് കലശലായിരിക്കുന്നു. അവളെ അടുത്തുള്ള ഭ്രാന്താസ്പത്രിയിലാക്കാൻ താൻ കയറിവന്ന സംഘത്തോട് സഹകരിക്കണം.

16. ക്വാർട്ടേഴ്സിലെത്തിയ സംഘത്തിന്റെ ആവശ്യം കേട്ടപ്പോൾ കൃഷ്ണൺമാഷ് പറഞ്ഞ മറുപടി എന്ത്?

ഉ. തന്റെ സഹോദരിയുടെ രോഗത്തെപ്പറ്റി തന്നേക്കാളധികം അറിവ് വന്നവർക്കുണ്ട് എന്ന ജാട മനസ്സിലിരിക്കട്ടെ. അവൾക്കല്ല, അവൾക്കുവേണ്ടി പിരിവും തിരിവും നടത്തി കാറും കോലാഹലവുമായി വന്നിരിക്കുന്നവർക്കൊക്കെയാണ് ഭ്രാന്തുള്ളത് എന്ന മറുപടിയാണ് അയാൾ നൽകിയത്.

17. ഭ്രാന്തിയായ പെങ്ങളെ തിരസ്കരിച്ചതിന് കൃഷ്ണൻമാഷ് കണ്ടെത്തുന്ന ന്യായീകരണമെന്ത്?

ഉ. സുഹൃത്തും സംഘവും നിർദ്ദേശിക്കുംപോലെ പെങ്ങളുടെ കാര്യത്തിൽ ഇടപെട്ടിരുന്നെങ്കിൽ തനിക്ക് സംഭവിക്കാനിരിക്കുന്നതെന്തെന്ന് കൃഷ്ണൻമാഷിന് അറിയാമായിരുന്നു. നാലുകാരണങ്ങളാണ് സ്വയം ന്യായീകരണമായി അയാൾ കണ്ടെത്തുന്നത്.

1. പെങ്ങൾ ഭ്രാന്തിയാണെന്ന് ക്വാർട്ടേഴ്സിലെ സഹതാമസക്കാർ അറിയും.
2. താൻ അധ:കൃതനാണെന്ന കാര്യം ജനങ്ങൾ മനസ്സിലാക്കും.
3. അധ:കൃതയെന്ന ഒരു തോന്നലും ഉണ്ടാക്കാത്ത നിറവും പ്രകൃതവുമുള്ള തന്റെ ഭാര്യയ്ക്ക് ഭർത്തൃവീട്ടുകാരോട് അറപ്പും അകൽച്ചയുമാണ്.
4. നഗരത്തിൽ ജനിച്ച്, അവിടെത്തന്നെ വളർന്ന മകൾക്ക് ഇതൊന്നും അത്രയ്ക്ക് ഇഷ്ടമാകില്ല.

18. സുഖമില്ലാത്ത പെങ്ങളെ അവൾ ആസ്പത്രിയിൽ കിടക്കുമ്പോൾ ഒരിക്കലെങ്കിലും സന്ദർശിക്കാത്തതിന് കൃഷ്ണൻമാഷിനുള്ള ന്യായീകരണമെന്ത്?

ഉ. ഭ്രാന്തിയായ സഹോദരിയെ മാഷ് പോയി കണ്ടത് കൊണ്ട് ഒരു പ്രയോജനവുമില്ല. അവൾക്ക് സഹോദരനെ തിരിച്ചറിയാനാകില്ലല്ലോ. അതിനാൽ ആ സന്ദർശനം പ്രയോജനശൂന്യമായ ഒരു പ്രവൃത്തിയാകുമെന്ന് അയാളുടെ ബുദ്ധി പറയുന്നു.

19. ''കൃഷ്ണൻകുട്ടീ, നിനക്കും ഭ്രാന്താണോ?'' സന്ദർഭം ഏത്?

ഉ. ഒരു ദിവസം തന്റെ ബാല്യകാലസുഹൃത്തും അയൽവാസിയുമായ പഞ്ചായത്തു മെമ്പർ കൃഷ്ണൻമാഷ് താമസിക്കുന്ന ക്വാർട്ടേഴ്സിലെത്തി പെങ്ങളുടെ ഭ്രാന്ത് കലശലാണെന്നും അവളെ അടുത്തുള്ള ഭ്രാന്താസ്പത്രിയിൽ അഡ്മിറ്റ് ചെയ്യാൻ തങ്ങളോട് സഹകരിക്കണമെന്നും അറിയിക്കുന്നു. എന്നാൽ തന്റെ നിലവിലെ ചുറ്റുപാടിന് ക്ഷീണവും മാനക്കേടുമുണ്ടാക്കുമെന്ന് കരുതി മാഷ് അതിൽനിന്നും ഒഴിഞ്ഞുമാറുന്നു. പെങ്ങളുമായി വന്നവർക്കാണ് ഭ്രാന്തെന്നും തിരിച്ചു പറഞ്ഞ കൃഷ്ണൻകുട്ടിക്ക് അവർ കാറിലിരിക്കുന്ന സഹോദരിയെ കാണിച്ചു കൊടുക്കുന്നു. തനിക്കൊന്നും കാണുന്നില്ലല്ലോ എന്ന കൃഷ്ണൻകുട്ടിയുടെ മറുപടിക്ക് സുഹൃത്ത് തിരിച്ച് ചോദിക്കുന്ന ചോദ്യമാണ് ''കൃഷ്ണൻകുട്ടീ, തനിക്കും ഭ്രാന്താണോ?'' എന്ന്.

20. ''അപകർഷതാ ബോധം കൊണ്ട് കൂനിയും ഞൊണ്ടിയുമാണ് ഈയുള്ളവന്റെ നടപ്പ്. അതിനു പുറമേ ഇതു കൂടിയായാൽ.........'' വിവക്ഷിതമെന്ത്?

ഉ. ഭ്രാന്തിയായ പെങ്ങളെ ആസ്പത്രിയിലാക്കാനും ശുശ്രൂഷിക്കാനും അഭ്യസ്തവിദ്യനും അപ്പർമിഡിൽ ക്ലാസ്സുകാർ താമസിക്കുന്ന ക്വാർട്ടേഴ്സിൽ സുന്ദരിയും ഉദ്യോഗസ്ഥയുമായ ഭാര്യയോടും മകളോടുമൊപ്പം കഴിയുന്നവനുമായ കൃഷ്ണൻമാഷ് തയ്യാറാകുന്നില്ല. അതിന് അദ്ദേഹം ഓരോ ന്യായങ്ങൾ നിരത്തുകയാണ്. ഭ്രാന്തിയായ പെങ്ങളെ പരിചരിക്കാൻ നിന്നാൽ പരിഹാസത്തിന്റെ കണ്ണടച്ചില്ലിലൂടെ തന്നെ നോക്കുന്ന പരിചയക്കാരിൽ നിന്ന് താനെങ്ങനെ രക്ഷപ്പെടുമെന്ന് കൃഷ്ണൻ ആലോചിക്കുന്നു. നാട്ടുകാർ പിരിവെടുത്ത് ആസ്പത്രിയിലാക്കിയ ഒരു ഭ്രാന്തിയുടെ സഹോദരനാണ് താനെന്ന് ക്വാർട്ടേഴ്സിൽ നാലുപേർ അറിയുന്നത് അദ്ദേഹത്തിനു വലിയ ക്ഷീണം ചെയ്യും. അല്ലെങ്കിൽ തന്നെ അപകർഷതാ ബോധം കൊണ്ടു കൂനിയും ഞൊണ്ടിയുമാണ് തന്റെ നടപ്പെന്നും ഇനി ആ ചീത്തപ്പേരുകൂടിയായാൽ................ വാക്യം പൂർണ്ണമാക്കാൻ പോലും അയാൾക്ക് സാധിക്കുന്നില്ല എന്നു കാണാം.

21. തന്റെ മകളെ കാണാൻ മുത്തശ്ശി വന്നപ്പോൾ അനുഭവിച്ച അപമാനവും വേദനയും എന്തായിരുന്നു?

അല്ലെങ്കിൽ

22. ''അമ്മ മടങ്ങിയെന്ന് അറിവ് കിട്ടിയപ്പോഴേ അവൾ തിരിച്ച് വന്നുള്ളൂ'' – ആര്? എന്തായിരുന്നു കാരണം?

അല്ലെങ്കിൽ

23. ''ഇത്തരം പ്രശ്നങ്ങൾ പ്രതിസന്ധികളാകുന്നത് എന്റെ കഴിവില്ലായ്മ കൊണ്ടാണെന്നു നിങ്ങൾക്കു തോന്നാം. എന്നാൽ സത്യത്തിൽ ഇതിലൊന്നും കഴിവുകേടിന്റെ പ്രശ്നം അന്തർഭവിച്ചിട്ടില്ല.'' – ഏതു പ്രശ്നത്തെക്കുറിച്ചാണ് ഇവിടെ പരാമർശം?

ഉ. സി. അയ്യപ്പന്റെ 'ഭ്രാന്ത്' എന്ന കഥയിലെ കൃഷ്ണൻമാഷ് തന്റെ സഹോദരിക്ക് ഭ്രാന്ത് കലശലായപ്പോൾ അവളെ ആസ്പത്രിയിലാക്കാനും പരിചരിക്കാനും തയ്യാറാകുന്നില്ല. അതിന് അദ്ദേഹം നിരവധി കാരണങ്ങൾ പറയുന്നു. അവയിൽ പ്രധാനപ്പെട്ടത് തന്റെ മകൾ തന്നെപ്പറ്റി എന്തു പറയും എന്നുള്ളതാണ്. കാഴ്ചയിലും കാഴ്ചയില്ലായ്മയിലും അവൾ അവളുടെ അമ്മയെപ്പോലെയാണ്. ഒരു അസാധാരണ സ്വഭാവക്കാരിയാണ്. കുറെ വർഷം മുമ്പേ തന്റെ പേരമകളെ കാണാൻ കൃഷ്ണന്റെ അമ്മ എത്തുകയുണ്ടായി. കൃഷ്ണന്റെ മാനേജരുടെ ചായക്കടയിൽ നിന്നു നാലഞ്ചു പരിപ്പുവടയും പൊതിഞ്ഞുകെട്ടിയാണ് മകന്റെ മകളെ ഒരു നോക്കു കാണാൻ ആർത്തിയോടെ മുത്തശ്ശി എത്തിയത്. അന്നു മകൾക്ക് ആറു വയസ്സാണ്. മുത്തശ്ശി പലപാടു വിളിച്ചിട്ടും കൃഷ്ണൻ ചീത്ത പറഞ്ഞിട്ടും ഫലമുണ്ടാ

യില്ല; അവൾ മുത്തശ്ശിയെ കാണാൻ കൂട്ടാക്കിയില്ല. അവൾ പുറത്തുള്ള വാതിൽ വലിച്ചടച്ചിട്ട് അടുത്തുള്ള കൂട്ടുകാരിയുടെ ക്വാർട്ടേഴ്സിലേക്ക് തിരിഞ്ഞു നോക്കാതെ ഓടി. അമ്മ മടങ്ങിപ്പോയെന്ന് അറിവ് ലഭിച്ചപ്പോൾ മാത്രമാണ് അവൾ തിരിച്ചെത്തിയത്. കൃഷ്ണൻ അവളെ വഴക്കൊന്നും പറഞ്ഞില്ല ചെറിയ കുട്ടിയല്ലേ? പോരാത്തതിന് കൃഷ്ണന്റെ അഭിപ്രായത്തിൽ തെറ്റ് കുറച്ച് തന്റെ അമ്മയുടെ അടുത്തുണ്ട്. ആദ്യമായിട്ടാണ് കുഞ്ഞ് മുത്തശ്ശിയെ കാണുന്നത് എന്നതു പോട്ടെ; അമ്മയ്ക്ക് കുറച്ചുകൂടി വെളുപ്പും വൃത്തിയുമുള്ള മുണ്ടും ബ്ലൗസും ധരിക്കാമായിരുന്നു. പോരാത്തതിന് അമ്മ കറുത്തിട്ടുമാണ്. മകൾക്കാണെങ്കിൽ കറുത്തവരെ പരിചയവുമില്ല. നഗരത്തിലെ കൂറ്റൻ ജവുളിക്കടകളുടെ മുമ്പിൽ വച്ചിരിക്കുന്ന ഭൂമിയിലെ മാലാഖമാരുടെ നിറവും രൂപവുമുള്ളവരാണ് മകളുടെ കൂട്ടുകാരിലധികവും. അത്തരം പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ കഴിവില്ലായ്മ കൊണ്ട് പ്രതിസന്ധികളാകുന്നുവെന്നു തോന്നാം. എന്നാൽ അതൊന്നും കഴിവുകേടിന്റെ പ്രശ്നമല്ലെന്നുകൃഷ്ണൻമാഷിന് അറിയാം. അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മകൾക്കും പറയത്തക്ക സ്വഭാവദൂഷ്യങ്ങളില്ല. അവർ കൃഷ്ണൻമാഷിന്റെ ബന്ധുജനങ്ങളെ വെറുക്കുന്നതു പോലും ആത്മാർത്ഥമായിട്ടാണ്.

24. സുഭാഷ് ചന്ദ്രന്റെ കഥാസമാഹാരങ്ങൾ ഏതെല്ലാം?

ഉ. ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം, പറുദീസാനഷ്ടം, തല്പം, ബ്ലഡി മേരി, മധ്യേയിങ്ങനെ, കാണുന്ന നേരത്ത്.

25. ആശുപത്രിയിൽ നിന്നിറങ്ങും മുമ്പ് കമല പതിവാക്കിയ രണ്ടു കാര്യങ്ങൾ എന്തെല്ലാം?

ഉ. താൻവരും വരെ അച്ഛന്റെ കാര്യങ്ങൾക്ക് സിസ്റ്റർ ലിസിയെ ചട്ടംകെട്ടുക, ഒരു വശത്തു മാത്രമായി നുണക്കുഴി മിന്നിച്ച് ഡോക്ടർ വള്ളോക്കാരന് ഒരു ചിരി കൊടുക്കുക. – ഇവ രണ്ടുമാണ് കമല ആശുപത്രിയിൽ നിന്നിറങ്ങും മുമ്പ് പതിവാക്കിയിരുന്നത്.

26. ഡോക്ടർ സുനിൽ, ഡോക്ടർ വള്ളോക്കാരനു നൽകിയ മാഗസിനിൽ നിർബന്ധമായും വായിക്കാൻ നിർദ്ദേശിച്ച കാര്യം എന്തായിരുന്നു.

ഉ. ലോസ് ഏഞ്ചൽസിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലെ മെഡിക്കൽ സെന്ററിലെ രണ്ടു യുവ ഡോക്ടർമാർ നടത്തിയ അത്യന്തം പരീക്ഷണാത്മകമായ മസ്തിഷ്ക ശസ്ത്രക്രിയയുടെ ദൃക്സാക്ഷി വിവരണമാണ് അതിൽ ഉണ്ടായിരുന്നത്.

27. കൊറിന അലാമില്ലയുടെ മസ്തിഷ്ക ശസ്ത്രക്രിയയിലെ വെല്ലുവിളി എന്തായിരുന്നു?

ഉ. കൊറിന അലാമില്ല എന്ന കൗമാരക്കാരിക്ക് മസ്തിഷ്കത്തിൽ ട്യൂമർ ആയിരുന്നു. ഇടതുചെവിക്കും ഇടതുനെറ്റിക്കും ഇടയ്ക്കുള്ള ഭാഗത്ത്, അല്പം അകത്തേക്ക് മാറിയിട്ടായിരുന്നു ട്യൂമർ, ബ്രോക്കയുടെ ഇടം എന്ന് ശാസ്ത്രജ്ഞൻമാർ വിളിക്കുന്ന, ഭാഷാസാമർത്ഥ്യത്തിന്റെ പ്രഭവകേന്ദ്രത്തോട് മുട്ടിയിരുന്നുമ്മി അത് ഇരുണ്ടു പിടിച്ചു വളർന്നിരുന്നു. ട്യൂമർ മുറിച്ചു മാറ്റുമ്പോൾ കൊറിനയുടെ ഭാഷയും മുറിഞ്ഞേക്കാം. അതായിരുന്നു പ്രധാന വെല്ലുവിളി. അതിസൂക്ഷ്മമായ കോശങ്ങളിലൂടെ കത്തി നീങ്ങുന്ന അതേ വേളയിൽ കൊറിനയുടെ ഭാഷകൾക്ക് മുറിവേൽക്കുന്നുവോ എന്നറിയാൻ അവളെ ഇംഗ്ലീഷും സ്പാനിഷും സംസാരിക്കേണ്ടിവന്നു.

28. ഡോക്ടർ സുനിൽ കൂടെക്കൂടെ സംഘർഷഭരിതനാകാൻ കാരണം എന്ത്?

ഉ. അമേരിക്കയിലും ഇംഗ്ലണ്ടിലും തന്റെ സുഹൃത്തുക്കൾ അനുഭവിക്കുന്ന സൗഭാഗ്യങ്ങളെപ്പറ്റി ഓർമ്മിച്ചതു കൊണ്ട്.

29. ഡോക്ടർ തോമസ് വള്ളോക്കാരന്റെ പിതൃഭക്തിക്ക് കാരണം എന്ത്?

ഉ. പഠനത്തിൽ ശരാശരിക്കാരനായിരുന്ന തോമസിനെ പണത്തിന്റെ ഒരൊറ്റബലത്തിൽ ഡോക്ടറാക്കി മാറ്റി എടുത്ത ചരിത്രബോധമാണ് ഡോക്ടർ തോമസ് വള്ളോക്കാരന്റെ പിതൃഭക്തിക്ക് കാരണം.

30. ''കുട്ടികൾ മുതിർന്നവരിൽ നിന്ന്–പ്രത്യേകിച്ച് ഡോക്ടറിൽ നിന്ന് അറിവുകേട് പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് വള്ളോക്കാരൻ തമാശ പറഞ്ഞതായിക്കരുതി കമല'' സന്ദർഭമേത്?

ഉ. സുഭാഷ് ചന്ദ്രന്റെ തല്പം കമല എന്ന കൊച്ചു പെൺകുട്ടിയുടെയും തോമസ് വള്ളോക്കാരൻ എന്ന ലമ്പടനായ ഡോക്ടറുടെയും കഥ പറയുന്നു. കമല എന്ന പഴഞ്ചൻ പേര് ആരാണ് കുഞ്ഞിനു നൽകിയതെന്ന ഡോക്റുടെ ചോദ്യത്തിന് അച്ഛന് ഏറ്റവും ഇഷ്ടപ്പെട്ട എഴുത്തുകാരിയുടെ പേരായതിനാൽ

'കമല' എന്ന് തനിക്ക് പേരു നൽകിയെന്ന് അവൾ അറിയിക്കുന്നു. എഴുത്തുകാരിയെ മനസ്സിലാക്കാതെ ''ആര്? കമലാ നെഹ്റുവോ?'' എന്ന മണ്ടൻ ചോദ്യം ഡോക്ടർ ചോദിക്കുന്നു. വിഢ്ഢിപ്പുരികമുയർത്തി ഡോക്ടർ ഉന്നയിക്കുന്ന ചോദ്യം കേട്ട് കഥാകൃത്ത് പ്രതികരിക്കുന്നതാണ് മേൽ പരാമർശിക്കപ്പെട്ട ഭാഷ.

31. ''തുറന്ന വാതിലിന്നുള്ളിൽ നെടുനീളത്തിൽ മൃതമായി കിടക്കുന്ന ഇരുട്ടുകണ്ട് കുഞ്ഞു നെഞ്ചിൽ ഒരു ആന്തലുണ്ടായി.'' വിശദീകരിക്കുക.

ഉ. സുഭാഷ് ചന്ദ്രന്റെ 'തല്പം' എന്ന കഥയുടെ അന്ത്യത്തിൽ കളങ്കമറിയാത്ത കമല എന്ന ബാലികയെ പ്രീണിപ്പിച്ച് ഡോ. വള്ളോക്കാരൻ ലൈംഗിക ആവശ്യത്തിനായി വണ്ടിക്കടുത്തേക്ക് കൊണ്ടു പോകുന്നു. പണം ഒരുക്കുകൂട്ടാനുപയോഗിക്കുന്ന മൺകുടുക്ക അച്ഛന്റെ ആസ്പത്രിച്ചിലവിനു പണം തികയാതെ വന്നാൽ പൊട്ടിക്കേണ്ടിവരും. അപ്പോൾ പൊട്ടിയ മൺകുടുക്കക്കു പകരം പല നിറത്തിലുള്ള പ്ലാസ്റ്റിക് കുടുക്ക സമ്മാനമായി നൽകാം എന്ന് ഡോക്ടർ കമലയോട് ഏറ്റിരുന്നു. വണ്ടിയുടെ ഡ്രൈവർ അത് വാങ്ങി വണ്ടിക്കകത്ത് വെച്ചിരിക്കുന്നു എന്നും അതെടുക്കാൻ തന്റെ കൂടെ വരണമെന്നും ഡോക്ടർ അവളെ ക്ഷണിക്കുന്നു. കമലയെ തന്ത്രപൂർവം പിറകിലുള്ള ഇരുട്ടിൽ നിർത്തിയിട്ടിരിക്കുന്ന ആംബുലൻസിലേക്ക് കൊണ്ടു പോകുന്നു. വാഹനത്തിന്റെ പിന്നിലെ ചതുരവാതിൽ തുറക്കും മുമ്പ് അതിൽ ചുവന്ന ഇംഗ്ലീഷിൽ എഴുതിവച്ചിരുന്ന അക്ഷരങ്ങൾ (AMBULANCE) കമല രാത്രിയുടെ നരച്ച വെളിച്ചത്തിൽ വായിക്കുന്നു. അവൾ ഭയന്നു പിൻമാറുന്നു. തുറന്ന വാതിലിനുള്ളിൽ നെടുനീളത്തിൽ മൃതമായി കിടക്കുന്ന ഇരുട്ട് കണ്ട് കുഞ്ഞു നെഞ്ചിൽ ഒരാന്തലുണ്ടാകുന്നു.

32. 'തല്പം' എന്ന കഥയിൽ കൊറീന അലമില്ലോക്കും കമലക്കും തമ്മിലുള്ള സാമ്യം എന്ത്?

ഉ. ആസുരമോ അപായകരമോ ആയ വ്യവസ്ഥിതിയിൽ ഭാഷയിൽ നിന്നു മാനുഷിക ഭാവങ്ങൾ നിന്നുപോകുകയോ അശേഷം തുടച്ചു നീക്കപ്പെടുകയോ ചെയ്യുന്നു. കൊറീനയ്ക്കും കമലയ്ക്കും സ്വന്തം അനുഭവങ്ങൾ പ്രകാശിപ്പിക്കാനുള്ള ഭാഷ നഷ്ടപ്പെടുന്നു. ഇത് അവരുടെ സ്വത്വനഷ്ടം തന്നെയായി നമുക്ക് മനസ്സിലാക്കിയെടുക്കാനാവും.

33. പ്രിയ. എ.എസിന്റെ പ്രധാന കഥാസമാഹാരങ്ങൾ?

ഉ. ഓരോരോ തിരിവുകൾ, മഞ്ഞമരങ്ങൾ ചുറ്റിലും, പ്രിയ.എ.എസ്സിന്റെ കഥകൾ

34. പല്ലികളുടെയും മനുഷ്യരുടെയും ലോകം വ്യത്യസ്തമാണ് എന്ന് മറിയാമ്മ തുണ്ടത്തിൽ കരുതാൻ കാരണമെന്ത്?

ഉ. പല്ലികളും മനുഷ്യരും തമ്മിൽ വളരെ അധികം വ്യത്യാസമുണ്ടെന്ന് മറിയാമ്മയ്ക്ക് അറിയാം. പെൺപല്ലികൾ മനുഷ്യപ്പെണ്ണുങ്ങളെപോലെ മത്സരപരീക്ഷകൾക്കു വേണ്ടി മാത്രം സ്പോർട്സും രാഷ്ട്രീയവും ചരിത്രവും അറിയുന്നവരല്ല. പെണ്ണു പറഞ്ഞതു കേട്ടു പോയാൽ ആൺപല്ലി പെങ്കോന്തനാവുകയോ പെൺപല്ലി ഫെമിനിസ്റ്റാവുകയോ ചെയ്യുന്ന രീതി പല്ലിവർഗ്ഗത്തിൽ ഇല്ല. ഒരു ഇണയെ കണ്ടെത്തലിനെ കല്യാണം എന്നു പറഞ്ഞു ഉദാത്തവത്കരിക്കലോ ഇണ കാണാതുപോയാൽ ഇനി താനും അയാൾ തന്ന ജീവിതത്തിന്റെ ഓർമ്മകളും എന്നു വിങ്ങിപ്പൊട്ടി അഭിനയിച്ച് ഓസ്കർ വാങ്ങലും ഒന്നും പല്ലിലോകത്തിലില്ല. പല്ലികൾക്ക് ജീവിതം അടക്കിവെയ്ക്കലല്ല; സ്വതന്ത്രസുന്ദരമായ ഭാവപ്രകടനമാണ്.

35. 'മേരികൃപ'യിലെ നാൻസിയുടെ മരണത്തിന് മാധവിക്കുട്ടിയുടെ 'നെയ്പ്പായസ'വുമായി ഒരു ഏകദേശ സാമ്യം ഉണ്ടെന്നു കഥാകാരി നിരീക്ഷിക്കാൻ കാരണമെന്ത്?

ഉ. അടുക്കളപ്പണിയിൽ വ്യാപൃതനായിരിക്കെ, കുട്ടികൾക്ക് നെയ്പ്പായസമുണ്ടാക്കി വച്ച് തളർന്നു വീണ് മരിക്കുകയാണ് നെയ്പായസത്തിലെ വീട്ടമ്മ. 'മേരികൃപ'യിലെ നാൻസിയാകട്ടെ ഭർത്താവിന് കഴിക്കാനായി രസഗുളയുണ്ടാക്കി ഫ്രിഡ്ജിൽ സൂക്ഷിച്ചുവെച്ചിരുന്നു. നാൻസിയുടെ ശവമടക്ക് കഴിഞ്ഞ് ക്ഷീണിച്ചും സങ്കടപ്പെട്ടും വിവശനായി വന്ന് വെള്ളമെടുക്കുന്നതിന് വേണ്ടി ഫ്രിഡ്ജ് തുറന്നപ്പോൾ

ജോസഫ് രസഗുളക്കുപ്പി കാണുകയും കുറച്ചെണ്ണം കഴിക്കുകയും ചെയ്യുന്നു.

''മറിയാമ്മയെ ഏകാന്തതയിലേക്ക് നയിച്ച സംഭവവികാസങ്ങൾ'' എന്തെല്ലാം?

ഉ. മറിയാമ്മയുടെ ഇണയായ ആൺപല്ലി നഷ്ടപ്പെട്ടതിനാൽ അവൾ ഏകാകിയായിത്തീരുന്നു. അതോടെ നാൻസിയുടെ മരണത്താൽ ലഭിച്ച സ്വാതന്ത്ര്യത്തിന്റെ അമ്പതാം സുവർണദിനാഘോഷം മുടങ്ങുകയും ചെയ്തു.

37. സുരബാല ജോസഫിന്റെ വീട് അടിച്ചു വൃത്തിയാക്കാൻ തീരുമാനിച്ചത് എന്തുകൊണ്ട്?

ഉ. ക്രിക്കറ്റ് ഭ്രാന്തിയായ സുരബാല കളിയുള്ള ദിവസം ജോസഫുമൊത്ത് 'മേരികൃപ'യിൽ ഒത്തുകൂടുന്നു. ക്രിക്കറ്റ് ലഹരിയും സുരതലഹരിയും ഒന്നിച്ച് പതഞ്ഞുയരുന്ന ഒരു മുഹൂർത്തത്തിൽ കളിയുടെ ആവേശത്തിൽ മുഴുകിയിരുന്ന മറിയാമ്മ ഉത്തരത്തിൽ നിന്ന് പിടിതെറ്റി ജോസഫിന്റെയും സുരബാലയുടെയും ചുലിനിടയിലുള്ള ഭ്രാന്തിലേക്ക് വീണു. അപ്പോൾ സുരബാല അറപ്പും വെറുപ്പും പ്രകടിപ്പിക്കുന്ന ഒരു ശബ്ദമുണ്ടാക്കി കിടക്കയിൽ നിന്ന് എഴുന്നേറ്റു. ജോസഫിനോട് പല്ലിയെ തല്ലിക്കൊല്ലാൻ സുരബാല പറഞ്ഞെങ്കിലും അയാൾ അത് ഗൗനിക്കുന്നില്ല. ആ തക്കത്തിന് വാൽ മുറിച്ചിട്ട് രണ്ടാളുടെയും ശ്രദ്ധ തിരിച്ച് മറിയാമ്മപല്ലി മേശവിരിക്കടിയിൽ പോയി ഒളിച്ചു. തന്റെ വെള്ളപ്പട്ടുടുപ്പിൽ പുരണ്ട പല്ലിക്കാഷ്ടം കണ്ട് സുരബാലക്ക് ഓക്കാനം തോന്നി. പല്ലിയെ വെറുതേ വിട്ടതിന് ജോസഫിനെ അവൾ കുറ്റപ്പെടുത്തിക്കൊണ്ട് അവൾ വീട് അടിച്ചു വാരിത്തുടക്കാൻ തീരുമാനിക്കുന്നു.

**300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.**

1. ഉത്തരാധുനികത എന്നാലെന്ത്? മലയാള ചെറുകഥാ പ്രസ്ഥാനത്തിൽ ഉത്തരാധുനികതയുടെ സാന്നിധ്യം അടയാളപ്പെടുത്തുക.
2. പുതിയകാല ചെറുകഥകളുടെ പ്രധാന സവിശേഷതകൾ വിലയിരുത്തുക.
3. വി.പി. ശിവകുമാറിന്റെ 'അമ്മ വന്നു' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.
4. സി. അയ്യപ്പന്റെ 'ഭ്രാന്ത്' എന്ന കഥയിലെ കൃഷ്ണൻ മാഷ് എന്ന കഥാപാത്രത്തെപറ്റി നിരൂപണം എഴുതുക.
5. ദലിത് കഥകളുടെ പൊതുസ്വഭാവം എന്തെല്ലാം എന്ന് ചർച്ചചെയ്യുക.
6. സി. അയ്യപ്പന്റെ 'ഭ്രാന്ത്' എന്ന കഥ ദലിത് സാഹിത്യ മാതൃകയിൽ രചിക്കപ്പെട്ടതാണോ? പരിശോധിക്കുക.
7. സുഭാഷ് ചന്ദ്രന്റെ കഥാരചനാവൈഭവത്തെ 'തല്പം' മുൻനിർത്തി അവതരിപ്പിക്കുക.
8. 'തല്പ'മെന്ന കഥയിൽ പെണ്ണിന്റെ വിനിമയനഷ്ടത്തിന്റേതല്ല. സ്വത്വനഷ്ടത്തിന്റെയും കൂടി കഥയാണ്. –വിശദീകരിക്കുക.
9. രതിയുടെ തല്പം തന്നെ മൃതിയുടെ തല്പമാവുകയാണ്. 'തല്പ'മെന്ന കഥയിൽ. വിശദീകരിക്കുക.
10. സ്വപ്നങ്ങളും ഭാഷയും മുടിയുന്ന രതിതല്പം ശവമഞ്ചത്തിൽ നിന്നു ഭിന്നമല്ലാതാകുന്നു. എന്ന വസ്തുത 'തല്പം' മുന്നോട്ടുവയ്ക്കുന്നതെങ്ങനെ?
11. പ്രിയ എ.എസ്സിന്റെ ആഖ്യാനത്തിന്റെ സവിശേഷതകൾ പാഠഭാഗത്തെ മുൻ നിർത്തി ചർച്ച ചെയ്യുക.
12. 'അതാ നോക്കൂ, ഒരു പല്ലി' എന്ന പ്രിയയുടെ കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.
13. 'മേരീകൃപ'യിൽ മറിയാമ്മതുണ്ടത്തിലിന്റെ ജീവിതം എങ്ങനെ എന്ന് വിവരിക്കുക.

----------